www.malankaralibrary.com

# സഫലം ഈ ജീവിതം

## ബാർ ഈത്തോ കാശീറോ
## ഉത്സാഹിയായ സഭാസുതൻ



ഇരുമേട ജോർജ്ജ് സാർ

www.malankaralibrary.com



മലങ്കര കത്തോലിക്കാ സഭാ സുന്നഹദോസിന്റെ ബാർ ഈത്തോ കാസിസാ
എന്ന ബഹുമതി വി. ജോർജ്ജ് ഇരുമേടയ്ക്ക് സമ്മാനിക്കുന്നു.



അനുമോദനസമ്മേളന വേദിയിൽ നിന്ന്

www.malankaralibrary.com

# സഫലം ഈ ജീവിതം



ബാർ ഈത്തോ കശീശോ

റിട്ട. എച്ച്.എം വി. ജോർജ്ജ് ഇരുമേട

(1926-2015)

(ഇരുമേട ജോർജ്ജ് സാർ)

ചെങ്ങരൂർ, മല്ലപ്പള്ളി

www.malankaralibrary.com

# സമർപ്പണം

നാട്ടുകാരുടെ ആരാധ്യനായ ഗുരുശ്രേഷ്ഠനായി, ആത്മീയജീവിതത്തിന്റെയും പ്രാർത്ഥനാ ജീവിതത്തിന്റെയും വിനയാന്വിതനായ ആൾരൂപമായി, കണ്ടുമുട്ടുന്ന ആയിരങ്ങൾക്ക് അത്താണിയും, ആശ്വാസദായകനുമായി, ഏവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നുറുങ്ങുവെട്ടം പകർന്നു കൊടുക്കുന്നവനായി, കുടുംബത്തിന്റെ കെടാവിളക്കും മാർഗ്ഗദർശിയുമായി, സ്നേഹം നിറഞ്ഞ സഹോദരനും പിതാവുമായി, ശിഷ്യഗണത്തിന്റെ ആരാധനാപാത്രമായി, 59 വർഷക്കാലം ജീവിച്ചശേഷം എല്ലാവരെയും ദുഃഖത്തിലാക്കി കടന്നുപോയ ഞങ്ങളുടെ ജോർജ്ജ് സാറിന്റെ തൃപ്പാദത്തിൽ ഈ സ്മരണാഞ്ജലി ഞങ്ങൾ ആദരപൂർവ്വം സമർപ്പിക്കുന്നു...

www.malankaralibrary.com

# അനുസ്മരിക്കുന്നവർ

**സഭയുടെ ഉത്സാഹിയായ പുത്രൻ** -
അഭിവന്ദ്യ ബസേലിയോസ് കർദ്ദിനൾ ക്ലീമിസ് കാതോലിക്കാ ബാവാ ഭവനത്തിൽവച്ചു നടത്തിയ അനുശോചന പ്രസംഗം 7

അതിരൂപതാദ്ധ്യക്ഷൻ **മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത** തിരുമേനി ചെങ്ങരൂർ ദൈവാലയത്തിൽ സംസ്കാര ശുശ്രൂഷ മദ്ധ്യേ നല്കിയ സന്ദേശം. 13

സംസ്കാര തലേന്നാൾ മൃതശരീരം പൊതുദർശനത്തിന് ഭവനത്തിൽ വച്ചപ്പോൾ സന്ധ്യാപ്രാർത്ഥന മദ്ധ്യേ മാവേലിക്കര ഭദ്രാസനാധിപൻ **അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്** തിരുമേനി നടത്തിയ ഹൃദയസ്പർശിയായ അനുശോചന പ്രസംഗം 23

**ആദരണീയനായ, എന്റെ ഏറ്റം പ്രിയപ്പെട്ട ഗുരുശ്രേഷ്ഠൻ**
അഭിവന്ദ്യ ഡോ. ഏബ്രാഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത (മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ) 29

**ഒരു തലമുറയുടെ മാർഗ്ഗദീപം**-ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ (മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനാധിപൻ) 37

**പകരക്കാരനില്ലാത്ത അമരക്കാരൻ** - ഡോ. സക്കറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ
(ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനാധിപൻ) 41

**ബഹു. ജോർജ്ജ് ഇരുമേട സാർ തലമുറകൾക്ക് ഉത്തമ മാതൃകയും നിത്യപ്രകാശവും** - അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത
(തിരുവല്ല അതിരൂപതാ സഹായ മെത്രാൻ) 45

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ആദരണീയനായ ഇരുമേട ജോർജ്ജ് സാർ
**'ബാർ ഈത്തോ കാശിറോ സഭയുടെ ഉത്സാഹപുത്രൻ; വിശാല സമൂഹത്തിന്റെയും'** (വന്ദ്യ ചെറിയാൻ വറുഗീസ് രാമനാലിൽ കോറെപ്പിസ്കോപ്പാ) 49

**"ദൈവം അയച്ച ഒരു മനുഷ്യൻ"** വന്ദ്യ തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ 53

സംസ്കാരത്തിന്റെ തലേന്നാൾ ഒന്നാം ശുശ്രൂഷയ്ക്ക് ശേഷം ഭവനത്തിൽ വച്ച് ബഹു. വികാരി **റവ. ഡോ. കുറിയാക്കോസ് തടത്തിൽ** നടത്തിയ പ്രസംഗം 59

**"ജോർജ് സാർ ഓർമ്മയായി"** ഫാ. ചെറിയാൻ താഴമൺ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ദീപിക) 67

ഇരുമേട ജോർജ്ജ് സാർ - **ഒരു യഥാർത്ഥ സഭൈക്യ പ്രവാചകൻ** റവ. ഡോ. ഏബ്രഹാം മുളമൂട്ടിൽ 73

**സ്നേഹ സമ്പന്നനായ - ഇരുമേട ജോർജ്ജ് സാർ എന്റെ ഗുരുസ്ഥാനീയൻ**
റവ. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി 77

**ആദരണീയനായ ബഹുമാനപ്പെട്ട ഇരുമേട ജോർജ്ജ് സാർ-** ഷെവലിയാർ വർഗീസ് കരിപ്പായിൽ 81

**മരിക്കാത്ത ഓർമ്മകളുമായി-** സി. ഡോ. മേരി ലിറ്റി (ദൈവപരിപാലന ഭവനം കുന്നന്താനം) 83

www.malankaralibrary.com

**ഇരുമേട ജോർജ്ജ് സാർ – ബാറീത്തോ കാശീറോ** 89
സിസ്റ്റർ സെറീന എസ്.ഐ.സി

**Mr. George Erumeda - A zealous Lay Missionary**
**Sr Genevive / Sr Theresa Delorry** 93
Chilubula Mission Kasama Zambia

**ജോർജ്ജ് ഇരുമേട സാർ –നാടിന്റെ പ്രിയ പുത്രൻ** 95
ടി.എസ്സ്. ജോൺ (മുൻ മന്ത്രിയും, M.L.A യും)

**വി. ജോർജ്ജ് ഇരുമേട സാർ – എന്റെ ഗുരു** 97
ജോസഫ് എം. പുതുശ്ശേരി (Ex. M.L.A)

**വി. ജോർജ്ജ് ഇരുമേട–ഉന്നതനായ ഗുരുശ്രേഷ്ഠൻ** 101
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം ചെങ്ങരൂർ

**കർത്തവ്യത്തെ സ്നേഹിച്ച പ്രഥമാദ്ധ്യാപകൻ** 103
സാജൻ പി. വർക്കി
(ഹെഡ്മാസ്റ്റർ എം.ജി.ഡിഎച്ച്.എസ് പുതുശ്ശേരി)

**ഇരുമേട സർ വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിന്റെ മുന്നണിപോരാളി**- ആനി കുരുവിള, H.M സെന്റ് പോൾസ് ഹൈസ്കൂൾ, വാഴൂർ 105

**ഇരുമേട ജോർജ്ജ് സാർ– തലമുറകളുടെ മാതൃക** 109
എജി പാറപ്പാട്ട്

**ഇരുമേട ജോർജ്ജ് സാർ –**
**നല്ല ഗുരുവും അയൽക്കാരനും** 113
മാത്യു ചാമത്തിൽ (ചെങ്ങരൂർ)

**നന്ദിയുടെ ഒരു വാക്ക്** .......... 115

www.malankaralibrary.com

*Printed and Published by*
***Fr. John Erumeda***
*(For private circulation only)*

www.malankaralibrary.com

# സഭയുടെ ഉത്സാഹിയായ പുത്രൻ



## അഭിവന്ദ്യ ബസേലിയോസ് കർദ്ദിനൾ ക്ലീമിസ് കാതോലിക്കാ ബാവാ ഭവനത്തിൽവച്ചു നടത്തിയ അനുശോചന പ്രസംഗം

ദൈവതിരുമാനത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ.

നമ്മുടെ അതിരൂപതയുടെ ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ് തിരുമേനി, മാർ സ്തേഫാനോസ് തിരുമേനി, വന്ദ്യ കോർ എപ്പിസ്കോപ്പാമാരേ, ബഹു. വൈദീകരേ, ബഹു. സിസ്റ്റേഴ്സ്, സഹോദരി സഹോദരന്മാരേ,

നമുക്കെല്ലാവർക്കും സ്നേഹവും വാത്സല്യവും ആദരവും എപ്പോഴും സ്നേനിർഭയമായ ഒരു ബന്ധവും നൽകിയ നമ്മുടെ ഗുരു സ്ഥാനീയനായ ഇരുമേട ജോർജ് സാർ കത്താവിന്റെ സന്നിധിയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ ഭവനത്തിൽ വച്ചുള്ള സഭയുടെ ആരാധന, നമ്മുടെ പ്രാർത്ഥന, നിവർത്തിച്ച് ഈ മൃതശരീരം ദേവാലയത്തിലേക്ക് സംവഹിക്കപ്പെടുകയാണ്. അനേകമനേകം ആളുകൾക്ക് ദൈവബോധം നൽകുകയും സൽമാതൃക വഴിയായി അനേകരെ ദൈവസന്നിധിയിലേക്ക് ആനയിക്കുകയും എല്ലാവരോടുമുള്ള ബന്ധം നിലനിർത്തി നമ്മുടെ പൊതുസമൂഹത്തിന്റെ കാവൽക്കാരനായി പ്രവർത്തിക്കുകയും ചെയ്ത അതുല്യമായ ജീവിതക്രമം

www.malankaralibrary.com

ഇപ്പോൾ ദൈവികക്രമത്തോടു ചേർക്കപ്പെടുകയാണ്. ദൈവം ഈ പിതാവിൽ ആരംഭിച്ച ജീവിതത്തിന്റെ ക്രമം രക്ഷിക്കുന്ന പദ്ധതിയിൽ അവിടുത്തെ തിരുക്കർമ്മത്തിൽ ചേർത്ത് നിത്യതയിലേക്ക് അവിടുന്നു നീട്ടുകയാണ്. ആദരണീയനായ ജോർജ് സാർ എല്ലാ അർത്ഥത്തിലും ഗുരുസ്ഥാനീയനായി നമുക്ക് എല്ലാവർക്കും മുമ്പേ നടന്നു, നമ്മോടൊപ്പം നടന്നു, നമ്മെ കൂട്ടിചേർത്തു നടന്നു. അദ്ദേഹം തിരുസഭയിലും പൊതുസമൂഹത്തിലും നൽകിയിട്ടുള്ള ശുശ്രൂഷകളെക്കുറിച്ച് ഇങ്ങനെ ഓർമ്മപ്പെടുത്താമല്ലോ; മുമ്പനായും നമ്മോടും ചേർന്നും നമ്മെ കൂട്ടിച്ചേർത്തും അദ്ദേഹം നടന്നു. തീർത്ഥയാത്രയായും ഒരുമിച്ചുള്ള സഹകാരിയായും. വന്ദ്യനായ ഇരുമേട ജോർജ് സാറിന്റെ ജീവിതം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനത്തോടും അനുഗ്രഹത്തോടും കൂടി ഓർക്കുന്നതിന് സാധിക്കുന്ന ഒരു ജീവിതമാണ്. വിശ്വാസത്തിന്റെ ജീവിതക്രമം അദ്ദേഹം എപ്പോഴും സുതാര്യമായും നിർമ്മലമായും കാത്തുസൂക്ഷിച്ചു. ഏതു സന്ദർഭത്തിലും അദ്ദേഹം ദൈവത്തെ മുൻനിർത്തിയുള്ള ജീവിതത്തിന്റെ സാക്ഷിയായി നില കൊണ്ടു. കുടുംബത്തിലും കുടുംബബന്ധത്തിലും ഒപ്പം സഭയുടെയും പൊതുസമൂഹത്തിന്റെയും കാര്യനിർവഹണ ശുശ്രൂഷയിലും അദ്ദേഹം അരുണമായ ആ സത്യം കാത്തുസൂക്ഷിച്ചു, ദിശാബോധത്തിൽ മുമ്പോട്ടു നടന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ നിർമ്മലതയും സുതാര്യതയും സഭയോടുള്ള ആത്മബന്ധവും എല്ലാം തിരിച്ചറിഞ്ഞ് സഭ ഒന്നായി, സഭയുടെ 'ഉത്സാഹിയായ പുത്രൻ' എന്ന് അദ്ദേഹത്തിനു നൽകിയ അർത്ഥവത്തായ വിശേഷണവും പദവിയും, അതിനു സർവാത്മനാ അദ്ദേഹം അർഹനായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയമായ ജീവിതക്രമമാണ് അദ്ദേഹത്തെ സർവ്വസമ്മതനായും സർവ്വാദരണീയനായും രൂപപ്പെടുത്തിയതെന്ന് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാകുന്നു. അദ്ദേഹം അനേകമനേകം മൈലുകൾ തീർത്ഥയാത്ര നടത്തി, പദയാത്ര നടത്തി. ഒരു കാലത്ത് ഇവിടെനിന്നും കോട്ടാർ വരെ പദയാത്രയും തീർത്ഥയാത്രയും നടത്തിയ അപൂർവമായ വിശ്വാസസമൂഹത്തിന്റെ പ്രതിനിധികളിൽ വിശേഷപ്പെട്ട ഒരാളാണ് വന്ദ്യ ജോർജ് സാർ. ക്രിസ്തീയ കൂട്ടായ്മയെക്കുറിച്ച് അദ്ദേഹത്തിന്റെ ഉള്ളിൽ എരിയുന്ന ഒരു അഗ്നി അദ്ദേഹം എന്നും സൂക്ഷിച്ചു. എന്നെ കാണുമ്പോൾ അദ്ദേഹം എപ്പോഴും ഓർമ്മപ്പെടുത്തിയിരുന്ന ഒരു കാര്യം; ഈയവസരത്തിൽ പറയുവാൻ ആഗ്രഹിക്കുന്നു. സഭയിലെ ഒരോ ശുശ്രൂഷകളി

www.malankaralibrary.com

ലേക്ക് ഞാൻ പുതുതായി പ്രവേശിക്കുമ്പോഴും എന്റെ കരം പിടിച്ച് എന്നോടു പറഞ്ഞിരുന്ന കാര്യം; "മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകമുള്ള സഭകളെല്ലാം ഒരുമിച്ച് കർത്താവിനെ ആരാധിക്കുന്നതിന്, ഒരുമിച്ച് ദൈവമഹത്വത്തിനായി നമ്മുടെ ഭാരതത്തിൽ പ്രവർത്തിക്കുന്നതിന് തിരുമേനി ആവുന്നതെല്ലാം ചെയ്യണം". എന്റെ പുതിയ ഓരോ ശുശ്രൂഷയിലും നിയോഗത്തിലും അദ്ദേഹം ഇത് എപ്പോഴും ആവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും ഇക്കാര്യം കൈകൾ ചേർത്തുവച്ച് പറഞ്ഞ് അവസാനിപ്പിക്കുക മാത്രമായിരുന്നു. സഭകളുടെ കൂട്ടായ്മയെക്കുറിച്ച് ഈ ഉത്സാഹിയായ പുത്രന് വലിയ കരുതൽ ഉണ്ടായിരുന്നു, പ്രാർത്ഥന ഉണ്ടായിരുന്നു. അതു സഭയുടെ നാമത്തിൽ ഏറ്റം കൃതജ്ഞതയോടെ എല്ലാ സഭകൾക്കുംവേണ്ടി ഈയവസരത്തിൽ ഞാൻ ഓർക്കുകയാണ്. അതോടൊപ്പംതന്നെ ശുശ്രൂഷകളിലുള്ള അദ്ദേഹത്തിന്റെ താല്പര്യം, ആരോഗ്യം അനുവദിച്ചാലും ഇല്ലെങ്കിലും അദ്ദേഹത്തെക്കൊണ്ട് സാധിക്കുമായിരുന്ന എല്ലാ ഇടങ്ങളിലും ജോർജ് സാർ എത്തുകയും പ്രാർത്ഥിക്കുകയും ശുശ്രൂഷകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം സഭയ്ക്ക് നൽകിയിട്ടുള്ള, സഭയുടെ ശുശ്രൂഷകരായ അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും സന്യസ്തർക്കുമെല്ലാം നൽകിയിട്ടുള്ള കരുതൽ, ആത്മബന്ധം അത് എപ്പോഴും ബലപ്പെടുത്തുന്ന ഒരു അനുഭവമായിരുന്നു.

തിരുവല്ലാ അതിരൂപതയെ സംബന്ധിച്ച് സഭയുടെ നാനാവിധമായ ശുശ്രൂഷകളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷകൾ വഴിയായി അതിരൂപതയ്ക്ക് വലിയ ശക്തിയും ബലവും ഏറ്റുവാങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്. ദൈവാലയത്തിൽവച്ച് അഭിവന്ദ്യ ആർച്ച്ബിഷപ് തിരുമേനി അതേക്കുറിച്ച് സംസാരിക്കുമെന്ന് എനിക്ക് ബോധ്യമുണ്ട്. സഭയുടെ പൗരോഹിത്യ ശുശ്രൂഷകളിലേക്കും സന്യാസ ജീവിതത്തിലേക്കും കരുതലും പിൻബലവും നൽകിയിട്ടുള്ള ജോർജ് സാർ വൈദിക വിളിയിലേക്കും സന്യസ്ത ജീവിതക്രമത്തിലേക്കും അനേകരെ ആകർഷിക്കുന്നതിന് മുഖാന്തിരമായിട്ടുണ്ട്. അദ്ദേഹത്തിന്റെ വലിയ ആത്മസമർപ്പണം, എത്രയോ സന്യാസികൾക്കും സന്യാസിനികൾക്കും വൈദികർക്കും പിതാക്കന്മാർക്കും എല്ലാം വലിയ പ്രചോദനമായും ക്രിസ്തീയ ജീവിതത്തിന്റെ ഔത്സുക്യമേറിയ അനുഭവത്തിലേക്ക് പ്രവേശിക്കുന്നതിനുമെല്ലാം കാരണമായിട്ടുണ്ട്. ഇരുമേട

www.malankaralibrary.com

കുടുംബം സഭയെ സംബന്ധിച്ച് വളരെയേറെ ആത്മബന്ധമുള്ള കുടുംബമാണ്. ഈ കുടുംബത്തിലെ പിതാക്കന്മാരും മാതാക്കളും സഹോദരങ്ങളും കൊച്ചുമക്കളുമെല്ലാം സഭയുടെ ആത്മബന്ധത്തിൽ ആയിരിക്കുന്നു, സഭയുടെ വലിയ ബന്ധത്തെ തൊട്ടറിഞ്ഞിട്ടുള്ള മക്കളാകുന്നു. ഈ കുടുംബത്തിലെ എല്ലാ പ്രിയപ്പെട്ടവരോടും സഭയുടെ പ്രത്യേകമായ ആദരവും പ്രാർത്ഥനയും ഞാൻ അറിയിക്കട്ടെ. വന്ദ്യനായ ജോൺ ഇരുമേട അച്ചൻ, ഈ കുടുംബത്തിലെ വൈദികൻ, തിരുസഭയിൽ ഏറ്റം സ്നേഹത്തോടും സമർപ്പണത്തോടുകൂടി ശുശ്രൂഷ ചെയ്യുന്നു. കുടുംബപരമായി വൈദിക സമൂഹത്തെയും സഭാ ശുശ്രൂഷകരെയും എല്ലാം ചേർത്തു നിർത്തുവാനും വന്ദ്യനായ ജോൺ അച്ചന്റെ ശുശ്രൂഷ എപ്പോഴും മുഖാന്തിരമാണ്. അതുപോലെതന്നെ ബഥനി സന്യാസിനി സമൂഹത്തിന്റെ ശുശ്രൂഷയിൽ പ്രഥമസ്ഥാനിയായും ശുശ്രൂഷകളിൽ പ്രത്യേകമായും സഹകാരിയായും പ്രവർത്തിക്കുന്നതിന് ഈ കുടുംബത്തിലെ മക്കൾ ബഹു. മദർ അനൻസിയേറ്റായും ബഹു. സിസ്റ്റർ ഇഗ്നേഷ്യസും ശ്രമിച്ചിട്ടുണ്ട്. ബഥനി സന്യാസിനി സമൂഹത്തിലൂടെ സഭയ്ക്ക് വലിയ നേതൃത്വം നൽകുവാൻ അവർക്കു സാധിച്ചിട്ടുണ്ട്. ഈ കുടുംബത്തിലെ മക്കൾ എവിടെയായിരുന്നാലും വിദേശത്തും സ്വദേശത്തുമെല്ലാം സഭയുടെ വലിയ ശുശ്രൂഷകരായി ആത്മബന്ധമുള്ളവരായി പ്രവർത്തിക്കുന്നു എന്നുള്ളത് ഞാൻ കൃതജ്ഞതയോടെ ഓർക്കുകയാണ്. ജോർജ് സാർ നമ്മിൽ നിന്ന് ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് നിത്യസമ്മാനം വാങ്ങാൻ പോയിരിക്കുന്നു എന്നുള്ളത് നമുക്കേവർക്കും ബോധ്യപ്പെട്ടിരിക്കുന്ന കാര്യമാണ്. അദ്ദേഹത്തിന്റെ ജീവിതക്രമങ്ങൾ പരിശോധിച്ചാൽ നമുക്ക് അതേക്കുറിച്ച് സംശയിക്കേണ്ടതില്ലല്ലോ. അദ്ദേഹം നയിച്ച ക്രിസ്തീയ ജീവിതം സുതാര്യവും നിർമ്മലവുമായ ക്രിസ്ത്രീയ ജീവിതംതന്നെയായിരുന്നു. അത് അദ്ദേഹത്തെ പിതാവിന്റെ ഭവനത്തിലെ ഇരിപ്പിടം വരെ എത്തിച്ചിരിക്കുന്നു. അവിടെ ഇരുന്നുകൊണ്ട് നമുക്കുവേണ്ടി അദ്ദേഹം മാധ്യസ്ഥം വഹിക്കട്ടെ.

കർത്താവിനാൽ സ്നേഹിക്കപ്പെടുന്നവരെ, ഇത്രയും ബഹുലമായ ഒരു ജീവിതം സഭാപരമായി നിറവുള്ള ഒരു ജീവിതം പൊതുസമൂഹത്തോട് ഇഴുകി ചേർന്ന സമൂഹത്തിനു മാർഗദീപം ആയിരുന്ന ജീവിതം നമുക്ക് മാതൃകയാകട്ടെ, പ്രചോദനമായിരിക്കട്ടെ. ഈ കുടുംബത്തോടും ദു:ഖാർത്തരായിരിക്കുന്ന ബന്ധുമിത്രാദികളോടും കർത്താവിന്റെ

www.malankaralibrary.com

നാമത്തെ മുൻനിർത്തി അവിടുത്തെ തിരുശരീരം ഭക്ഷിക്കുകയും തിരുരക്തം പാനം ചെയ്യുകയും ചെയ്തവർ അവനോടൊപ്പം വസിക്കുന്നു, അവനിൽ വസിക്കുന്നു എന്ന സത്യത്തെ അനുസ്മരിപ്പിച്ചുകൊണ്ട് കരുണയുള്ള ദൈവം ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാമത്തിലുള്ള പ്രാർത്ഥനയും, അനുശോചനവും ഈ നിമിഷങ്ങളിൽ കുടുംബത്തോടുള്ള സഭയുടെ ഊഷ്മളബന്ധവും ഞാൻ അറിയിക്കുന്നു. ഈ ശുശ്രൂഷയിൽ സംബന്ധിക്കുന്ന നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ഒരുനാൾ നാം ഇതുപോലെ മറ്റുള്ളവരുടെ പ്രാർത്ഥനയുടെ അകമ്പടിയോടെ എടുക്കപ്പെടുന്നവർ ആകയാൽ അന്നു കൂട്ടിച്ചേർക്കപ്പെടുന്നവരായി തീരുവാൻ നമുക്ക് ജീവന്റെ വഴിയെ സഞ്ചരിക്കാം. എല്ലാവരെയും കരുണയുള്ള ദൈവം ധാരാളം അനുഗ്രഹം നൽകി സ്ഥിരീകരിക്കുമാറാകട്ടെ.

www.malankaralibrary.com





അഭിവന്ദ്യ  കർദ്ദിനാൾ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവായോടൊപ്പം

www.malankaralibrary.com

## അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത തിരുമേനി ചെങ്ങരൂർ ദൈവാലയത്തിൽ സംസ്ക്കാര ശുശ്രൂഷ മദ്ധ്യേ നല്കിയ സന്ദേശം.



അനുഗൃഹീതനായ ഒരു സഭാതനയന് അന്ത്യയാത്രാമൊഴി ചൊല്ലുന്ന സമയമത്രേ ഇത്. ഈ ലോകത്തിൽ അദ്ദേഹത്തെ സ്നേഹിച്ചവരും അദ്ദേഹം സ്നേഹിച്ചവരും ഈ അന്ത്യകർമ്മങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന സന്ദർഭമാണ് ഇത്.

**1. അവിസ്മരണീയ വ്യക്തിത്വം :**

ആദരണീയനായ ബാർ ഈത്തോ കാശ്ശീറോ ജോർജ് ഇരുമേടസാർ തിരുവല്ല മലങ്കരകത്തോലിക്ക അതിഭദ്രാസനത്തെ സംബന്ധിച്ചിടത്തോളം സമാദരണീയനായ വ്യക്തിത്വമാണ്.ഒൻപത് പതിറ്റാണ്ട് നീണ്ട സുദീർഘ ജീവിതത്തിന് ലോകപ്രകാരം തിരശ്ശീല വീഴുന്ന സന്ദർഭത്തിൽ നമുക്ക് നമ്രശിരസ്ക്കരാകാം.

ജോർജ് സാറിന്റെ ഐഹിക ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ,പ്രത്യേകിച്ച് ആപാവനാത്മാവ് ദൈവസന്നിധിയിൽവിലയം പ്രാപിച്ചസന്ദർഭത്തിൽ, ആശുപത്രികിടക്കയ്ക്ക് സമീപം, പ്രിയപ്പെട്ട സാറിന്റെ കുടുംബാംഗങ്ങളോട് ഒപ്പമായിരിക്കുന്നതിന് ദൈവം എന്നെ അനുഗ്രഹിച്ചു.അനുഗ്രഹീതമായ ഒരു ജീവിതം നയിച്ചതിന് ദൈവം നൽകിയ ഒരു സമ്മാനം ! സ്വ സഹോദരൻ ബഹു.ജോൺ ഇരുമേടയ

www.malankaralibrary.com
ച്ചനും സ്വസഹോദരി ബഹു. സി. ഇഗ്നേഷ്യസ് S.I.Cയും പുഷ്പഗിരി C.E.O ബഹു. സാമുവേൽ വാഴയിലച്ചനും, പ്രിയപ്പെട്ട ബഹനാൻ അച്ചനും,മറ്റ് കുടുംബാംഗങ്ങളും പ്രിയപ്പെട്ടവരും പ്രാർത്ഥനാപൂർവ്വം സ്വർഗ്ഗയാത്രയ്ക്ക് ഒരുക്കുന്ന ആ സന്തോഷ സന്ദർഭത്തിൽ ആ പാവാനാത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നത് ഞങ്ങൾ തിരിച്ചറിഞ്ഞു.

പ്രിയപ്പെട്ട ജോർജ് സാർ മനുഷ്യ ജീവിതത്തിന്റെ ഒരു ഉദാത്ത മാതൃകയായിരുന്നു. ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ നാം ദർശിക്കാൻ ആഗ്രഹിക്കുന്നതെന്തും ആയിരുന്ന, സമ്പൂർണ്ണ ജീവിതത്തിന്റെ നിറകതിരും നിറ കുടവുമായിരുന്ന ഒരു മഹനീയ വ്യക്തിത്വം, പ്രാർത്ഥനയിൽ, വിശ്വാസസാക്ഷ്യത്തിൽ, ദൈവസ്നേഹത്തിൽ, പരസ്നേഹത്തിൽ, ദൈവാരാധനയിൽ, സഭൈക്യ പ്രവർത്തനങ്ങളിൽ, കുടുംബബന്ധങ്ങളിൽ, സാഹോദര്യത്തിൽ, സുഹൃദ്ബന്ധങ്ങളിൽ, ഗുരു-ശിഷ്യ ബന്ധത്തിൽ, സഭാസ്നേഹത്തിൽ നിറഞ്ഞ് ആസകലം ഫലം ചൂടിനിന്ന, ഇല വാടാത്ത, ആറ്ററികത്ത് നടപ്പെട്ട ഒരു വൃക്ഷം! അദ്ദേഹത്തിന്റെ സാമീപ്യം ചൂടും പ്രകാശവും- തീഷ്ണതയും ദിശാബോധവും- ആയി അനുഭവപ്പെടുമായിരുന്നു.തന്റെ കുടുംബത്തിനു മാത്രമല്ല,തന്നെ അറിയുന്ന സകലർക്കും അത് അനുഭവവേദ്യമായിരുന്നു. മൂന്നര ദശാബ്ദത്തിലേറെ അക്ഷര വെളിച്ചം പകർന്നു കൊടുക്കുക വഴി ആയിരങ്ങൾ ശിഷ്യസമ്പത്തായിട്ടുള്ള ഒരു ഗുരുശ്രേഷ്ഠൻ ! ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള അവരുടെ പ്രതിനിധികൾ – പലരും ജീവിതത്തിന്റെ സായന്തനങ്ങളിലൂടെ കടന്നുപോകുന്നവർ – ആദരാഞ്ജലികളർപ്പിച്ച് കടന്നു പോകുന്നത് നാം കാണുന്നു. പൊതു സമൂഹത്തെ പ്രതിനിധീകരിച്ച് ആയിരങ്ങൾ അഞ്ജലീബദ്ധരായി ബാഷ്പാഞ്ജലികളർപ്പിക്കുന്നു.

**2. ശ്രേഷ്ഠജീവിതം**

താൻ സദാ ധരിച്ചിരുന്ന ശുഭ്രവസ്ത്രം പോലെ ആ ജീവിതം സംശുദ്ധമായിരുന്നു. സ്നേഹത്തിന്റെ കണ്ണുകൾകൊണ്ട് മാത്രം ഏവരെയും കാണാൻ കഴിഞ്ഞിരുന്ന ഒരു പുണ്യപൂർണ്ണജീവിതം ! അജാതശത്രു എന്ന വിശേഷണം സമുചിതമാകുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമ.ആരോടും എതിരിടാൻ നിൽക്കാത്ത, ആർക്കും എതിർപ്പ് പ്രകടിപ്പിക്കാൻ വക നൽകാത്ത ഒരു സവിശേഷ വ്യക്തിത്വം. ഇപ്രകാരം

www.malankaralibrary.com
ഒരു വ്യക്തിത്വം ഭൂമിയിൽ നടന്നു നീങ്ങിയിരുന്നു എന്ന വരും തലമുറയ്ക്ക് വിശ്വസിക്കാൻ കഴിയാത്ത ഒരാൾഎന്ന് മഹാത്മജിയെപ്പറ്റി ഐൻസ്റ്റീൻ വിശേഷിപ്പിച്ചതിന് സമാനമായ ഒരു ജീവിതം.ക്രിസ്തീയ നൻമയും ക്ഷമയും വിശ്വാസനിറവും അതിന്റെ പൂർണ്ണതയിൽ ജീവിച്ച് തീർക്കുവാൻ കഴിഞ്ഞ മലങ്കര സഭയുടെ ഒരു സൽപ്പുത്രൻ - ബാർ ഈത്തോ കാശ്ശീറോ! **അതായിരുന്നു ഇരുമേട ജോർജ്ജ് സാർ**

**3. കത്തോലിക്ക ജീവിത സാക്ഷ്യം**

അത്മായ സഹോദരങ്ങളുടെ സംസ്ക്കാര ശുശ്രൂഷയുടെ ഭാഗമായ ഭവനത്തിൽ നിന്നുള്ള അനുയാത്രയിൽ സഭയിലെ പിതാക്കന്മാർ സാധാരണ പങ്കെടുക്കാറില്ല എന്നാൽ ഈ അനുയാത്രയിൽ ഞാൻ പങ്കെടുത്തത് ബോധപൂർവ്വമാണ്. കാരണം തന്റെ കൗമാര-യൗവ്വനകാലം മുതൽ ജീവിതം കൊണ്ടും പഠനം കൊണ്ടും പ്രാർത്ഥനകൊണ്ടും താൻ ആർജ്ജിച്ചെടുക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്ത വലിയ വിശ്വാസ സാക്ഷ്യത്തിനുമുൻപിൽ സഭയുടെ ആദരവ് സവിശേഷമായി പ്രകടിപ്പിക്കുക എന്ന ലക്ഷ്യമാണ് അതിനു പിന്നിൽ. താൻ കണ്ടെത്തിയ കത്തോലിക്ക വിശ്വാസവെളിച്ചം തിരിതെളിക്കാനും പ്രചരിപ്പിക്കുവാനും പ്രഘോഷിക്കുവാനും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ - 1940 കളിൽ തന്റെ യുവത്വം സമർപ്പിച്ചതിന് ആദരവ് പ്രകടിപ്പിക്കുവാൻ വേണ്ടി. **കത്തോലിക്ക സാക്ഷ്യസഖ്യത്തിൽ** അണിചേർന്ന്, നാലുപേര് ഒത്തുകൂടുന്നിടത്തും നാല്ക്കവലകളിലും കത്തോലിക്ക വിശ്വാസത്തിന്റെ മഹനീയതയെപ്പറ്റി ഉദ്ഘോഷിക്കുകയും ധീരസാക്ഷ്യം നൽകുകയും ചെയ്തു എന്നത്, വിശ്വാസ ധീരൻമാർക്കും രക്തസാക്ഷിത്വധീരതയുള്ളവർക്കും മാത്രം കഴിയുന്ന വിസ്മയമത്രേ ! ഏഴു പതിറ്റാണ്ടിനിപ്പുറവും ഓർമ്മയിൽ പുളകോദ്ഗമകാരിയായ അപൂർവ്വതയുടെ അനുഭവം. സഭയുടെ പ്രാരംഭ ദശയിൽ വന്ദ്യ പിതാക്കന്മാരോടും പുനരൈക്യപ്പെട്ട വൈദികരോടും നവജാതസഭയിലെ യുവ വൈദികരോടും ചേർന്ന് പ്രവർത്തിക്കുവാനും സഭയെ നയിക്കുവാനും അദ്ദേഹം മുൻപിൽ ഉണ്ടായിരുന്നു. അതുകൊണ്ട് ഈ അനുയാത്രയിൽ ഞാനും ആദരവോടെ അണിചേർന്നു. വി.തോമസ് മൂറിന്റെ വിശ്വാസധീരതയോടെ ആ യുവധീരൻ നമ്മുടെ കൊച്ചുസഭയെ ധീരമായി നയിച്ചു.ആ ധീരന്റെ പൂജ്യശരീരം വഹിച്ചുകൊണ്ട് മഞ്ചം കടന്നുവരുമ്പോൾ,അദ്ദേഹത്തിന്റെ കൂടെ

www.malankaralibrary.com

നിൽക്കുന്നത് അനുഗ്രഹമായി ഞാൻ തിരിച്ചറിയുന്നു.അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും വ്യക്തിത്വ സവിശേഷതകളെക്കുറിച്ചും എത്ര പറഞ്ഞാലും തീരുന്നതല്ല. തന്റെ കുടുംബാംഗങ്ങളോട്, തന്റെ സഭാ വിശ്വാസികളോട്, ഇതര സഭാംഗങ്ങളോട്, വൈദികരോടും പിതാക്കൻമാരോടും അദ്ദേഹം നിലനിർത്തിയിരുന്ന ആദരവും സന്തോഷവും സ്നേഹവും വിസ്മരിക്കാൻ കഴിയുന്നതല്ല. പരപ്രേരണയോ നിർബന്ധമോ മടിയോ കൂടാതെ ആജ്ഞാന വൃദ്ധന്റെ മുൻപിൽ തന്റെ ജീവിതകാലത്ത് കരാംഗുലി കൂപ്പി വണങ്ങുവാൻ നമുക്ക് കഴിഞ്ഞിരുന്നു ;ശിരസ്സ് നമിക്കുന്നതിന് അനായാസം കഴിയുമായിരുന്നു. കാരണം ജീവിതയാത്രയിൽ ഞാനും നിങ്ങളും കണ്ടുമുട്ടാൻ ആഗ്രഹിച്ചിരുന്ന നൻമകൾ അദ്ദേഹം സദാ പുലർത്തിയിരുന്നു. ജീവിതത്തിന്റെ സ്വഛത കൊണ്ടും ശുദ്ധതകൊണ്ടും മാന്യത ആർജ്ജിക്കുവാൻ അദ്ദേഹത്തിന് അനായാസം കഴിയുമായിരുന്നു. നാം ഇന്ന് നൽകുന്ന ആദരവിന്റെ അടിസ്ഥാനം അവിടെയാണ് ദർശിക്കുവാൻ കഴിയുക.

**4. സഭാ നേതൃത്വത്തോടൊപ്പം എന്നും**

അഭിവന്ദ്യ പിതാക്കന്മാരോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ബന്ധവും അതിരറ്റതാണ്. മാർ ഇവാനിയോസ് പിതാവിൽ നിന്നും മാർ സേവേറിയോസ് പിതാവിൽ നിന്നും നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കുവാനും അവരുടെ നിർദ്ദേശങ്ങൾ ശിരസ്സാ വഹിക്കുവാനും സാക്ഷ്യ സഖ്യത്തിന്റെ പ്രാണവായുവാകുവാനും അനായാസ്സം കഴിഞ്ഞത് അതുകൊണ്ട് തന്നെയത്രേ. ബനഡിക് മാർ ഗ്രിഗോറിയോസ് പിതാവ് ജോർജ് സാറിന്റെ ആദർശ പുരുഷനായിരുന്നു. അയൽ ക്കാരൻ എന്ന പരിഗണന മാത്രമല്ല,വന്ദ്യപിതാവിന്റെ വ്യക്തി പ്രാഭവവും മാസ്മരീക ഭാവവും ചടുലമായ നേതൃത്വവും സഭാ സാരഥ്യത്തിലുള്ള യശ്ശോധാവല്യവും അതിന് നിദാനമായിരുന്നു. മാനവികതയ്ക്കും ധാർമ്മികതയ്ക്കും സഭൈക്യ രംഗത്തും വന്ദ്യപിതാവ് നൽകിയ നേതൃത്വവും, പാവങ്ങളുടെ പക്ഷം ചേർന്ന് പ്രവർത്തിച്ചതിലുള്ള സന്തോഷവും സാറിനെ ആനന്ദ പാരവശ്യത്തിൽ എത്തിച്ചു. ദൈവം തിരഞ്ഞെടുത്ത് നിയോഗിച്ച ആ നേതൃത്വത്തോട് ചേർന്ന് നിൽക്കുവാനും വന്ദ്യപിതാവിന്റെ സഹചാരിയായി പ്രവർത്തിക്കുവാനും അദ്ദേഹം എന്നും ഉത്സുകനായിരുന്നു.

www.malankaralibrary.com

കത്തോലിക്ക കൂട്ടായ്മയുടെ നന്മയും മേന്മയും തിരിച്ചറിഞ്ഞു കൊണ്ട് അതിനെ പരിപോഷിപ്പിക്കുവാനും പുനരൈക്യത്തിന്റെ ശംഖ നാദം ഉയർത്തുവാനും ശ്രമിക്കുമ്പോൾ തന്നെ, താൻ ജനിച്ചു വളർന്ന മാതൃ സഭയോടുള്ള ബന്ധം നിലനിർത്തുവാനും, ആ സഭയിലെ വൈദി കരോടും പിതാക്കന്മാരോടും ഉള്ളുനിറഞ്ഞ സൗഹൃദം ഊട്ടിയുറപ്പി ക്കുവാനും എന്നും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. സഹോദരീ സഭ യിലെ തന്റെ സുഹൃത്തുക്കളെ എവിടെ, എപ്പോൾ സൗകര്യത്തിന് കണ്ടുമുട്ടിയാലും സഭൈക്യത്തെപ്പറ്റിയും പുനരൈക്യത്തെപ്പറ്റിയും തളരാതെ സംസാരിക്കുവാൻ തൽപരനായിരുന്നു. ആശയ വ്യത്യാസം സൗഹൃദത്തിന് ഒരിക്കലും വിഘ്നമായിരുന്നില്ല. അവസാന ശ്വാസ ത്തിലും പറഞ്ഞിരുന്നതും രോഗക്കിടക്കയിൽ ചിന്തിച്ചിരുന്നതും ഒരു കാര്യം മാത്രമാണ് - സഭകളുടെ ഐക്യം. കാരണം യേശുകർത്താ വിന്റെ പുരോഹിത പ്രാർത്ഥന അതായിരുന്നു: പിതാവേ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിരിക്ക ണമേ. അങ്ങനെ നീ എന്നെ അയച്ചുവെന്ന് ലോകം അറിയട്ടെ. ഈ പ്രാർത്ഥന ജോർജ് സാറിന് എന്നും ലഹരിയായിരുന്നു.

**5. ഇടവക കൂട്ടായ്മയിലെ സജീവബന്ധവും നേതൃത്വവും**

സെന്റ് ജോർജ്ജിന്റെ മഹത്തായ ചെങ്ങരൂർ ഇടവകയെ സംബ ന്ധിച്ച് ജോർജ്ജ് സാർ മറക്കാനാകാത്ത സംഭാവനകൾ നൽകിയിട്ടു ള്ളത് നാം എന്നും ആദരപൂർവ്വം ഓർക്കും. ശൈശവം മുതൽ ഈ ദേവാലയമുറ്റത്ത് കളിച്ച് വളർന്നും, യൗവ്വനത്തിൽ ഇടവകയ്ക്ക് ശക്തി പകർന്നും വാർദ്ധക്യത്തിൽ മാതൃക നൽകിയും ഇടവകയെ തന്റെ നെഞ്ചോടെന്നും ചേർത്ത്നിർത്തി. സഭയുടെ വളർച്ച എന്നപോലെ ഇടവകയുടെ ഉയർച്ചയും തന്റെ എക്കാലത്തെയും സ്വപ്നമായിരുന്നു. മതബോധനരംഗത്ത് തന്റെ യൗവ്വന- മദ്ധ്യ വയസ്സിലും ലീജിയൺ ഓഫ് മേരി, സെന്റ് വിൻസന്റ് ഡി പോൾ സഖ്യം എന്നിവയ്ക്ക് നേതൃത്ത്വം നൽകി ഭക്തജീവിതത്തിനും, അതോടൊപ്പം സാമൂഹ്യ സമുദ്ധാരണ പ്രവർത്തനങ്ങൾക്കും ദിശാബോധം നൽകി. പ്രബോധ നത്തിന്റെയും സേവനത്തിന്റെയും പ്രാർത്ഥനയുടെയും കൂട്ടായ്മയു ടെയും തലങ്ങളിൽഎന്നും നെടുംതൂണായി നിലകൊണ്ടു. വിവാദ ങ്ങൾക്ക് ഒരിക്കലുംഇടനൽകിയിരുന്നില്ല എന്നതും ശ്രദ്ധേയമത്രേ.അ തുകൊണ്ടുതന്നെ കാൽശതാബ്ദം മുമ്പേതന്നെ BAR ITHO

www.malankaralibrary.com

KASSIRO - സഭയുടെ ഉൽസാഹിയായ പുത്രൻ എന്ന പേര് വിളിച്ച് മലങ്കരസഭയും,തിരുവല്ല അതിഭദ്രാസനവും അദ്ദേഹത്തെ ആദരിച്ചു. മനസ്സിലും ജീവിത ശൈലിയിലും എന്നും തുടിച്ചു നിന്നിരുന്ന ആ ഉത്സാഹം അദ്ദേഹം എന്നും നിലനിർത്തിയിരുന്നു - അവസാന ശ്വാസം വരെ. അദ്ദേഹത്തിന്റെ മുഖം ഒരിക്കലെങ്കിലും മ്ലാനമായതായി നാം കണ്ടിട്ടില്ല- വേദനകളുടെ നടുവിൽപ്പോലും. അദ്ദേഹത്തിൽ നിന്ന് കോപത്തിന്റെ ഒരു പ്രകടനമോ ശാസനയുടെ ഒരു സ്വരമോ കേൾക്കുക എളുപ്പമായിരുന്നില്ല. അദ്ദേഹം ഖിന്നനായിരുന്നില്ല, പ്രത്യുത നിറഞ്ഞ സംതൃപ്തിയുടെയും സംതൃപ്തമായ വാർദ്ധക്യത്തിന്റെയും ഉടമയായിരുന്നു.തന്നെ സമീപിക്കുന്നവർക്ക് എന്നും പ്രചോദനം നൽകുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

**6. സഹന വഴികളിൽ**

സഹനം ഈ ലോകജീവിതത്തിൽ മനുഷ്യന്റെ ഭാഗധേയമാണ്. സഹനമനുഭവിക്കാതെ ലോകജീവിതം കടന്നുപോയവർ വിരളമാണ്. പക്ഷേ സഹനത്തോടുള്ള മനോഭാവം പ്രതിപാത്രം വിഭിന്നമത്രേ. ദൈവം നല്കുന്ന സഹനങ്ങളെ വിശുദ്ധർ നേരിട്ടതുപോലെ അഭിമുഖീകരിക്കുവാൻ വിശ്വാസധീരതയും വിശുദ്ധൻമാരുടെ മാതൃകയും അദ്ദേഹത്തിന് തുണയായി. തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി പരിണമിക്കുന്നു എന്ന് നമുക്കറിയാം (റോമ.8 : 28). ഈ ഉത്തമ വിശ്വാസം മനസ്സിൽ പേറികൊണ്ട് ചെറുതും വലുതുമായ ക്ലേശങ്ങളും വേദനകളും ജീവിത വൈഷമ്യങ്ങളും സന്തോഷത്തോടെ ഏറ്റെടുത്ത് പരാതിയും പരിഭവവും കൂടാതെ ജീവിതയാത്ര തുടർന്നിരുന്നത് വ്യക്തിപരമായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സഹനപുത്രിയെന്ന അഭിധാനത്തിലറിയപ്പെടുന്ന അൽഫോൺസാ പുണ്യവതിയുടെ തിരുന്നാളിന്റെ ഈദിവസങ്ങളിൽ പ്രിയപ്പെട്ട ജോർജ് സാർ ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു എന്നതും കേവലം ആകസ്മികമായി കരുതാവുന്നതല്ല.

**7. കുടുംബാംഗങ്ങളോട്**

ദൈവം ഈ കുടുംബത്തിന് നൽകിയ വലിയ ദാനമാണ് ജോർജ് സാർ. ഈ അന്ത്യയാത്രയയപ്പിന് കടന്നുവന്നിരിക്കുന്ന പ്രിയപ്പെട്ട കുടും

www.malankaralibrary.com

ബാംഗങ്ങളോടും മക്കളോടും ഒരു കാര്യം കൂടി ഓർപ്പിക്കട്ടെ. തന്റെ ജീവിത സംശുദ്ധിയിലൂടെ യശ്ശോധാവള്യത്തിലെത്തിയ ഒരു പ്രിയ പിതാവാണ് നമ്മോട് വിടപറയുന്നത്. ഭവനാംഗങ്ങൾക്ക് തക്കസമയത്ത് സമൃദ്ധഭോജനം നൽകിയ ഒരു കുലഗുരു ശ്രേഷ്ഠനായിരുന്നു അദ്ദേഹം(മത്താ.24:45). കുലം അറിയപ്പെടുന്നത് കുലഗുരുവിന്റെ പേരിൽ എന്നതുപോലെ ഈ കുടുംബത്തിലെ ഇളമുറക്കാർ അറിയപ്പെടുന്നത് ജോർജ് സാറിന്റെ പേരിൽ കൂടിയാണ്. ആ പിതാവ് നിങ്ങൾക്കും അതോടോപ്പം നമ്മുടെ സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവന അതുല്യമാണ്. ആ സ്മരണയിൽ നമുക്ക് സന്തോഷിക്കാം.

**8. നിത്യതയിൽ**

നാമാരും ഈ ലോകത്തിൽ നിത്യമായി ജീവിക്കാനുള്ളവരല്ല. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് നാം നിത്യതയിലേക്ക് കടന്നുപോകേണ്ടവരാണ്. ലോകം എത്ര മെച്ചപ്പെട്ട സൗകര്യം നമുക്ക് പ്രദാനം ചെയ്താൽകൂടി, എത്രമാത്രം നമ്മെ ആദരിച്ചാലും ശരി അത് ഒരു താല്കാലിക ഭവനം മാത്രം. ഏറിയാൽ ഒരു നൂറ്റാണ്ടു കാലമാണ് നമുക്ക് ഇവിടെ ഇടമുള്ളത്. സ്മര്യപുരുഷനെ സാകല്യേന നിർവ്വചിക്കാൻ കഴിയുന്നത് **മാന്യനായ മനുഷ്യൻ** എന്ന പേരിലായിരിക്കും A noble man !A gentle life .A gentle man is one who inflicts no pain on others. മറ്റുള്ളവരുടെ പാദുകത്തിൽ ഇറങ്ങി അവരെ മനസ്സിലാക്കാൻ കഴിയുന്ന ഒരുവന് മാത്രമേ, അവർക്ക് സാന്ത്വനമാകാൻ കഴിയൂ.
ഞങ്ങൾ മിശിഹായുടെ പരിമളമാകുന്നു (2 കോരി 2:15) എന്ന് വി.പൗലോസിനോടൊപ്പം പറയുവാൻ പ്രിയപ്പെട്ട ജോർജ് സാർ സ്വജീവിതം കൊണ്ട് അവകാശം നേടി എന്ന് പറയുമ്പോൾ അതിൽ അതിശയോക്തി അൽപ്പവുമില്ല. സത്യസന്ധമായി നമുക്ക് പറയുവാൻ കഴിയും. ആ ജീവിതം നമുക്ക് വലിയൊരു മാതൃകയും ആ സ്മരണ നമുക്ക് വലിയ ശക്തിസ്രോതസ്സുമാണ്. മാതാവായ സഭ തന്റെ ഈ സൽപുത്രനെ എന്നും സ്നേഹപൂർവ്വം ഓർമ്മിക്കും. വന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും ആദരപൂർവ്വം സ്മരിക്കും. ദൈവം തന്റെ മകനെ സ്വർഗ്ഗത്തിലേക്ക് എടുക്കുകയാണ.പുണ്യജീവിതം നയിച്ച അദ്ദേഹം പുണ്യവാനായിത്തന്നെയാണ് കടന്നുപോകുന്നതും. വേദപാരംഗതനായ വി.അഗസ്തീനോസിന്റെ പ്രസിദ്ധമായ വചനം നമുക്ക്

www.malankaralibrary.com

ഓർക്കാം: ദൈവമേ, അങ്ങേയ്ക്കായി ഞങ്ങൾ സൃഷ്ടിക്കപ്പെട്ടു; അങ്ങിൽ വിലയം പ്രാപിക്കുവോളം ഞങ്ങളുടെ ആത്മാക്കൾ അസ്വസ്ഥമായിരിക്കും . സംശുദ്ധമായ ജീവിതം നയിച്ച അദ്ദേഹം വിശ്വാസം കാത്തു സൂക്ഷിച്ച് കർത്തുകരങ്ങളിൽ വിലയം പ്രാപിച്ചു.

**9. കുടുംബാംഗങ്ങൾക്ക് ചാരിതാർത്ഥ്യം**

പ്രിയപ്പെട്ട സാറിന്റെ കുടുംബാഗങ്ങളോട് സത്യസന്ധമായി പറയട്ടെ: നിങ്ങൾ പൊന്നുപോലെ അദ്ദേഹത്തെ കരുതി ശുശ്രൂഷിച്ചു. സഹോദരങ്ങൾ, മക്കൾ, മരുമക്കൾ,കൊച്ചുമക്കൾ എല്ലാവരും ഒന്നു പോലെ അദ്ദേഹത്തെ സ്നേഹിച്ചു. വചനത്തിൽ വായിക്കുന്നു: അയൽക്കാർ തമ്മിലുള്ള ബന്ധം, സഹോദരങ്ങൾ തമ്മിലുള്ള സ്നേഹം, ഭാര്യ ഭർത്താക്കന്മാർ തമ്മിലുള്ള ചേർച്ച,- ഈ മൂന്നു കാര്യങ്ങളിൽ എന്റെ ഹൃദയം സന്തോഷിക്കുന്നു(പ്രഭാ. 25). ഈ ചേർച്ച ഇവിടെ കാണുവാൻ നമുക്ക് കഴിയുന്നു. ഈ കുടുംബത്തിന്റെ വിളക്ക് ഇന്ന് സ്വർഗ്ഗത്തിൽ പീഠത്തിന്മേൽ ഉയർത്തപ്പെട്ടിരിക്കുന്നു. നമ്മുടെ സ്മരണയിൽ അത് നിത്യം നിലനിൽക്കും. നിങ്ങൾ ഏവരും വലിയ കരുതലും സ്നേഹവും കാണിച്ചു. പ്രിയപ്പെട്ട അനുവിനെയും കുഞ്ഞുങ്ങളെയും കുറിച്ച് ഒരു വാക്ക് പറയുവാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ട സാറിന്റെ സാന്നിദ്ധ്യവും പിന്തുണയും പ്രിയപ്പെട്ട മകൾക്കും കുഞ്ഞുങ്ങൾക്കും നൽകിയ ആശ്വാസം നാം ഓർക്കുന്നു. മകൾ തന്റെ രണ്ടാമത്തെ കുഞ്ഞിനെ ഉദരേപേറുമ്പോൾ തന്റെ പ്രിയതമൻ ബാബു ആകസ്മികമായി ദൈവ സന്നിധിയിലേക്ക് വാങ്ങിപ്പോയ സന്ദർഭം ! ആ സന്നിഗ്ദ്ധഘട്ടത്തിൽ കൊടുങ്കാറ്റിലും ഉലയാതെ നിൽക്കുന്ന ഓക്കുമരം പോലെ ഉറച്ച് നിന്ന്, കൂടെനിന്ന് തന്റെ മക്കളെ ബലപ്പെടുത്തിയ ധീരത അവിസ്മരണീയമത്രേ. ആ സ്നേഹവും കരുതലും തിരിച്ചറിയുവാൻ അവർ എന്നും ശ്രദ്ധിച്ചിരുന്നു, അതിൽ വിജയിച്ചിരുന്നു. Elders are the pillors of the family എന്ന പ്രസ്താവം എത്ര ശരി.

ദീർഘായുസ്സും തൃപ്തികരമായ ആരോഗ്യവും നൽകി പരമകാരുണികനായ ദൈവം പ്രിയപ്പെട്ട സാറിനെ വഴി നടത്തിയതിന്റെ പൊരുൾ ദർശിക്കുവാൻ കഴിയുന്നത് ഇവിടെയാണ്. കർത്താവേ, അവിടുത്തെ വാഗ്ദാനം അനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയക്കേണമേ(ലൂക്കോ 2:29) എന്ന് പ്രാർത്ഥിച്ച ജ്ഞാനവൃദ്ധനായ ശെമഓനെപ്പോലെ യാകണം പ്രിയപ്പെട്ട ജോർജ് സാറും പ്രാർത്ഥിച്ചത്.

www.malankaralibrary.com

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നും, എല്ലാ കണ്ണുകളിൽ നിന്നും കണ്ണീർ തുടച്ചുമാറ്റട്ടെ എന്നും പ്രാർത്ഥിക്കുന്നു. നിത്യാനന്ദവും നിത്യപ്രകാശവും പ്രിയദാസനിൽ ഉദിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ മുഴുവൻ ആദരവും പ്രാർത്ഥനാഞ്ജലികളും വന്ദ്യ വൈദികരുടെയും സന്യസ്തരുടെയും ദൈവജനത്തിന്റെയും അദ്ദേഹത്തെ അറിയുന്ന സകലരുടെയും പേരിൽ പ്രിയപ്പെട്ട സാറിന്റെ പാവന സ്മരണക്കു മുമ്പിൽ സമർപ്പിച്ച് കൊണ്ട് പരമകാരുണികനായ കർത്താവിന്റെ തൃക്കരങ്ങളിലേക്ക് ഈ പ്രിയ പിതാവിനെ നമുക്ക് പ്രത്യാശപൂർവ്വം പ്രാർത്ഥനയോടെ സമർപ്പിക്കാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com





അഭിവന്ദ്യ കൂറിലോസ് പിതാവിനോടും
മറ്റു പിതാക്കന്മാരോടുമൊപ്പം

www.malankaralibrary.com



**(സംസ്കാര തലേന്നാൾ മൃതശരീരം പൊതുദർശനത്തിന് ഭവനത്തിൽ വച്ചപ്പോൾ സന്ധ്യാപ്രാർത്ഥന മദ്ധ്യേ മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി നടത്തിയ ഹൃദയസ്പർശിയായ അനുശോചന പ്രസംഗം)**

വന്ദ്യ കോർ എപ്പിസേകോപ്പ, വന്ദ്യ വൈദിക സഹോദരങ്ങളെ ബഹു.സന്യസ്തരെ സന്തപ്തരായ ഇരുമേട കുടുംബാംഗങ്ങളെ, പ്രിയ സഹോദരി സഹോദരന്മാരെ. ഇരുമേടയിൽ കുടുംബത്തിൽ നിന്നും, നമ്മുടെ കൂട്ടായ്മയിൽ നിന്നും കർത്തൃ സന്നിധിയിലേക്ക് കടന്നുപോയ പ്രിയപ്പെട്ട ജോർജ്ജ്സാറിന്റെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാറിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുവാനുമാണല്ലോ നാം ഏവരും ഇവിടെ സന്നിഹിതരായിരിക്കുന്നത്. എല്ലാവരുടെ പേരിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പേരിലും പ്രിയപ്പെട്ട ഇരുമേട കുടുംബാംഗങ്ങളോടുള്ള അനുശോചനം ഞാൻ അറിയിച്ചുകൊള്ളട്ടെ. ധന്യമായ ഇരുമേടകുടുംബത്തിൽ വറുഗീസ് സാറിന്റേയും, ശോശാമ്മയുടേയും മകനായി 1926 ജൂൺമാസം 23-ാം തീയതി പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം ജോർജ്ജ്സാർ ജനിച്ചു. കുന്നന്താനത്തും, പുതുശ്ശേരിയിലും കോട്ടയം എം.ഡി. സ്കൂളിലും ഒക്കെയായി പഠനം നടത്തിയ അദ്ദേഹം തേവര Sacred Heart College ലെ ആദ്യ ബാച്ചിൽ പഠിച്ച് പ്രശസ്തമായ രീതിയിൽ ഡിഗ്രി സമ്പാദിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളേജിൽ നിന്നും ബി.എഡ് ബിരുദം എടുത്ത അദ്ദേഹം പുതുശ്ശേരി M.G.D.ഹൈസ്കൂൾ, വാഴൂർ St. Pauls H.S. കുണ്ടറ

www.malankaralibrary.com

M.G.D.H.S എന്നിവിടങ്ങളിൽ അദ്ധ്യാപകനായും Head Master എന്ന നിലയിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ഔദ്യോഗികമായി 55-ാം വയസ്സിൽ സർവ്വീസിൽ നിന്നും വിരമിച്ചശേഷം, കോട്ടയം ഗിരിദീപം സ്കൂളിന്റെ പ്രിൻസിപ്പാൾ ആയി സേവനം അനുഷ്ഠിച്ചു. Zambia യിൽ അദ്ദേഹം സയൻസ് വിഭാഗം അദ്ധ്യക്ഷനായി 6 വർഷത്തോളം സേവനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് പോൾസ് എൻട്രൻസ് കോച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ ആണ് ബഹു.ജോർജ്ജ് സാർ. കേരള കാത്തലിക്ക് സ്റ്റുഡൻസ് ലീഗിന്റെ സംസ്ഥാന ജന. സെക്രട്ടറി എന്നുള്ള നിലയിൽ കത്തോലിക്കാ വിദ്യാർത്ഥികളുടെ ഇടയിൽ സ്നേഹം, സേവനം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ വളർത്തുവാൻ പ്രിയ ജോർജ്ജ് സാർ ആത്മാർത്ഥമായി പരിശ്രമിച്ചു. നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനം ആരംഭിച്ച കാലഘട്ടത്തിൽ അതിന്റെ കൺവീനർ ആയി ഇരുന്നുകൊണ്ട് എല്ലാ എപ്പിസ്കോപ്പൽ സഭകളിലെയും നേതൃത്വനിരയെ സമുന്വയിപ്പിച്ചുകൊണ്ട് വളരെ സ്തുത്യർഹമായ സേവനം അദ്ദേഹം കാഴ്ചവച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തിരുവല്ല അതിഭദ്രാസനത്തിലെ വിശ്വാസ പരിശീലന രംഗത്ത് ശ്രദ്ധേയമായ കാൽവയ്പ്പുകളാണ് നടത്തിയത്. 50 വർഷത്തോളം ഹെഡ്മാസ്റ്റർ എന്ന നിലയിലും, വിശ്വാസ പരിശീലകൻ എന്നുള്ള നിലയിലും സേവനം അനുഷ്ഠിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ അജപാലന സമിതിയുടെ നല്ല ശക്തനായ ഒരു അംഗം എന്ന നിലയിൽ ഭദ്രാസനത്തിന്റെ എല്ലാ കാര്യങ്ങളിലും അദ്ദേഹം പ്രത്യേക ശ്രദ്ധചെലുത്തിയിരുന്നു, സഭയോടും സമൂഹത്തോടുമുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അറിഞ്ഞ് മനസ്സിലാക്കി മലങ്കര കത്തോലിക്കാ സുറിയാനി സഭ അദ്ദേഹത്തെ "Bar itho kasiro" "സഭയുടെ ഉത്സാഹിയായ പുത്രൻ" എന്ന ബഹുമതി നല്കി ആദരിച്ചു. പ്രിയപ്പെട്ട ജോർജ്ജ് സാറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിജയം സഹധർമ്മിണിയായിരുന്ന കല്ലിശ്ശേരി കൊച്ചുകൊട്ടാരത്തിൽ തങ്കമ്മയെ/ തങ്കമ്മ ടീച്ചറെ വിവാഹം കഴിച്ചു. എന്നുള്ളതും, ദൈവം നല്കിയ മക്കളായ, ലാലിനെയും, ജോമോനേയും അതുപോലെ ബാബുവിനെയും ജയയേയും വലുതാക്കിയതും ആണ്. ബാബു നേരത്തെ സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. പ്രിയപ്പെട്ട ടീച്ചർ ഈ ലോകത്തു നിന്നു കടന്നുപോകുമ്പോൾ ജോർജ്ജ്സാറിനെ സംബന്ധിച്ചിടത്തോളം ഒന്നിനെക്കുറിച്ചും ഒരു

www.malankaralibrary.com

ആകുലതയും ഇല്ലാത്ത എല്ലാ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് വളരെ പ്രതിബദ്ധതയോടെ ഉത്തമമായ ഒരു ക്രൈസ്തവ ജീവിതത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചു. കുടുംബത്തിൽ നിന്ന് സഭയ്ക്ക് മൂന്ന് പേരെ നല്കുവാൻ ഈ കുടുംബം ഔദാര്യം കാണിച്ചു. പ്രിയപ്പെട്ട മദർ Annunciata Bethany സന്യാസിനി സമൂഹാഗം എന്ന നിലയിൽ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് സന്തോഷിക്കുന്നു. പ്രിയപ്പെട്ട സിസ്റ്റർ ഇഗ്നേഷ്യസിന് തന്റെ രോഗാവസ്ഥയിൽ അത്ഭുതകരമായ സൗഖ്യം ദൈവം നൽകിയതിനും ജോർജ്ജ് സാറിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഉണ്ടായിരുന്നു എന്നുള്ളത് നന്ദിയോടെ ഓർക്കുന്നു. പ്രിയപ്പെട്ട ജോൺ ഇരുമേടയച്ചൻ ഒരു പുരോഹിതനായി അനുദിനം വി. ബലി അർപ്പിക്കുമ്പോൾ എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഗുരുക്കന്മാരും ഞാൻ ആർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പെട്ടിരിക്കുന്നുവോ അവരെ ഏവരെയും അനുസ്മരിച്ചു കൊണ്ട് വി. ബലി അർപ്പിക്കുമ്പോൾ ജോർജ്ജ് സാറും നിശ്ചയമായും അൾത്താരയിൽ അനുസ്മരിക്കപ്പെടും എന്നുള്ള ഒരു വലിയ അനുഗ്രഹം ദൈവം നല്കി. ഇരുമേട അച്ചന് ശബ്ദത്തിന് പ്രശ്നം ഉണ്ടായിരുന്ന അവസരത്തിൽ അതും ജോർജ്ജ് സർ തമ്പുരാനോടു പ്രാർത്ഥിച്ച് ആ മദ്ധ്യസ്ഥതയിൽ അച്ചന് അത്ഭുതകരമായ സൗഖ്യം ലഭിച്ചു. എന്നുള്ളതു നന്ദിയോടെ അനുസ്മരിക്കുന്നു. ജോർജ്ജ് സാറിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു വൈദിക വിദ്യാർത്ഥി ആയിരിക്കുന്ന കാലഘട്ടത്തിൽ ഇരുമേടയച്ചൻ K.CS L ന്റെ ഡയറക്ടർ ആയി തിരുവല്ലയിൽ പ്രവർത്തിക്കുമ്പോൾ, ഐസക് കരൂർ അച്ചൻ തിരുവനന്തപുരത്തു അതിരൂപതയിൽ ഡയറക്ടർ ആയിരിക്കുമ്പോൾ സംസ്ഥാന നേതൃത്വത്തിൽ ജോർജ്ജ് സാർ പ്രവർത്തിക്കുന്ന ആ കാലഘട്ടത്തിൽ ഒരു വൈദിക വിദ്യാർത്ഥിയായിരുന്ന ഞാൻ പ്രവർത്തിക്കുവാൻ കടന്നു ചെന്നപ്പോൾ ഒരു മലങ്കരക്കാരൻ എന്നുള്ള നിലയിൽ എന്നെ വളരെ അധികം പ്രോത്സാഹിപ്പിക്കുകയും എനിക്കു നല്ല സഹകരണം ജോർജ്ജ് സാർ നല്കിയതും നന്ദിയോടെ ഞാൻ സ്മരിക്കുന്നു. തിരുവനന്തപുരത്തും, മദ്രാസിലും ഒക്കെ പ്രവർത്തിക്കുമ്പോൾ ജോർജ്ജ് സാറിന്റെ സ്നേഹം ഒത്തിരി അനുഭവിക്കുവാൻ ഇടയായിട്ടുണ്ട്. പല പ്രാവശ്യം ഭവനത്തിൽ വരുവാനും സാറിന്റെ സ്നേഹവും കരുതലും അനുഭവിക്കുവാനും എനിക്ക് ഇടയായിട്ടുണ്ട്. പ്രിയ സഹോദരീ സഹോദരന്മാരെ ഞാൻ ഒരു വൈദിക മേലദ്ധ്യ

www.malankaralibrary.com

ക്ഷൻ ആയ ശേഷവും സാറിന്റെ തീവ്രമായ ആഗ്രഹം നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനവുമായി തിരുമേനി തുടർന്നും പ്രവർത്തിക്കണമെന്നതായിരുന്നു. രണ്ട് ആഴ്കൾക്കു മുമ്പ് സാറിന്റെ 89-ാം ജന്മദിനം 90 നോട് അടുത്ത രീതിയിൽ വളരെ ആഘോഷപൂർവ്വം നടത്തണം എന്ന ഓരാഗ്രഹം ഞങ്ങൾ ഒക്കെ പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം ഏറെ സന്തോഷവാനായി. ഒരു പൊന്നാട സ്വീകരിച്ച്, കേക്ക് മുറിച്ച് ഞങ്ങൾക്ക് എല്ലാവർക്കും തന്നു. പരിശുദ്ധ പിതാവ് വാഴ്ത്തി അനുഗ്രഹിച്ചുതന്ന ഒരു ജപമാല ഞാൻ സമ്മാനമായി അദ്ദേഹത്തിന് നൽകി. വളരെ ഏറെ സന്തോഷത്തോടെ ഞങ്ങൾ ഒന്നിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥിച്ചു, ഭക്ഷണംകഴിച്ചു. എന്നെ അനുഗ്രഹിച്ചു സാർ അയച്ചു. കഴിഞ്ഞ ദിവസം ഞാൻ ചങ്ങനാശ്ശേരിയിൽ അച്ചന്മാരെ ധ്യാനിപ്പിച്ചു കൊണ്ടിരുന്നപ്പോൾ പ്രിയ ഇരുമേട ജോൺ അച്ചൻ എന്നെ വിളിച്ച് പറഞ്ഞു. അച്ചായൻ ഈ ലോകത്തെ വിട്ട് കടന്നുപോയി എന്ന് പ്രിയ സഹോദരങ്ങളെ നാം ആരും ഈ ലോകത്തിൽ ശാശ്വതരല്ല. ദൈവത്തിന്റെ സന്നിധിയിൽ നിന്നും മാതാപിതാക്കളുടെ ദാമ്പത്യ സ്നേഹത്തിൽ കടന്നുവന്ന നാം ഓരോരുത്തരും, സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്ന സിയോൻ സഞ്ചാരികളാണ്. "ദൈവമേ അവിടുന്ന് എന്നെ അങ്ങേയ്ക്കും വേണ്ടി സൃഷ്ടിച്ചു. അങ്ങിൽ എത്തി ചേർന്നാൽ അല്ലാതെ എന്റെ ആത്മാവു സംതൃപ്തി അടയുകയില്ല". ജോർജ്ജ് സാർ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക്, പിതാവിനാൽ ഒരുക്കപ്പെട്ട വാസസ്ഥലത്തേക്ക് സ്വകുടുംബത്തിൽ നിന്നും കൂട്ടായ്മയിൽ നിന്നു കടന്നു പോയിരിക്കുന്നു. അവിടെ മാലാഖമാരോടൊപ്പം സ്വർഗ്ഗീയ പറുദീസായിൽ നിത്യമായി ജീവിക്കുവാൻ ദൈവം അനുഗ്രഹം നല്കിയിരിക്കുകയാണ്. പ്രിയ സഹോദരങ്ങളെ "എന്റെ വചനം കേൾക്കുകയും അത് അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർ മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നിരിക്കുന്നു" എന്ന് നാം വായിക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്ന ഭക്ഷിച്ചു, എങ്കിലും അവർ മരിച്ചു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും". എന്നീ വാക്യങ്ങളിൽ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നത് അവിടുത്തെ വചനം കേൾക്കുകയും ഭക്തിയോടും ശ്രദ്ധയോടും കൂടെ ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുന്നവന് നിത്യസൗഭാഗ്യം ഉണ്ടെന്ന് ആണല്ലോ. ദൈവം നല്കിയ എല്ലാ അവസരങ്ങളെയും അദ്ദേഹം നന്നായി പ്രയോജനപ്പെടുത്തി തന്റെ നിത്യ

www.malankaralibrary.com

സമ്മാനത്തിനായി യോഗ്യതനേടി. അദ്ദേഹത്തിനു ഒരു വലിയ ശിഷ്യ ഗണം തന്നെ ഉണ്ട് എന്നുള്ളത് നന്ദിയോടെ ഓർക്കുകയാണ്. വിവിധ എപ്പിസ്കോപ്പൽ സഭകളിലെ മലങ്കരസുറിയാനി സഭയിലെ ഉൾപ്പെടെ ഏതാണ്ട് ഏഴോളം മെത്രാപ്പോലീത്താമാരെ അദ്ദേഹം പഠിപ്പിച്ചു പരിശീലിപ്പിച്ച ഒരു വന്ദ്യ ഗുരുഭൂതനാണ്. ഇവിടെ സന്നിഹിതനായിരിക്കുന്ന പ്രിയപ്പെട്ട ഫിലിപ്പോസ് നടമല അച്ചനെ കുറിച്ച് അദ്ദേഹം എപ്പോഴും അഭിമാനത്തോടെ പറയാറുണ്ട്. കഴിഞ്ഞ 2 ആഴ്ച മുമ്പ് ഞാൻ ഇവിടെ വന്നപ്പോഴും അദ്ദേഹം ഫിലിപ്പോസ് അച്ചന് എക്യുമെനിക്കൽ പരിപാടിക്കുവന്നോ? ജൂലൈ 3 ന്റെ കുർബാനയ്ക്കു വന്നിരുന്നോ എന്നൊക്കെ എന്നോട് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശിഷ്യൻ ആണെന്നുള്ള രീതിയിൽ വളരെ അഭിമാനത്തോടുകൂടി ജോർജ്ജ് സാർ അച്ചനെക്കുറിച്ച് പറയുമായിരുന്നു. വളരെ സുഖമില്ലാഞ്ഞിട്ടും ഫിലിപ്പോസ് അച്ചൻ ഇതിൽ സംബന്ധിക്കുവാൻ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളത് ആ ഗുരുവിനോടുള്ള വലിയ ആദരവിന്റെ അടയാളമായിട്ട് ഞങ്ങൾ കാണുകയാണ്; ഒരു ഗുരുവിനെ സംബന്ധിച്ചിടത്തോളം ഒരിക്കലും അവർക്ക് മരണമില്ല. അവർ അനശ്വരരാണ്. അവരുടെ വിദ്യാർത്ഥികളുടെ ഹൃദയത്തിൽ സഹപ്രവർത്തകരുടെ ഹൃദയത്തിൽ എന്നും അവർ ജീവിക്കും. കൊട്ടാരക്കര പ്രദേശത്തു വളർന്നു വന്ന എന്നെ സംബന്ധിച്ചിടത്തോളം കുണ്ടറ MGD School ന്റെ പ്രശസ്തനായ ഹെഡ് മാസ്റ്റർ എന്നുള്ള നിലയിൽ ഇന്നു സമൂഹം ജോർജ്ജ് സാറിനെ നന്ദിയോടെ ഓർക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ മേൽ ചെലുത്തുന്ന സ്വാധീനമാണല്ലോ വിദ്യാഭ്യാസം. ജോർജ്ജ് സാർ അങ്ങനെയുള്ള സ്വാധീനം കൊടുത്തുകൊണ്ട് അനേകരെ പ്രോത്സാഹിപ്പിച്ച് നല്ല വഴിയിലൂടെ നയിച്ച ഈ വന്ദ്യ ഗുരുഭൂതൻ സ്വർഗ്ഗീയ ഭവനത്തിലേക്ക് കടന്നു ചെല്ലുമ്പോൾ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലോകാരംഭംമുതൽ 'നിങ്ങൾക്കായി കരുതിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യം' പ്രാപിപ്പീൻ എന്ന് കേട്ടുകൊണ്ട് ആ സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുവാനും ആ സ്വർഗ്ഗീയ സന്തോഷത്തിലായിരുന്നുകൊണ്ട് തന്റെ മക്കളെ, സഹോദരങ്ങളെ, കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുവാനും, ധൈര്യപ്പെടുത്തുവാനും, ശക്തിപ്പെടുത്തുവാനും ദൈവം അനുഗ്രഹം നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ജോർജ്ജ് സാറിന്റെ പാവനാത്മാവിന് നിത്യശാന്തി നേരുകയും ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നു.

■

www.malankaralibrary.com





89-ാം ജന്മദിനത്തിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനോടൊപ്പം

www.malankaralibrary.com

# ആദരണീയനായ എന്റെ ഏറ്റം പ്രിയപ്പെട്ട ഗുരുശ്രേഷ്ഠൻ



**അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത**
(മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ)

സ്നേഹനിധിയായിരുന്ന എന്റെ സഹോദരനും ഗുരുവുമായ ബഹുമാന്യനായ ഇരുമേട ജോർജ്ജ് സാറിനെക്കുറിച്ച് ഒരു ചെറിയ അനുസ്മരണം എഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഓർമ്മ കൾ എന്റെ സ്കൂൾ പഠനകാലത്തേക്ക് പോകുകയാണ്. 1955 ലാണ് ഞാൻ പുതുശ്ശേരി എ.ജി.ഡി സ്കൂളിൽ ചേരുന്നത്. എന്റെ സ്കൂൾ ജീവിതകാലത്ത് എന്നെ വളരെയധികം സ്വാധീനിച്ച രണ്ട് അദ്ധ്യാപ കർ എന്റെ മനസ്സിൽ സജീവമായിട്ട് എപ്പോഴും ഉണ്ട്. പ്രൈമറി സ്കൂളിൽ ഞങ്ങളുടെ ഹെഡ്മാസ്റ്റർ ആയിരുന്ന പുളിയൻകീഴ് കൊച്ചുസാറും, ഹൈസ്കൂളിൽ എന്റെ അദ്ധ്യാപകനായിരുന്ന ഇരുമേട ജോർജ്ജ് സാറും. ഇവർ രണ്ടുപേരും അതീവ ദൈവഭക്തരും വാക്കുകളിലും പ്രവൃത്തികളിലും ശിക്ഷണാബോധം ഉള്ളവരും യഥാർത്ഥ ഗുരുശ്രേ ഷ്ഠന്മാരും ആയിരുന്നു.

ഞാൻ ഹൈസ്കൂളിൽ വരുമ്പോൾ ഇരുമേട ജോർജ്ജ്സാർ എന്ന് കേൾക്കുന്നത് കുട്ടികൾക്ക് ഒരു പേടിസ്വപ്നമായിരുന്നു. കാരണം അദ്ദേഹം ഒരു കർക്കശക്കാരനും അച്ചടക്കബോധമുള്ളയാളും ആയി രുന്നു. കുട്ടികൾ എന്തെങ്കിലും നിയമലംഘനം നടത്തുകയോ ഗുരുത്വ ക്കേട് കാണിക്കുകയോ ചെയ്താൽ നല്ല തല്ല് കിട്ടുമെന്ന് കുട്ടികൾക്ക് ഉറപ്പായിരുന്നു. അതേസമയം വിദ്യാർത്ഥികളെ ആഴമായി അറിയുന്ന,

www.malankaralibrary.com

അവരെ സ്നേഹിക്കുന്ന ഒരു വലിയ ഹൃദയത്തിന്റെ ഉടമ കൂടെയാണ് അദ്ദേഹമെന്ന് താമസിയാതെ ഞാൻ തിരിച്ചറിഞ്ഞു. കൂടുതലായി അടുത്തറിഞ്ഞപ്പോൾ പ്രത്യേകിച്ച് ഞാൻ കാക്കനാട്ടിലേതാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം എന്നോട് ഒരു പ്രത്യേക വാത്സല്യം പ്രകടിപ്പിച്ചിരുന്നു. എല്ലാ വെള്ളിയാഴ്ചയും കത്തോലിക്കാ വിദ്യാർത്ഥികളെ മാത്രം, അതും കൂടി വന്നാൽ ഒരു 30 - 40 പേർ കാണും. അവരെയും കൊണ്ട് പുതുശ്ശേരി മുതൽ ഈട്ടിക്കൽ പള്ളിവരെ ഒരു തീർത്ഥാടനം പോലെ ലൈൻ നിന്ന് ജപമാലചൊല്ലി പൊയ്ക്കൊണ്ടിരുന്ന ഒരു കാലം ഞാൻ ഓർക്കുന്നു. അവിടെ ആ പള്ളിയിൽ ചെന്നാലും അവിടെ പ്രാർത്ഥനയുണ്ടാവും പ്രാർത്ഥന കഴിഞ്ഞാൽ അവിടെ Sodality എന്ന ഭക്തസംഘടനയുടെ മീറ്റിംഗ് ഉണ്ടാവും. ഇതിനെല്ലാം ജോർജ്ജ്സാറാണ് നേതൃത്വം നൽകിയിരുന്നത്. ഞാൻ ഓർക്കുന്നു എന്റെ ആയുസ്സിൽ ആദ്യമായിട്ടു ഞാൻ ചെയ്ത ഒരു അഭിപ്രായപ്രസംഗം അന്ന് അവിടെ ഉണ്ടായിരുന്ന വികാരി ബഹു. കുന്നത്ത് അച്ചൻ എഴുതിതന്നതാണ്. അതിന്റെ സാഹചര്യങ്ങൾ പോലും ഞാൻ ഓർക്കുന്നു. അന്ന് നല്ല പേപ്പർ ഒക്കെ കിട്ടാൻ പ്രയാസമായിരുന്നു. അതുകൊണ്ട് മിഷ്യൻ സണ്ടേയുടെ പോസ്റ്റർ അതിന്റെ പുറക്ഭാഗം എഴുതാത്തും പ്രിന്റ് ചെയ്യാത്തുമായതുകൊണ്ട് ബഹു. അച്ചൻ അത് ചെറിയ കഷണങ്ങളായിട്ട് മുറിച്ച് വയ്ക്കുകയും ഓരോ കഷണത്തിലും ഓരോ കുട്ടിക്കും ഒരു പ്രസംഗം എഴുതി കൊടുക്കുകയും ചെയ്തിരുന്നു. ആ പ്രസംഗം കൊണ്ടുപോയി അടുത്ത വെള്ളിയാഴ്ച വന്ന് കാണാപാഠം പറയണം. ആദ്യമൊക്കെ മുട്ടുകൾ കൂട്ടി ഇടിക്കുന്ന ഒരു 'സഭാകമ്പം' ഉണ്ടായിരുന്നു. എങ്കിലും ക്രമേണ അതിന്മേൽ ഒരു വിജയം നേടാനും ഒരു സമൂഹത്തെ അഭിമുഖീകരിക്കാനും ഒക്കെയുള്ള ഒരു ധൈര്യം ലഭിച്ചത് ഇതുപോലെയുള്ള സംഘടനകളിൽ നിന്നാണ്. ബഹു. കുന്നത്ത് അച്ചനും ജോർജ്ജ്സാറും എപ്പോഴും വൈദിക ജീവിതത്തോട് താത്പര്യമുള്ള കുട്ടികളെ പ്രത്യേകം അടുപ്പിച്ച് നിർത്തി പ്രോത്സാഹിപ്പിച്ചിരുന്നതായിട്ട് ഞാൻ ഓർക്കുന്നു. ഞാനും എന്റെ കൂടെ ഉണ്ടായിരുന്ന ഒരു ഐസക് പുലിപ്ര, ഇരുമേട ജോൺ അച്ചൻ ഞങ്ങളുടെ സീനിയർ ആയി പഠിച്ച ഫിലിപ്പ് ചക്കാലമുറിയിൽ അച്ചൻ, ചെലസ്ത്യൻ ഒ.ഐ.സി, മുതലായ അച്ചന്മാരെല്ലാം അക്കാലത്ത് അവിടുത്തെ വിദ്യാർത്ഥികൾ ആയിരുന്നു. അതുപോലെ ധാരാളം സിസ്റ്റേഴ്സ് ചെങ്ങരൂരിൽ നിന്നും കടമാകുളം, മുക്കൂർ പോ

www.malankaralibrary.com

ലെയുള്ള സമീപപ്രദേശങ്ങളിലെ പള്ളികളിൽ നിന്നും ഈട്ടിക്കൽപ ള്ളിയിൽ പ്രാർത്ഥനയ്ക്ക് വരുമായിരുന്നു. അന്ന് അത് ഒരു വളരെ കൊച്ചുപള്ളിയായിരുന്നു. ഞങ്ങളുടെ ഹെഡ്മാസ്റ്റർ ഞാൻ പഠിക്കുന്ന കാലത്ത് ബഹു. ഏബ്രഹാം പയ്യംപള്ളിയിൽ അച്ചനാണ്. വൈസ് പ്രിൻസിപ്പാൾ ആയിരുന്നത് ജോർജ് ഇരുമേട സാർ അദ്ദേഹം ഒരു ചൂരൽവടിയുമായി മൊത്തം ഒന്നു കറങ്ങിയാൽ സ്കൂൾ പരിസരം മുഴുവൻ പൂർണ്ണശാന്തമാകും അങ്ങനെ അദ്ദേഹം ഒരു പ്രാവശ്യം കറ ങ്ങികൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ ക്ലാസ്സിൽ അന്ന് അദ്ധ്യാപകരില്ലാ ത്തതിനാൽ നല്ല ബഹളം ആയിരുന്നു. ബഞ്ചിന്റെ ഒരു അറ്റത്തായി രുന്നു ഞാൻ ഇരുന്നിരുന്നത്. അപ്പോൾ നല്ല മഴയും കാറ്റുമൊക്കെ ആയിരുന്നതിനാൽ ബഹളം ഉണ്ടാക്കാൻ കുറച്ചൂടെ പ്രേരണയായി. മറ്റേ അറ്റത്തിരുന്ന നല് ബലിഷ്ഠരായിരുന്ന കുട്ടികൾ ഒരു തള്ള് തള്ളി യപ്പോൾ ഞങ്ങൾ 5-6 പേർ മറിഞ്ഞ് താഴെ വീണു. ആ സമയത്താണ് ജോർജ്ജ് സാർ ആവഴി വരുന്നത് മറിഞ്ഞു വീണുകിടന്ന ഞങ്ങളെയും തള്ളിയ എല്ലാവരെയും ഒരേ നിരയ്ക്ക് പിടിച്ച് നിർത്തി നല്ല രണ്ട് തല്ലുവീതം തന്നു. ഞാൻ അതിലെ ഇര ആയിരുന്നു. ഞാൻ കുറ്റവാളി യല്ല. എങ്കിലും തല്ലുകൊണ്ടു, എന്നതുകൊണ്ട് ഞാൻ അന്ന് കരഞ്ഞ തായി ഓർക്കുന്നുണ്ട്. അതുകഴിഞ്ഞ് എന്നെ വിളിച്ചിട്ട് സാർ പറഞ്ഞു. മോന്റെ നന്മയ്ക്കായിട്ടാണ് ഞാൻ തല്ലിയത് അതുകൊണ്ട് പ്രയാസ പ്പെടേണ്ട. ഞാൻ വൈദികനായ ശേഷവും അദ്ദേഹം എപ്പോൾ കണ്ടാലും ഞങ്ങളെ പ്രോത്സാഹിപ്പിക്കും. അതിനുമുൻപ് മറ്റൊരു സംഭ വമോർക്കുന്നത് ഞങ്ങളുടെ കല്ലൂപ്പാറ മണലിൽ കടവ് എന്നു പറ യുന്ന സ്ഥലമുണ്ട് ആ പ്രദേശത്ത് കാക്കനാട്ടിൽ കുടുംബക്കാരുടെ കുറെ പാടങ്ങളുണ്ട്. പാടത്ത് വെള്ളം കയറുമ്പോൾ ഓണ സീസൺ നോട് അനുബന്ധിച്ച് ജോർജ്ജച്ചായൻ (ഇരുമേടസർ) ആദ്യമായൊരു വള്ളംകളി സംഘടിപ്പിച്ചു. അതിനായി അദ്ദേഹം പ്രയത്നിച്ചു. കാരണം അങ്ങനെ ഒരു സംഭവം അവിടെ ഉണ്ടായിട്ടില്ല. അതുകൊണ്ട് അനേകം കൊച്ചുവള്ളങ്ങൾ സംഘടിപ്പിച്ച് അവർക്കുവേണ്ടി മത്സരങ്ങൾ ഏർപ്പെ ടുത്തുകയും അതിന് സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. അങ്ങനെ വള്ളംകളിയുടെ ഒരുക്കം നടന്ന അവസരത്തിൽ കുറേ വിദ്യാർത്ഥികൾ സാറിനെയും കയറ്റി വള്ളത്തിൽ വട്ടം കറങ്ങിയിട്ട് അവർ കുറച്ച് ആഴമുള്ളിടത്ത് ചെന്നപ്പോൾ വള്ളം മനപൂർവ്വം മുക്കി. തമാശ രീതിയിലാണ് മുക്കിയത്. അവർ ഉടനെത്തന്നെ വള്ളം

www.malankaralibrary.com

തിരിച്ചിട്ട് കയറിപ്പോവാൻ ശ്രമിച്ചു. പക്ഷെ ജോർജ്ജച്ചായന് നീന്തൽ വശമില്ലായിരുന്നു. സാർ വെള്ളം കുടിക്കുന്നത് കണ്ട് ഞാൻ പെട്ടെന്ന് വെള്ളത്തിലേക്ക് ചാടി സാറിനെ വീണ്ടും വള്ളത്തിലേക്ക് കയറ്റി. അന്ന് എനിക്ക് അധികം പ്രായമില്ല. എങ്കിലും വെള്ളവുമായി നല്ല അടുപ്പം ഉണ്ടായിരുന്നു. കാരണം ചെറുപ്പത്തിലെ നീന്തൽ നല്ല വശമായിരുന്നു. അങ്ങനെ ഒരു പ്രാവശ്യം മുങ്ങി താഴുന്ന ഒരു സാഹചര്യത്തിൽ നിന്ന് സാറിനെ കരകയറ്റാൻ സഹായിച്ചത് ഓർക്കുന്നു.

ഞാൻ വൈദികനായ ശേഷം അദ്ദേഹം എന്നെ കാണുമ്പോൾ നല്ല ഒരു പുരോഹിത ജീവിതം നയിക്കുന്നതിനെക്കുറിച്ച് നിരന്തരമായിട്ട് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം എനിക്ക് നൽകിയിട്ടുള്ള ഉപദേശങ്ങളിൽ ഒന്ന് ഞാൻ ഓർക്കുന്നത് "മോനേ ഒരു കാര്യം ഓർക്കുക. ശത്രുപട്ടാളം നമ്മളെ തോല്പിക്കണമെങ്കിൽ അവർ ആദ്യം ചെയ്യുക നമ്മുടെ സൈന്യാധിപനെ കൈവശമാക്കുക അല്ലെങ്കിൽ ബന്ധിയാക്കുക എന്നതാണ്. പിശാച് ഇതേ തന്ത്രമാണ് ഉപയോഗിക്കുക. ദൈവജനത്തിനും നേതൃത്വം നൽകുന്ന സൈന്യാധിപന്മാരാണ് വൈദികർ. അതുകൊണ്ട് വൈദീകരെ പാട്ടിലാക്കിയാൽ ദൈവജനത്തെ മുഴുവൻ പാട്ടിലാക്കാം എന്ന തത്വമാണ് പിശാച് എടുക്കുക. അതുകൊണ്ട് വളരെ സൂക്ഷിച്ച് വേണം ജീവിക്കാൻ ഞാൻ ചെങ്ങരൂർ പള്ളിയിൽ വികാരിയായി വന്ന ശേഷം ഞങ്ങളുടെ ബന്ധം കുറേക്കൂടെ സുദൃഢമായി കൃത്യമായി എല്ലാ ദിവസങ്ങളിലും പ്രത്യേകിച്ച് എല്ലാ ഞായറാഴ്ചകളിലും അദ്ദേഹം പള്ളിയിൽ വരുമായിരുന്നു. പള്ളിയിൽ വന്ന ശേഷം പ്രസംഗം ഒക്കെ കേട്ട് സാധാരണ രീതിയിൽ അവിടെ നിന്നിട്ട് എന്നെ ഒന്നു അനുമോദിച്ച് പോകുന്ന പതിവ് ഉണ്ടായിരുന്നു. കാരണം ഞാൻ ഒരുമാതിരി നന്നായി ഒരുങ്ങി പ്രസംഗിക്കുന്നതു കാരണം അതിലെ ഓരോ പോയിന്റും എടുത്ത് പറഞ്ഞിട്ട് അത് നന്നായി അല്ലെങ്കിൽ ഇത് ഇത്രയും നന്നായില്ല. എന്നൊക്കെയുള്ള പ്രോത്സാഹന രീതിയിൽ സംസാരിക്കുമായിരുന്നു. അദ്ദേഹം ഒരു വൈദീകനായില്ല എങ്കിലും അദ്ദേഹം ഒരിക്കൽ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. എന്റെ സഹപാഠിയായിരുന്നു ഏബ്രഹാം മാരേട്ട് അച്ചന് വൈദികനാകാൻ വലിയ താല്പര്യം ഇല്ലായിരുന്നു. എന്നാൽ ഞാൻ ഒത്തിരി ആഗ്രഹിച്ചു. ദൈവം വിധിച്ചത് നേരെ മറിച്ചാണ് അദ്ദേഹം പറയുമായിരുന്നു. അത് ദൈവവിളിയുടെ പ്രത്യേകതയാണ്. ഇതൊന്നും നമ്മുടെ

www.malankaralibrary.com

താത്പര്യത്തിൽ നിന്നോ നമ്മുടെ യോഗ്യതയിൽ നിന്നോ വരുന്നതല്ല. ദൈവം വിളിക്കും. അതിനനുസരിച്ചുള്ള വഴി കാണിക്കും അപ്രകാരം പ്രവർത്തിക്കുകയെന്നാണ് നമ്മുടെ കടമ.

രോഗാവസ്ഥയിലും വാർദ്ധക്യത്തിലും പലപ്പോഴും ഞാൻ വീട്ടിൽ പോയി അച്ചായനെ കണ്ടിട്ടുണ്ട്. എങ്കിലും ഒരിക്കലും ഒരു പരാതി അദ്ദേഹത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. പൊതുവേ അദ്ദേഹം സംതൃപ്തനായിരുന്നു. ഒരു മകന്റെ മരണം അദ്ദേഹത്തെ വളരെയധികം ദുഃഖത്തിലാഴ്ത്തിയിരുന്നു. എന്നുള്ളത് അവസാനം വരെ ഉള്ള സംസാരത്തിൽ നിന്നും വ്യക്തമായിരുന്നു. അതുപോലെ ഭാര്യ യുടെ മരണവും അദ്ദേഹത്തെ ഒത്തിരി ദുഃഖത്തിലാഴ്ത്തിയ ഒരു സംഭ വമായിരുന്നു. വേദനകളുടെയും വേർപാടിന്റെയും അവസരത്തിൽ ആണ് ഒരാളുടെ വിശ്വാസം പ്രത്യക്ഷമാകുന്നത്. ഈ അവസരത്തി ലൊക്കെ അദ്ദേഹത്തെ ഞാൻ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഒരു ഉത്തമ ക്രിസ്ത്യാനിയെപ്പോലെ, കത്തോലിക്കനെപ്പോലെ അദ്ദേഹം ജീവിക്കുകയും ചെയ്തതായി സാക്ഷ്യപ്പെടുത്തട്ടെ. അദ്ദേഹം കത്തോ ലിക്കാ വിശ്വാസം എവിടെയും ഉറച്ച് പറയാൻ മടിച്ചില്ല. പ്രസംഗിക്കു വാൻ കിട്ടുന്ന എല്ലാ അവസരങ്ങളിലും അദ്ദേഹത്തിന്റെ കത്തോലിക്കാ വിശ്വാസം വളരെ വ്യക്തമായ ബോദ്ധ്യത്തോടെ, അവതരിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരു ഓർത്തഡോക്സ് മാനേജ്മെന്റിൽ ആണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ഒരു സാഹചര്യത്തിലും മാനേജ്മെന്റി നോട് ഉള്ള വിശ്വസ്തത അദ്ദേഹം കൈവിട്ടിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹത്തെ ഹെഡ്മാസ്റ്റർ ആയി അവർ പ്രൊമോട്ട് ചെയ്തത്. എങ്കിലും ആരുടെ മുമ്പിലും അദ്ദേഹം കത്തോലിക്കാ വിശ്വാസം ഏറ്റ് പറയുന്ന ഉത്തമ സാക്ഷിയായിരുന്നു എന്നുള്ളത് ഞാൻ വളരെ നന്ദി യോടെ ഓർക്കുന്നു. കാരണം അങ്ങനെയുള്ളവർ ചുരുങ്ങി വരികയാ ണ്. അവനവന് വിശ്വാസം ഉണ്ട് എങ്കിൽ അത് മനസ്സിൽ മതി അത് പുറത്തു പറയണ്ട എന്ന് കരുതുന്ന ഒരു മനോഭാവത്തിനെതി രായിട്ടായിരുന്നു. അദ്ദേഹം ജീവിച്ചത് എന്നാണ് എന്റെ വിശ്വാസം. നമ്മുടെ വിശ്വാസം നാം തുറന്ന് പറയണം എങ്കിൽ മാത്രമേ മറ്റുള്ള വർക്ക് അത് മനസ്സിലാക്കാനും വിലയിരുത്തുവാനും ഒരുപക്ഷേ അത് അനുധാവനം ചെയ്യാനും സാധിക്കുകയുള്ളു.

www.malankaralibrary.com

ടീച്ചേഴ്സ് ഗിൽഡ് എന്നുള്ള ഒരു പ്രസ്ഥാനം 1934 – നോടടുത്ത് ചെറുപുഷ്പഗിരി. അരമനയോട് ചേർന്ന് സ്ഥാപിതമായിരുന്നു. നമ്മുടെ അൽമായ നേതാക്കന്മാരെ വാരാന്ത്യത്തിൽ വിളിച്ച് കൂട്ടുകയും അവരെ ശരിയായ കത്തോലിക്ക വിശ്വാസം പഠിപ്പിച്ച ശേഷം (വെളിയിൽ പ്രസംഗം എന്നാണ് അതിനെ വിളിച്ചിരുന്നത് അതായത് പള്ളിക്കുള്ളിൽ വച്ചുള്ള പ്രസംഗം അല്ല) പൊതുസ്ഥലങ്ങളിലും ഒക്കെ പോയി കത്തോലിക്ക വിശ്വാസത്തെക്കുറിച്ചും പുനരൈക്യപ്രസ്ഥാനത്തെ കുറിച്ചും ധൈര്യമായിട്ട് പ്രസംഗിക്കുവാൻ അയയ്ക്കുന്ന പതിവ് ഉണ്ടായിരുന്നു. അതിനായിട്ട് അന്ന് ജനങ്ങൾക്കിടയിൽ വിദ്യാഭ്യാസമുള്ളവർ കുറവായിരുന്നതിനാൽ പിതാവ് തിരഞ്ഞെടുത്തവർ മിക്കവരും അദ്ധ്യാപകർ ആയിരുന്നു. അങ്ങനെ കല്ലൂപ്പാറ, ചെങ്ങരൂർ പ്രദേശത്തു നിന്ന് ധാരാളം പേർ ഇരവിപേരൂർ, പുറമറ്റം, വെണ്ണിക്കുളം, അയിരൂർ, റാന്നി വരെ പോയി പ്രസംഗിച്ചിട്ട് ഞയറാഴ്ച തിരിച്ചുവരും. അങ്ങനെയുള്ള അദ്ധ്യാപകർ എന്റെ കുടുംബത്തിലും എന്റെ നാട്ടിലുമൊക്കെ ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു വിശ്വാസജീവിതം സാക്ഷ്യമാക്കിയെടുത്ത ഒരുകൂട്ടം അദ്ധ്യാപകരുടെ അടുത്ത തലമുറയിൽപ്പെട്ട ആളായിരുന്നു ഇരുമേട ജോർജ്ജ് സാർ. അദ്ദേഹം ഒരു തുറന്ന പുസ്തകമായിരുന്നു. അദ്ദേഹത്തിൽ നിന്ന് നമ്മുക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കുവാനുണ്ട്. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹം മക്കളെപോലെ കരുതുന്ന വിദ്യാർത്ഥികൾക്കും ഉത്തമമായ വിദ്യാഭ്യാസവും നിഷ്ഠയോടുകൂടിയ ഒരു ജീവിതശൈലിയും നൽകാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ശിക്ഷണമില്ലാത്ത ആർക്കും ജീവിതത്തിൽ പുരോഗതി ഉണ്ടാവില്ല. അതുകൊണ്ട് ഉഴപ്പി ഒരു കാര്യം ചെയ്യാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. നല്ല അച്ചടക്കത്തോടെ വേണം ജീവിക്കാൻ. അതോടൊപ്പം കഠിനദ്ധ്യാനം, പ്രാർത്ഥന ഇത് മൂന്നുംകൂടി ആകുമ്പോൾ അവിടെ ഒരു പ്രത്യക്ഷമായ ഫലം ഉണ്ടാകുമെന്ന് അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹം സഭയ്ക്ക് ഒരു ജീവൻ ആയിരുന്നു. തിരുവല്ല അതിരൂപതയിൽ കുറച്ച് അല്മായരെ ബഹുമാനിക്കണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പേര് നിർദ്ദേശിച്ചത് ഞാനായിരുന്നു. കാരണം നേരിട്ടറിഞ്ഞ ക്രൈസ്തവ ജീവിതം ഉത്തമമായി ജീവിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തുവെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അദ്ദേഹത്തെ മലങ്കര കത്തോലിക്കാസഭ പ്രത്യേകമായി ആദരിക്കുവാൻ ഇടയായത്. എന്റെ പങ്ക് ഞാൻ പറഞ്ഞുവെങ്കിലും എന്റെ ഒരു ഉപദേശം കൊണ്ടോ നിർദ്ദേശം

www.malankaralibrary.com

കൊണ്ടോ മാത്രമാണെന്ന് എനിക്കു തോന്നുന്നില്ല. അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള അനേകർ അത് സാക്ഷ്യപ്പെടുത്തുമെന്നത് തീർച്ചയാണ്. എന്റെ ഒരു ജ്യേഷ്ഠ സഹോദരൻ കൂടിയാണദ്ദേഹം. അതുകൊണ്ട് ഒരു സഹോദൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ ദുഃഖിക്കുന്നു. അദ്ദേഹം നല്ലൊരു അദ്ധ്യാപകൻ എന്ന നിലയിൽ ഞങ്ങളെയൊക്കെ നന്നായി ജീവിക്കുവാനും വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കുവാനുമൊക്കെ ഉത്തമ പ്രേരണ നൽകിയ ഒരു അദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. പ്രത്യേകിച്ച് ഞങ്ങൾക്കു വളരെയധികം വേണ്ടപ്പെട്ട ഇരുമേട കുടുംബാംഗങ്ങളോട് അങ്ങേയറ്റം ഹൃദ്യമായിട്ടുള്ള അനുശോചനം അറിയിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ മരണവാർത്ത യൂറോപ്യൻ സന്ദർശന ശേഷമാണ് അറിയുന്നത്. അറിഞ്ഞ അന്ന് വൈകിട്ട് തന്നെ ഞാൻ അദ്ദേഹത്തിനു വേണ്ടി ദിവ്യബലി അർപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ 41-ാം ചരമദിനത്തിൽ വി. ബലി അർപ്പിക്കുന്നതിനും കബറിങ്കൽ പ്രാർത്ഥിക്കുന്നതിനും എനിക്ക് അതിയായ സന്തോഷം ഉണ്ട്.

കർത്താവ് അനുഗ്രഹിക്കട്ടെ.

www.malankaralibrary.com



പ്രിയ ശിഷ്യൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിനോടൊപ്പം

www.malankaralibrary.com



# ഒരു തലമുറയുടെ മാർഗ്ഗദീപം

**ഡോ. യാക്കോബ് മാർ ഐറേനിയോസ്**

**മെത്രാപ്പോലീത്താ**

**(മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനാധിപൻ)**

ഇരുൾ നീക്കി പൊരുൾ കാട്ടിത്തരുന്നയാളാണ് ഗുരു. അത്തരം ഗുരുക്കന്മാർ ഏറെയില്ല. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ആത്മീകമാണ്. പിതാവ്, സ്നേഹിതൻ, ഉത്തേജകൻ, ആചാര്യൻ ഈ സംജ്ഞകളെല്ലാം ഗുരുവിന് ഇണങ്ങും. പല സന്ദർഭങ്ങളിലായി ഈ വേളകൾ കയ്യാളാതെ ഉത്തമഗുരുവാകുക എളുപ്പമല്ല. ആദ്യകാലത്ത് താപസ്വികളും, മഹർഷിമാരും ഗുരുക്കന്മാരായിരുന്നു എന്നത് സ്മരണീയമാണ്. ആത്മജ്ഞാനം നേടി, ഈശ്വര തുല്യനായ ഒരാളിനെയാണ്, ശിഷ്യർ ഗുരുവിൽ തേടിയിരുന്നത്. കാലക്രമത്തിൽ ഇപ്പറഞ്ഞതിനെല്ലാം സാരമായ അപഭ്രംശം സംഭവിച്ചിട്ടുണ്ടെങ്കിലും "ഗുരുത്വ" സങ്കല്പത്തിൽ വെള്ളം ചേർക്കുക പാടില്ലല്ലോ. പൊരുളറിയാത്തയാൾ ഗുരുവാകുക അസാദ്ധ്യമാകുന്നത് അതുകൊണ്ടാണ്.

അദ്ധ്യാപനം വേതനം പറ്റുന്ന ഒരു തൊഴിലായി മാറിയപ്പോൾ ഇപ്പറഞ്ഞ ഗുരുവിന്റെ മുഖം കാര്യമായി മങ്ങലേറ്റതായിക്കാണുന്നു. ശിഷ്യനിൽ നിന്ന് 'ദക്ഷിണ' വാങ്ങേണ്ടയാവശ്യം ഇന്നത്തെ ഗുരുവിനില്ല; വേതനം ക്രമമായി നൽകുന്നത് സർക്കാർ എന്ന മറ്റൊരു എജൻസിയാണ്. ഇതെല്ലാമാണെങ്കിലും ഇന്നും അദ്ധ്യാപകരുമുണ്ട്; വിദ്യാർത്ഥികളുമുണ്ട്. എല്ലാം നഷ്ടമായിട്ടില്ല എന്നുറപ്പു നൽകുന്ന വ്യക്തികളും സാഹചര്യങ്ങളും ഇന്നും ലഭ്യമാണ്.

www.malankaralibrary.com

അത്തരമൊരു ആദർശനിഷ്ഠനായ ഗുരുവാണ് എന്റെ ഗുരുനാഥനായ ജോർജ്ജ് ഇരുമേട സാർ. ഇങ്ങനത്തെ ഗുരു "ഗുരുവായിരുന്ന" യാളല്ല; ഇന്നും ഗുരുതന്നെ. ഇന്നത്തെ ഭൗതികസൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒന്നും ലഭ്യമല്ലാതിരുന്ന കാലത്ത്, ഇതെല്ലാം വേണ്ടുവോളമുള്ള ആധുനിക കാലത്തെ അദ്ധ്യാപകർക്കു പോലും മാതൃകയായിരിക്കണമെന്ന് സങ്കല്പിക്കുമെങ്കിൽ, അതിലെ പ്രധാന അംശങ്ങളെല്ലാം അദ്ദേഹത്തിൽ അന്തർലീനമായിരുന്നു.

തൂവെള്ള വസ്ത്രധാരിയായി പ്രത്യക്ഷപ്പെടുന്ന "ഇരുമേട ജോർജ്ജ്സാർ" എം.ജി.ഡി. സ്കൂളിന്റെ പ്രതീകം തന്നെയായിരുന്നു. അദ്ദേഹം സ്കൂളിൽ വന്നാൽ അവിടുത്തെ മണൽത്തരികൾപോലും അതറിയും. ധാടിയായ പെരുമാറ്റമോ, ധാർഷ്ട്യമോ കൊണ്ട് ശിഷ്യരെ സ്വാധീനിച്ചയാളല്ലായിരുന്നു ജോർജ്ജുസാർ. 'ശാന്തമായ കർക്കശ്യ' ത്തിന്റെ ആ ഉടമ അങ്ങനെ സമസ്തവിദ്യാർത്ഥികളുടെയും മനസ്സിൽ കുടിയേറിയിരുന്നു. എല്ലാ ക്ലാസ്സുകളിലും ഡിവിഷനുകളിലും അദ്ദേഹം പഠിപ്പിച്ചിരുന്നില്ല; എങ്കിലും വിദ്യാർത്ഥിലോകത്തിന്റെ മുഴുവൻ അദ്ധ്യാപകനായിരുന്നു അദ്ദേഹം. അപൂർവ്വ പ്രതിഭകൾക്കും മാത്രം ലഭ്യമാകുന്ന ഒരു പദവിയും മേന്മയുമാണിത്. നേരത്തെ സ്കൂളിലെത്തുകയും, താമസിച്ച് മടങ്ങുകയും ചെയ്യുക ശീലമാക്കിയിരുന്ന ഈ ഗുരു, സ്കൂളിനെ തന്റെ പ്രാണനെപ്പോലെ കരുതിയിരുന്നു. അദ്ധ്യാപകൻ കേവലം "പഠനം നടത്തുന്ന" യാൾ അല്ലെന്നും, വിദ്യാർത്ഥികളെ നല്ല മനുഷ്യരാക്കി ഉത്തമ പൗരന്മാരാക്കുന്നതിൽ അവർക്ക് നിർണ്ണായക പങ്കു വഹിക്കാനുണ്ടെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. ഇക്കാര്യത്തിൽ, നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിച്ചു, വളർത്തുന്നതോടൊപ്പം, സമസ്തകാര്യങ്ങളിലും അച്ചടക്കം നിലനിർത്തേണ്ടത് ഒരു "മിഷനാ"യിട്ടാണ് ഈ ഗുരു കണ്ടത്. ശാരീരിക ശിക്ഷ മിക്കവാറും അപ്രത്യക്ഷമായിരിക്കുന്ന ഇക്കാലത്ത് ഈ ശൈലി ആദ്യമാണെന്നു തോന്നിയേക്കാം. പക്ഷെ " തല്ലും തലോടലും" വജ്രായുധമാക്കിയ ജോർജ്ജുസാർ അത് അങ്ങനെയങ്ങോട്ട് അംഗീകരിക്കുമെന്നു തോന്നുന്നില്ല. സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ ഭയപ്പെടുന്നത് കള്ളന്മാരും കൊള്ളക്കാരും മാത്രം. നിയമം പാലിക്കുന്നവർക്ക് പോലീസുകാർ മൈത്രിജനമാകുന്നു. ഇന്നത്തെ രീതിയിൽ നിന്നു വ്യത്യസ്ഥമായി, മുതിർന്ന വിദ്യാർത്ഥികൾ ഹൈസ്കൂളിലെത്തുന്ന കാലം. (രണ്ടും മൂന്നും ക്ലാസ്സിൽ തോറ്റിട്ടുവരുന്നവരെന്നു കരുതാം). അവരെ ചട്ടംപി

www.malankaralibrary.com

ടിച്ച് വഴിക്കുവരുത്താൻ അസാധാരണമായ ആജ്ഞാശക്തിയും മെയ്‌വഴക്കവും വേണം. ഇക്കാര്യത്തിൽ സർവ്വത്ര “സമ്പന്ന’നായിരുന്നു നമ്മുടെ കഥാനായകൻ. അനുസരണക്കേടും, അതിരു കടക്കുന്ന കുസൃതികളും കാട്ടുന്നവരുടെ മുമ്പിൽ ഒരു വെള്ളിടിപോലെയാണ് ജോർജ്ജുസാർ പ്രത്യക്ഷപ്പെട്ടിരുന്നത്. അതോടെ രംഗം മാറും. താക്കീതും ശിക്ഷയും സുനിശ്ചിതം. പക്ഷെ ശിക്ഷിക്കപ്പെട്ടവർക്കാർക്കും ജോർജ്ജുസാറിനോട് പകയോ വിരോധമോ ഉണ്ടായിരുന്നില്ല.

കാരണം, ഓരോ വിദ്യാർത്ഥിയുടെയും കുടുംബപശ്ചാത്തലത്തെയും മാതാപിതാക്കളെയും ജോർജ്ജസാറിന് നന്നായി അറിയാമായിരുന്നു. ഈ പശ്ചാത്തല അറിവ് അദ്ദേഹത്തെ കേവലം ഒരു “സാറിന്റെ” നിലവാരത്തിൽ നിന്നും വളരെ ഉയർത്തി. ഇത് ഒരു ആത്മവിശ്വാസത്തിന്റെ പരിശുദ്ധിയുടെ കഥയാണ്. ഇത്തരം സാഹചര്യങ്ങൾ ഇക്കാലത്ത് വിരളമാണ്. വിദ്യാർത്ഥി ലോകത്ത് അക്ഷരാർത്ഥത്തിൽ ഒരു ‘Terror’ ആയിരുന്നെങ്കിലും ആത്മാർത്ഥമായ സ്നേഹത്തിന്റെ നിറകുടവും മനുഷ്യസ്നേഹിയുമായിരുന്നു അദ്ദേഹം. താൻ ജോലി ചെയ്യുന്ന വിദ്യാലയത്തിന്റെ പുരോഗതിയും, തന്റെ വിദ്യാർത്ഥികളുടെ ഉയർച്ചയും - ഇതുമാത്രമായിരുന്നു അദ്ദേഹത്തിലെ അദ്ധ്യാപകന്റെ ‘അജണ്ട’ യഥാർത്ഥ സ്നേഹമുള്ളവർ ശിക്ഷിച്ചാൽ, അതിന്മേൽ ശിക്ഷിതന് പരാതിയുണ്ടാകാൻ സാദ്ധ്യതയില്ല! തന്റെ വിദ്യാർത്ഥികൾ ജീവിതത്തിൽ ഉയർന്നു വരുന്നത് കണ്ട് അദ്ദേഹം ഏറെ സന്തോഷിച്ചിരുന്നു.

അങ്ങനെ പെൻഷൻ പറ്റി പിരിഞ്ഞ ശേഷവും അദ്ദേഹത്തിലെ വ്യക്തി പ്രഭാവത്തിന് ഒരുമാറ്റവും വരാതെ എല്ലാവർക്കും എല്ലാ അളവിനും അർത്ഥത്തിലും “ജോർജ്ജുസാർ’ തന്നെയായി അദ്ദേഹം നിലകൊണ്ടു. അക്കാരണത്താൽ സമൂഹത്തിലെ ഇതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും, വിശേഷാൽ എക്യുമെനിക്കൽ സംരംഭങ്ങളിൽ പ്രവർത്തിക്കുന്നതിനും അദ്ദേഹത്തിന് അവസരമുണ്ടായി. ഉൾപ്പെട്ടിരുന്ന സഭയുടേതല്ലെങ്കിലും ചെങ്ങരൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയെ തന്റെ മാതൃദൈവാലയം പോലെ അദ്ദേഹം കരുതിയിരുന്നു. അത്യന്തം ഹൃദയവിശാലതയുള്ള ഒരാളിനു മാത്രമേ ഇങ്ങനെ വിരാജിക്കാനാവൂ.

www.malankaralibrary.com

തികഞ്ഞ വാർദ്ധക്യത്തിലെത്തിയ ശേഷവും സാംസ്കാരിക-സഭാ രംഗങ്ങളിൽ നേതാവായി അദ്ദേഹം തലയുയർത്തി നിന്നു. ഈ വലിയ മനുഷ്യന്റെ വിയോഗം ഒരു നാടിന്റെ ദുഃഖമായി മാറിയതിൽ അത്ഭുതമില്ല.

കുടുംബപരമായി അദ്ദേഹം എനിക്ക് പിതൃസ്ഥാനിയാണ്. ഒരു പിതാവും, സുഹൃത്തും, മുതിർന്ന സഹോദരനും, സഹൃദയനും സഭാ സ്നേഹിയുമായിട്ടാണ്, ഞാൻ എന്റെ ഗുരുനാഥനെ കാണുന്നത്. അദ്ദേഹം സേവനം ചെയ്ത എല്ലാ സ്ഥാപനങ്ങളിലും 'പ്രിയങ്കരനായ' ഗുരുവായിരുന്നു അദ്ദേഹം. എവിടെവെച്ചു കണ്ടാലും ഓടിവന്ന് കുശലം ചോദിക്കും. സ്വദേശത്ത് ഞാൻ എത്തിയാൽ ജോർജ്ജുസാറും അവിടെയുണ്ടാകും.

ഭൗതികജീവിത ശുശ്രൂഷകൾ പൂർത്തിയാക്കി, മഹത്വത്തിലേക്കു കടന്നിരിക്കുന്ന എന്റെ ആദരണീയനായ ഗുരുനാഥന് വിനയപൂർവ്വമായ ശ്രദ്ധാഞ്ജലി അർപ്പിക്കട്ടെ!

www.malankaralibrary.com



# പകരക്കാരനില്ലാത്ത അമരക്കാരൻ

**ഡോ. സക്കറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ**

(ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനാധിപൻ)

M.G.D. High School Puthussery യിലെ എന്റെ പഠനകാലം 1962 ജൂൺ മുതൽ 1967 ഏപ്രിൽ വരെയായിരുന്നു. സ്കൂളിൽ ഓരോ ക്ലാസ്സിലും ഏകദേശം 5 ഡിവിഷൻ ഉണ്ടായിരുന്നു. എന്നാൽ 5 വർഷം കൊണ്ട് 5 ഡിവിഷനിലും പഠിക്കാനുള്ള ഭാഗ്യം ലഭിച്ചു 1962- 63 VI D, 63 - 64 VII C, 64-65 VIII B, 65- 66 IX E, 66 - 67 XA, VI D യിൽ ഐസക്സാറും VII C യിൽ പൗലോസ് സാറും, VIII B യിൽ പിന്നീട് ബാലമ്മ ടീച്ചറും 9 E യിൽ തോമസ് സാറും XA യിൽ മത്തായി സാറുമായിരുന്നു ക്ലാസ്സ് ടീച്ചർമാർ.

ഈ വർഷങ്ങളിൽ ഏറ്റം ശ്രേഷ്ഠമായ വർഷമായിരുന്നു 1964-65. നാട്ടിൽ ഒരു സയൻസ് എക്സിബിഷൻ "ചാച്ചാ നെഹ്റു സയൻസ് എക്സിബിഷൻ" 1964 നവംബർ 14 മുതൽ രണ്ടാഴ്ച എന്നാൽ ഒരു മാസത്തിലധികം ദിവസം നാടിന് ഒരു അനുഗ്രഹമായി അത് മാറി. ആ വർഷമാണ് വി. ജോർജ്ജ് ഇരുമേട സാറിനെ എല്ലാവരും ശ്രദ്ധിക്കുന്നത്. പകരക്കാരനില്ലാത്ത ഒരമരക്കാരൻ ജോർജ്ജ് സാർ എല്ലാരുടെയും കണ്ണിലുണ്ണിയായി. അക്കാലത്ത് വീട്ടുപേരിൽ അറിയപ്പെടുന്ന ഏതാനും സാറന്മാരുണ്ടായിരുന്നു. ഇരുമേട ജോർജ്ജുസാറിനെ പ്രത്യേകം തിരിച്ചറിയുവാൻ വീട്ടുപേരും ഉപയോഗിക്കുവാൻ തുടങ്ങി. ഒരു പക്ഷേ പയ്യംപള്ളിലെ ജോർജ്ജ് സാറിൽ നിന്നും തിരിച്ചറിയാനായിരിക്കാം. എക്സിബിഷനോടൊപ്പം സ്കൂളിനു വൻ പ്രശസ്തി

www.malankaralibrary.com

ഉണ്ടായി, ജോർജ്ജു സാർ എല്ലാവരുടേയും നേതാവുമായി. സ്കൂൾ മാനേജ്മെന്റ് 1965 ൽ ജോർജ്ജ് സാറിനെ വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിലേക്ക് ഹെഡ്മാസ്റ്ററായി പ്രമോഷൻ നൽകി നിയമിച്ചു എങ്കിലും എല്ലാവരുടേയും നേതാവായി തുടർന്നു ഇരുമേട ജോർജ്ജ് സാർ.

പുതുശ്ശേരി സ്കൂളിലെ വിദ്യാർത്ഥികളിൽ പലരും വൈദികരായി അവരെ അഭിമാനത്തോടെ കണ്ടുകൊണ്ട് സാർ പറയുമായിരുന്നു വെള്ളിയാഴ്ച പ്രാർത്ഥനയുടെ അനുഗ്രഹമാണീ വൈദികർ എന്ന്. വെള്ളിയാഴ്ച പ്രാർത്ഥന കൂടാതെ മൂന്നുനോമ്പിൽ മൂന്ന്ദിവസവും ഉച്ചനമസ്കാരവും 40 കുമ്പിടിലും മറ്റും ഉണ്ടായിരുന്നു. അതിന്റെ നേതൃത്വം ജോർജ്ജ് സാറിനായിരുന്നു. പ്രത്യേകം ചുമതലപ്പെടേണ്ട അദ്ധ്യാപകർ ഉണ്ടെങ്കിലും.

ഡിഗ്രി പഠനത്തിനു ശേഷം ഞാനും വൈദികനാകാൻ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നു. അക്കാലയളവിൽ ജോർജ്ജ് സാർ ഉദ്യോഗാർത്ഥം സാമ്പിയായിൽ ആയിരുന്നു. 1977 -ൽ ശെമ്മാശ്ശനാകുമ്പോൾ അനുഗ്രഹം തേടി സാറിനെ വിവരം അറിയിക്കണമെന്നുണ്ടായിരുന്നു. ചില തടസ്സങ്ങളാൽ അതു സാധിച്ചില്ല.

വിദ്യാർത്ഥികളോടുള്ള പ്രവർത്തനത്തിലായിരുന്നു ഞാൻ എന്ന് പറഞ്ഞല്ലോ. സാറിന്റെ മറ്റൊരു നിർദ്ദേശം നമുക്ക് എം.ബി.ബി.എസ് എന്ന ഒരു പ്രസ്ഥാനം തുടങ്ങണം എല്ലാ കുട്ടികളേയും ഉദ്ദേശിച്ചു കൊണ്ടാണ് "മാർ ബസ്സേലിയോസ് ബാല സമാജം" കുട്ടികളുടെ സ്നേഹിതനായിരുന്നു ജോർജ്ജ് സാർ.

ജോർജ്ജ് സാറിനെ പലപ്പോഴും കാണുന്നത് ചെങ്ങരൂർ പള്ളി യിൽ വച്ചായിരുന്നു. ഒരു ദിവസം വട്ടക്കുന്നേൽ ബാവാ (മാത്യൂസ് പ്രഥമൻ ബാവ) ചെങ്ങരൂർ പള്ളിയിൽ വന്നു. കണമൂട്ടിൽ കെ.പി. ഈപ്പൻ അച്ചൻ സാറിനെ പരിചയപ്പെടുത്തി പറഞ്ഞു "ഇത് നമ്മുടെ ഇരുമേട ജോർജ്ജ് സാറാണ് " ബാവാ തിരുമേനി സാറിനെ നോക്കി യിട്ടു പറഞ്ഞു. "താമസിക്കുകയാണെങ്കിൽ ഒരു മേടയിലെ താമസി ക്കാവൂ. ഇരുമേടയിലാവരുത്" വിനീതനായി സാർ മറുപടി പറഞ്ഞു. വീട്ടുപേരാണ് ഇരുമേട. താമസം ഒരു മേടയിലാണ്. തിരുമേനിയുടെ

www.malankaralibrary.com

നർമ്മരസം അറിയില്ലായെങ്കിൽ നമുക്ക് പ്രയാസം തോന്നാം എന്നാൽ അതു വിനയത്തോടെ ഉൾക്കൊണ്ട് സാർ തക്ക ഉത്തരം നൽകി.

മേൽപ്പട്ടസ്ഥാനം ഏറ്റതിനു ശേഷം ഒരു ദിവസം കണ്ടപ്പോൾ പറഞ്ഞു. മണിമല ആറ് അനുഗ്രഹിക്കപ്പെട്ടതാണ്. അതിന്റെ തീരത്ത് 30 ൽപരം മെത്രാന്മാർ ഉണ്ട്. മണിമലയിൽ കത്തോലിക്കാ സഭയിലെ കർദ്ദിനാൾ ആന്റണി പടിയറ പിതാവ് മുതൽ തന്റെ മൂന്നു ശിഷ്യന്മാരും അതിലുൾപ്പെടുന്നുണ്ടെന്ന് അഭിമാനത്തോടെ പറയുമായിരുന്നു.

ചെങ്ങരൂർ പള്ളിയിൽ ഏതു പരിപാടിയ്ക്കു ചെന്നാലും സാർ അവിടെക്കാണുമായിരുന്നു. എല്ലാവരും പോയാലും സാർ അവിടെ കാത്തുനിൽക്കും. ഒന്നു കാണുവാൻ ഒരു വാക്കു പറയുവാൻ അനുഗ്രഹം പ്രാപിക്കുവാനും അനുഗ്രഹിപ്പാനും. കൈകൾ കൂപ്പി വിനയത്തോടും പുഞ്ചിരിയോടും അഭിമാനത്തോടുമുള്ള ആ ദൃശ്യം എപ്പോഴും സാറിനെ കുറിച്ചുള്ള ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.

നാട്ടിൽ വരുമ്പോൾ മിക്കവാറും കാണുമായിരുന്നു. സുഖമില്ലാതെയിരിക്കുമ്പോൾ വീട്ടിൽ പോയി കാണുവാനും പ്രാർത്ഥിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചു. രോഗിയായ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ടെന്ന് എന്നും അദ്ദേഹം പറയുമായിരുന്നു.

ജോർജ്ജ് സാറിന്റെ മരണവാർത്ത് അറിഞ്ഞു ഞാൻ വീട്ടിൽ ചെന്നപ്പോൾ ആരും ഇല്ലായിരുന്നു. ആ പ്രാർത്ഥനാ മുറിയിൽ കയറി പ്രാർത്ഥിച്ചു. "മക്കളിലപ്പൻ കൃപചെയ്‌വതുപോലെ...." എന്നുള്ള പ്രാർത്ഥന.

പകരക്കാരനില്ലാത്ത ആ അമരക്കാരന്റെ പരിശുദ്ധ ഓർമ്മയുടെ മുമ്പിൽ തലകുനിക്കുന്നു. ഗുരുക്കന്മാരുടെ പ്രാർത്ഥന ശിഷ്യന്മാർക്ക് അനുഗ്രഹമായിത്തീരട്ടെ.

www.malankaralibrary.com




സഹോദരങ്ങൾക്കൊപ്പം

www.malankaralibrary.com



## ബഹു. ജോർജ്ജ് ഇരുമേട സാർ

# തലമുറകൾക്ക് ഉത്തമ മാതൃകയും നിത്യപ്രകാശവും

**അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത**

(തിരുവല്ല അതിരൂപതാ സഹായ മെത്രാൻ)

ബഹു. ജോർജ്ജ് ഇരുമേട എന്ന വ്യക്തി "ഇരുമേടസാർ" എന്ന വിശേഷണത്തോടെ എന്നും അറിയപ്പെട്ടിരുന്നു ആ ഗുരുനാമം സഭയിലും സമൂഹത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തിന്റെയും, അംഗീകാരത്തിന്റെയും ആദരവിന്റെയും അടയാളമായിരുന്നു.

ബഹു. ഇരുമേടസാറിനെപ്പറ്റിയുള്ള ഓർമ്മകൾ അനവധിയാണ്. ഒരു വൈദിക വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ബഹു. ഇരുമേട സാറിനെ കാണാനും കേൾക്കാനും എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഏറെ ജിജ്ഞാസയോടെയാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിച്ചിട്ടുള്ളത്. അത്രമാത്രം വിജ്ഞാനപ്രദവും പ്രചോദനകരവും ആയിരുന്നു, അദ്ദേഹത്തിന്റെ പ്രബോധങ്ങൾ. തിരുവല്ല അതിരൂപതയുടെ എം.സി വൈ.എം ഡയറക്ടർ ആയിരുന്നപ്പോൾ, അദ്ദേഹത്തെ എം.സി. വൈ.എം വേദികളിൽ സംലഭ്യനാക്കാൻ ഞാൻ ശ്രമിച്ചിരുന്നു. കാരണം അദ്ദേഹം യുവതലമുറകൾക്ക് വലിയ മാർഗ്ഗദീപമായിരുന്നു. പിന്നീട്, ഞാൻ പുഷ്പഗിരി ആശുപത്രിയിൽ സേവനം ചെയ്യുമ്പോൾ ബഹു. ഇരുമേടസാർ എനിക്ക് നല്ലൊരു ഉപദേശകനും പുഷ്പഗിരിയുടെ വലിയ അഭ്യുദയകാംംഷിയുമായിരുന്നു. ആതുരശുശ്രൂഷാരംഗത്ത്

www.malankaralibrary.com

സഭയും അതിരൂപതയും നിർവ്വഹിക്കേണ്ട ദൗത്യത്തെപ്പറ്റിയും അദ്ദേഹം പങ്കുവച്ചിരുന്നു. രൂപതയിലെയും തിരുവല്ലായിലെ പൊതുജനങ്ങളുടെയും വികാര-വിചാരങ്ങൾ ശ്രദ്ധയിൽകൊണ്ടുവരുന്നതിൽ അദ്ദേഹം നല്കിയിട്ടുള്ള സംഭാവനകൾ വിലയേറിയതാണ്. പുഷ്പഗിരി ആശുപത്രിയോടെ ചേർന്ന് ഒരു മെഡിക്കൽ കോളജ് ആരംഭിക്കുന്ന കാര്യങ്ങളും വളരെ മുൻകൂട്ടി വ്യക്തിപരമായും പൊതുവേദികളിലും അദ്ദേഹം നിർദ്ദേശിച്ചിരുന്നു. വിദ്യാഭ്യാസമേഖലയിലെ മാറിക്കൊണ്ടിരിക്കുന്ന പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും, അവയോട് സഭ എങ്ങനെ പ്രതികരിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ ചിന്തകൾ ഏറെ ശ്രദ്ധേയമായിരുന്നു.

വൈദിക പരിശീലനത്തെപ്പറ്റിയുള്ള ബഹു. ഇരുമേടസാറിന്റെ ഉപദേശങ്ങൾ വളരെ വിലയേറിയതായിരുന്നു. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയുടെ റെക്ടർ ആയിരുന്ന കാലയളവിൽ ഞങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളുടെ ഉള്ളടക്കം മലങ്കരസഭയിലെ വൈദികപരിശീലനവും വൈദികശുശ്രൂഷകളെപറ്റിയുമായിരുന്നു. വൈദിക പരിശീലനത്തിൽ ജീവിതവിശുദ്ധി, അറിവ്, കാര്യക്ഷമത, പ്രതിബദ്ധത തുടങ്ങിയ ഇടയനേതൃത്വ ഗുണങ്ങൾ വളർത്തുന്നതിൽ പരിശീലന കാലത്ത് വലിയ ഊന്നൽ നൽകണമെന്ന് അദ്ദേഹം എന്നെ പലപ്പോഴും ഓർമ്മപ്പെടുത്തിയിരുന്നു.

ബനഡിക്റ്റ് മാർഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാൾ എന്ന നിലയിൽ ബഹു. ഇരുമേട സാറിന്റെ ചിന്തകളും അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ അറിവും, ശ്രേഷ്ടതയും, പക്വതയും വിളിച്ചറിയിക്കുന്നതായിരുന്നു. മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവചരിത്രം, ആത്മീയത, സഭാദർശനങ്ങൾ, എക്യുമെനിക്കൽ കാഴ്ചപ്പാടുകൾ, മാനവീകത, വികസന സമീപനങ്ങൾ എന്നിവയെപറ്റിയുള്ള ഇരുമേടസാറിന്റെ വിശാലമായ അറിവുകൾ ആഴമായ അനുഭവത്തിൽ ചാലിച്ചവതരിപ്പിക്കുന്നതിൽ അദ്ദേഹം അതുല്യമായ വൈഭവം പ്രകടമാക്കിയിട്ടുണ്ട്. അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയുടെ നല്ല ആരാധകനായിരുന്നു അദ്ദേഹം ദിവ്യാത്മാക്കളായ ഇരുമേടസാറും മാർ ഗ്രീഗോറിയോസ് തിരുമേനിയും ഇപ്പോൾ ഒരുമിച്ച് സ്വർഗ്ഗത്തിലായിരുന്നു സതതം ആത്മിയ സംസർഗ്ഗത്തിലും സംഭാഷണത്തിലുമായിരിക്കും.

www.malankaralibrary.com

ബഹു. ഇരുമേടസാറിന്റെ സംഭാഷണങ്ങളിൽ എന്നോട് പങ്കു വച്ച മറ്റൊരു പ്രധാന വിഷയം തിരുവല്ലാ അതിരൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരു മേനിയെപറ്റിയുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളാണ് "പരമപരിശു ദ്ധനായ കൊച്ചുതിരുമേനി" എന്ന അദ്ദേഹത്തിന്റെ അനുഭവത്തെ സ്ഥിരി കരിക്കുന്ന പല സംഭവങ്ങളും ബഹു. ജോർജ്ജ് സാർ എന്നോട് പങ്കു വച്ചിട്ടുണ്ട്. തിരുമേനിയുടെ രോഗാവസ്ഥയെ ഉന്നതമായ ആത്മീയത യുടെ പ്രതിഭാസമായിട്ടാണ് അദ്ദേഹത്തിനനുഭവപ്പെട്ടിട്ടുള്ളത്. തിരു മേനിയെ ചികിത്സിച്ച ചങ്ങനാശ്ശേരി ശ്രീശങ്കരാ ആശുപത്രിയിലെ ഡോക്ടറുടെ സമാനമായ നിഗമനങ്ങളും ഇരുമേടസാർ ഉദ്ധരിച്ചിരു ന്നു. തിരുമേനിയുടെ വിശുദ്ധി സാക്ഷ്യപ്പെടുത്തുന്ന ആ ഡോക്ടറുടെ കത്തിന്റെ പകർപ്പും അദ്ദേഹത്തിന്റെ കൈവശമുള്ളതായി പറഞ്ഞിരു ന്നു. നമ്മുടെ സഭയിലെ എല്ലാ പിതാക്കന്മാരുമായി ബഹു. സാറിന് നല്ല ബന്ധമുണ്ടായിരുന്നു. അനേകം അകത്തോലിക്കാ വൈദികരും മെത്രാന്മാരുമായി അദ്ദേഹം സുദൃഢമായ ബന്ധം പുലർത്തിയിരുന്നു. അവരെല്ലാവരും ബഹു. ഇരുമേട സാറിനെ ഗുരുശ്രേഷ്ടനായി കരു തിയിരുന്നു.

ബഹു. ഇരുമേടസാറിന്റെ ശ്രേഷ്ടത വിളിച്ചറിയിക്കുന്ന മറ്റൊരു വേദിയാണ് "റ്റീച്ചേഴ്സ് ഗിൽഡ്". കത്തോലിക്ക അദ്ധ്യാപകരുടെ കറ യറ്റ വിശ്വാസം, സ്വഭാവശുദ്ധി, സഭാസ്നേഹം, ധാർമ്മികപക്വത, പൊതു നന്മ, രാഷ്ടവികസനം, പ്രതിബദ്ധത തുടങ്ങിയ കാര്യങ്ങളിൽ അദ്ദേ ഹത്തിനുണ്ടായിരുന്ന ദർശനങ്ങളും നിലപാടുകളും ഏറെ മാതൃകപ രമായിരുന്നു. കത്തോലിക്കാസഭയുടെ റിച്ചേഴ്സ് ഗിൽഡ് എന്ന പ്രസ്ഥാ നത്തിന്റെ ചരിത്രത്തിലെ ശ്രദ്ധേയനായ നേതാവായിരുന്നു. ബഹു. ഇരുമേട സാർ.

മലങ്കര സഭയിലെ വിശ്വാസപരിശീലന വേദിയായ സൺഡേ സ്കൂൾ പ്രസ്ഥാനത്തിന് ഒരിക്കലും മറക്കുവാനാവാത്ത മാതൃകാദ്ധ്യാ പകനായിരുന്നു ബഹു. ഇരുമേടസാർ. ഇടവകയിലെ അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ, രൂപതാതല ഭാരവാഹി, സഭാതല ഉപദേശ കൻ എന്നി വ്യത്യസ്തനിലകളിൽ അദ്ദേഹം നല്കിയിട്ടുള്ള സംഭാവ നകൾ വിലയേറിയതാണ്. വിശ്വാസപരവും ധാർമ്മികവുമായ വിഷയ ങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അറിവും അനുഭവവും ഏറെ ആഴമു

www.malankaralibrary.com

ള്ളതായിരുന്നു. ശക്തമായ ബോധ്യങ്ങളിൽ അദ്ദേഹം വിശ്വാസപരിശീലന ദൗത്യം നിർവ്വഹിച്ചു. വിശ്വാസത്തിന്റെ കൈമാറ്റ പ്രക്രിയ നിർവ്വഹിക്കുന്നതിലും ആവിഷ്കരിക്കുന്നതിലും ബഹു. സാറിന് സവിശേഷമായ സിദ്ധിയുണ്ടായിരുന്നു. നിറഞ്ഞ ദൈവസ്നേഹത്തിലും ഭക്തിയിലും, വിശ്വസ്തതയിലും, കാര്യക്ഷമതയിലും അദ്ദേഹം തന്റെ ദൗത്യം നിർവ്വഹിച്ചു. ഇടവകയിലെ ദിനംപ്രതിയുള്ള വി. കുർബ്ബാനയിൽ പങ്കുചേരുന്നതു മുതൽ സഭാതലത്തിലുള്ള എല്ലാ ആഘോഷങ്ങളിലും ബഹു. ഇരുമേടസാറിന്റെ പ്രചോദനാത്മകമായ സാന്നിദ്ധ്യം ഉണ്ടായിരുന്നു. തലമുറകളെ ദൈവമക്കളായി വളർത്തുന്നതിൽ അദ്ദേഹം നിർവ്വഹിച്ച പങ്ക് സഭാചരിത്രത്തിൽ എല്ലായ്പ്പോഴും ആദരിക്കപ്പെട്ട് അനുസ്മരിക്കപ്പെടേണ്ടതാണ്.

നല്ലവനും ഭക്തനുമായ ഒരു വിശ്വാസി, ഉത്തമ കുടുംബജീവിതം നയിച്ച മാതൃകാ കത്തോലിക്കൻ, അനേകർക്ക് അറിവിന്റെ ദീപം തെളിച്ച നല്ല ഗുരുശ്രേഷ്ടൻ, സർവ്വർക്കും മാർഗ്ഗദർശി, സമൂഹികപ്രവർത്തകൻ, സമകാലികജീവിത സാഹചര്യങ്ങളെ ഉദാത്തികരിച്ച പ്രതിഭാസമ്പന്നനായ അദ്ധ്യാപകൻ, സ്വന്തം കുടുംബത്തെയും സഭയെയും സമൂഹത്തെ മുഴുവനും നന്മയിലേക്കും ഉയർച്ചയിലേക്കും നയിച്ച ഉത്തമ നേതാവ് എന്നി നിലകളിൽ ബഹു. ഇരുമേട സാർ തന്റെ ജീവിത ദൗത്യം പൂർത്തികരിച്ചു. ഈ ധന്യജീവിതത്തിന്റെ അംഗീകാരമായി “ബാർ ഈത്തോ കാശീറോ.” സഭയുടെ ഉത്സാഹപുത്രൻ എന്ന ബഹുമതിയും നേടി. അദ്ദേഹം നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും ഇന്നലെയും ഇന്നും എന്നും നിറഞ്ഞുനില്ക്കുന്നു. ബഹു. ജോർജ്ജ് സാറിന്റെ നാമം മനുഷ്യചരിത്രത്തിൽ മാത്രമല്ല ജീവന്റെ പുസ്തകത്തിലും തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു, ബഹു. ജോർജ്ജ് ഇരുമേട സാറിന്റെ ഓർമ്മ അനശ്വരമായിരിക്കട്ടെ!

www.malankaralibrary.com



# ആദരണീയനായ ഇരുമേട ജോർജ്ജ് സാർ

## ബാർ ഈത്തോ കാശിറോ 'സഭയുടെ ഉത്സാഹപുത്രൻ; വിശാല സമൂഹത്തിന്റെയും'

**(വന്ദ്യ ചെറിയാൻ വറുഗീസ് രാമനാലിൽ കോറെപ്പിസ്കോപ്പാ)**

ധന്യമായൊരു ജീവിതം പിന്നിട്ട് നിത്യതയിലേക്ക് പ്രവേശിച്ച, ശ്രേഷ്ഠാധ്യാപകനെ ഓർക്കുക, സംതൃപ്തിദായകമാണ്. ഞാൻ ചെങ്ങരൂർ പ്രദേശത്ത് വന്നശേഷമാണ് ബഹു. സാറുമായി അടുത്തിടപെടുന്നത്. ഒരു മാതൃകാദ്ധ്യാപകനെന്ന നിലയിൽ നേരത്തെ കേട്ടിട്ടുണ്ട്. സാഹോദര്യവും സഹിഷ്ണുതയും സ്വകാര്യ ജീവിതത്തിലും പൊതു ജീവിതത്തിലും പരിശീലിപ്പിക്കാൻ എപ്പോഴും ശ്രമിച്ചിരുന്നയാൾ.

ജോർജ് സാറിന്റെ മാതാപിതാക്കളോടും സഹോദരങ്ങളോടും അടുത്തിടപെടാൻ സാധിച്ചിട്ടുണ്ട്. മാതാപിതാക്കൾ ജീവിതമൂല്യങ്ങൾ പരിശീലിക്കുകയും മക്കൾക്കതു പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നവരായിരുന്നു. അവരുടെ വാർദ്ധ്യക്യകാലത്തായിരുന്നു ഞാനവരെ പരിചയപ്പെട്ടതെങ്കിലും ശ്രദ്ധ പിടിച്ചുപറ്റുകയായിരുന്നു, വർഗീസ് സാറും ഭാര്യയും അവരുടെ ഭവനം നയിച്ച രീതി. പരിമിതികളുണ്ടായിരുന്നെങ്കിലും ആൺപെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും കോളജ് വിദ്യാഭ്യാസം നൽകി. വർഗീസ് സാറിന്റെ ചുവടുപിടിച്ച് എല്ലാവരും വിദ്യാഭ്യാസ മേഖലയിൽ ഉറച്ചു നിന്നു. രണ്ടു മക്കൾ സിസ്റ്റേഴ്സും (ബഥനി സന്യാസ സമൂഹത്തിലെ സി. അനൻസ്യേറ്റയും സി. ഇഗ്നേഷ്യസും) ഒരു മകൻ വൈദികനുമായി. ബഹു. ജോൺ ഇരുമേടയച്ചൻ.

www.malankaralibrary.com

അവരെല്ലാവരും അധ്യാപക ശുശ്രൂഷ അതിശ്രേഷ്ഠമായി നിർവഹിച്ചു. കുടുംബസ്ഥരായവരും ഇന്ത്യയിലും വിദേശത്തും ഈ ശുശ്രൂഷ തുടർന്നു. ഈ കുടുംബത്തിലെ പുതിയ തലമുറയോടു അടുത്തിടപെടാനും സഹകരിക്കാനും സാധിച്ചത് സന്തോഷത്തോടെ സ്മരിക്കുന്നു. എല്ലാം എല്ലായ്പോഴും ശുഭകരമായിരുന്നില്ല കുടുംബത്തിൽ. ഗൗരവകരമായ രോഗങ്ങളും അപകടങ്ങളുമൊക്കെ നേരിട്ടപ്പോഴും തളരാതെ ദൈവത്തിൽ ആശ്രയിച്ചും പരസ്പരം ബലപ്പെടുത്തിയും സഹകരിച്ചും കുടുംബത്തെ അവർ മുന്നോട്ടു നയിച്ചു.

ജോർജ് സാറിന്റെ മൂത്തമകൻ ലാലുമോൻ അറിയപ്പെടുന്ന ഒരു അന്തർദേശീയ കമ്പനിയുടെ ഏറ്റവും ഉയർന്ന എക്സിക്യൂട്ടീവാണ്. ജോർജ്സാർ ഉൾപ്പെടുന്ന ഒന്നാം തലമുറയും രണ്ടാം തലമുറയും മൂന്നാം തലമുറയും മുമ്പേ നടന്ന ജോർജ് സാറിനോട് അവരെല്ലാവരും മാതൃകയ്ക്ക് കടപ്പെട്ടിരിക്കുന്നു എന്ന് അവർ സംഭാഷണ മധ്യേ പറയാറുണ്ട്.

പൊതുജീവിതത്തിലും സാർ ഉത്സാഹിയായ പുത്രനായിരുന്നു. വ്യത്യസ്ത ദർശനങ്ങളുള്ളവരെ പരമാവധി സഹകരിപ്പിച്ചും പൊതുവേദിയിയിലണിനിരത്തിയും ആവുന്നത്ര കൂട്ടായ്മയെ വളർത്തിയും ലക്ഷ്യങ്ങളിലേക്ക് നീങ്ങുന്ന ഒരു ശ്രേഷ്ഠാധ്യാപകനെ സാറിൽ ആദ്യന്തം കാണാൻ സാധിക്കുമായിരുന്നു. ബോധ്യമുള്ള കാര്യങ്ങളിൽ ഉറച്ചു നിൽകുകന്ന നിലപാടായിരുന്നു സാറിന്റേത്. വ്യത്യസ്ത സമുദായങ്ങളെയും സഭാ വിശ്വാസികളെയും സഹകരിപ്പിച്ച് ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നത് ബഹു. സാറിന്റെ ശൈലിയായിരുന്നു. അധ്യാപനം അനുകരണീയമായി നിർവഹിച്ച പ്രധാനാധ്യാപകനായും മാനേജ്മെന്റ് ഏല്പിച്ച സ്ഥാപനങ്ങളെല്ലാം വളരെ ശ്രദ്ധേയമായ നിലയിലേക്കുയർത്തി. വിദ്യാർഥികളെ വ്യക്തിപരമായി കരുതി ബൗദ്ധിക തലത്തിലും സ്വഭാവരൂപീകരണത്തിലും വളർത്തിയതായി അനുഭവസ്ഥർ വർഷങ്ങളായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പുതിയ സാധ്യതകൾ ചെറുപ്പക്കാർക്ക് പറഞ്ഞുകൊടുക്കാനും പരിചയപ്പെടുത്താനും സാർ ഏറെ ശ്രദ്ധിച്ചിരുന്നു.

പുതുശേരി, കല്ലൂപ്പാറ പ്രദേശങ്ങളെ അഭിമാനത്തോടെ അദ്ദേഹം സ്നേഹിച്ചിരുന്നു. കാലം ജീർണതയിലെത്തിച്ച പാണ്ഡവൻമ്മാരുടെ, അഞ്ചിലവിന്റെ സ്ഥാനത്ത് പുതിയ അഞ്ചിലവുകൾ പിടിപ്പിക്കാൻ

www.malankaralibrary.com

അദ്ദേഹം നടത്തിയ ശ്രമങ്ങളെ ഏവരുടെയും ആദരവിന് ഇടയാക്കി. ദേശത്ത് നല്ല കാര്യങ്ങൾ നടക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അതിനു കാരണഭൂതരായവരെ അനുമോദിക്കാനും ആദരിക്കാനും സാർ എപ്പോഴും മുൻ പന്തിയിലായിരുന്നു. കല്ലൂപ്പാറ പ്രദേശത്തുനിന്നും ഒരു വൈദികൻ തിരുവനന്തപുരം അതിരൂപതാ മെത്രാനായത് സാറിന്റെ അഭിമാനത്തെ ത്രസിപ്പിച്ചു. തങ്ങളത്തിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് പുതുശേരിയിൽ എല്ലാ സമൂഹങ്ങളെയും സഹകരിപ്പിച്ച് ഒരു വലിയ സ്വീകരണം നൽകിയത് അഭിമാനത്തോടെ മറ്റുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്.

കാത്തോലിക്കാ സഭയുമായുള്ള പുനരൈക്യം ജീവിതവ്രതമായി സ്വീകരിച്ച് ഒരു വിട്ടുവീഴ്ചയുമില്ലാതെ അവസാനംവരെ ഉറച്ചു നിന്നത് അനേകരുടെ സഭാപ്രവേശനത്തിന് മുഖാന്തിരമായിട്ടുണ്ട്. ഇക്കാര്യങ്ങൾ മറ്റുള്ളവരെ ബോധ്യപ്പെടുത്താനല്ല, സ്വന്തം ആത്മരക്ഷയ്ക്കുള്ള പ്രവർത്തികളായി മാത്രം കരുതി. ഇളംതലമുറയേയും സ്വന്തം സഹോദരങ്ങളെയും ഇതിന്റെ പിന്നിൽ പരിശീലിപ്പിച്ചണിനിരത്തി. രണ്ടു സഹോദരങ്ങളെ സന്യാസത്തിനും ഒരാളെ പൗരോഹിത്യത്തിനും പറഞ്ഞയച്ചത്, ഈ ബോധ്യത്തിൽ നിന്നാണ്. വിശ്വാസം ഒരു വിളിയായി സ്വീകരിച്ച്, ആ വിളികൊണ്ട് സ്വന്തം ജീവിതത്തെ ചിട്ടപ്പെടുത്താനും സാറും തങ്കമ്മ ടീച്ചറും ശ്രദ്ധിച്ചിരുന്നു.

ലേഖകൻ സെക്രട്ടറിയായി സ്ഥാപിച്ച ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ പ്രാരംഭം മുതൽ ഡയറക്ടറആയി പ്രവർത്തിച്ചത് നന്ദിപൂർവം ഓർമിക്കുന്നു. അധ്യാപകർക്കുള്ള പ്രാദേശികമോ ദേശീയമോ ആയ സർക്കാർ അവാർഡിന് അദ്ദേഹം സർവദാ യോഗ്യനായിരുന്നു. എന്നാൽ അതൊരു പതിവായപ്പോഴേക്കും അദ്ദേഹം വിരമിച്ചിരുന്നു. ചെങ്ങരൂർ പ്രദേശത്തിന്റെ അഭിമാനമായിരുന്നു ജോർജ് സാർ. ചെങ്ങരൂർ ഇടവകയുടെ ഭരണ നേതൃത്വമൊന്നും ആഗ്രഹിക്കാതെ പ്രാർഥനകൊണ്ടും മാതൃകകൊണ്ടും ഇടവകയെയും ദേശത്തെയും അദ്ദേഹം ബലപ്പെടുത്തി. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

www.malankaralibrary.com





**അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്**
**പിതാവിനോടൊപ്പം**

www.malankaralibrary.com

# "ദൈവം അയച്ച ഒരു മനുഷ്യൻ"



**വന്ദ്യ തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

"ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു........................... അവൻ സാക്ഷ്യത്തിനായി വന്നു- വെളിച്ചത്തിനു സാക്ഷ്യം നൽകാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കുവാൻ" (യോഹ.1:6) സ്നാപക യോഹന്നാനെപ്പറ്റിയാണ് വി. വചനം ഇവിടെ പ്രതിപാദിക്കുന്നത്. യേശുവിനെ സാക്ഷ്യപ്പെടുത്തുവാൻ, കടന്നുവന്ന സ്നാപകന്റെ സാക്ഷ്യം സ്വയം ശൂന്യമാക്കിയ, വെളിച്ചം നൽകികത്തിയമർന്ന ഒന്നായിരുന്നു. യേശുവിനെ വളർത്തി സ്വയം ഇല്ലാതായ മരുഭൂമിയിലെ ശബ്ദമായിരുന്നു അത്. ഇരുമേട ജോർജ്ജ് സാറിനെപ്പറ്റി എന്തെങ്കിലും എഴുതണം എന്ന് ചിന്തിച്ചപ്പോൾ ആദ്യം തെളിഞ്ഞുവന്ന ചിത്രം ഇതായിരുന്നു. "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു". കാലാകാലങ്ങളിൽ സ്നേഹസാരമായ് ദൈവം തനിക്കിഷ്ടപ്പെട്ടവരെ അയച്ചുതരുന്നു. ഇരുപത് ഇരുപത്തിയൊന്നു നൂറ്റാണ്ടുകളുടെ സംഗമ സ്ഥാനത്ത് അപ്രകാരം നൽകപ്പെട്ട വ്യക്തിയാണ് ജോർജ്ജ്സാർ

**ബാർഈത്തോ കാശീറോ**

അദ്ദേഹത്തിന്റെ ജീവചരിത്രം ഇവിടെ ഞാൻ പരാമർശിക്കുന്നില്ല. അത് അന്യത്ര വിവരിച്ചിട്ടുണ്ടാവണം. ജോർജ്ജ്സാർ മലങ്കര സഭയുടെ ഉത്സാഹിയായ പുത്രൻ (ബാർ ഈത്തോ കശീറോ) എന്ന പദവിയിലേക്ക് ഉയിർത്തപ്പെട്ടതു ആ വ്യക്തിത്വത്തിന് സഭ നൽകിയ അംഗീകാരമാണ്. സഭയെ ആഴമായി സ്നേഹിക്കുകയും സഭൈക്യ ദർശ്ശനത്തോടെ എല്ലാ സഭാവിഭാഗങ്ങളേയും ബഹുമാനിക്കുകയും കൂടുതൽ അറിയുവാനും അടുക്കുവാനും സാധ്യതകൾ തേടുകയും

www.malankaralibrary.com

ചെയ്യുന്ന സമീപനം നിലനിർത്തുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സഭാദർശ്ശനം. എക്യുമെനിക്കൽ ചിന്തയോടെയാണ് അദ്ദേഹം എല്ലാ സഭകളേയും കണ്ടിരുന്നത്. എല്ലാ സഭകളേയും സമഭാവനയോടെ വീക്ഷിച്ചിരുന്നെങ്കിലും മലങ്കര കത്തോലിക്കാ സഭയുടെ കാലിക പ്രസക്തി അദ്ദേഹം ഏറെ വിലമതിച്ചിരുന്നു. സഭാതർക്കങ്ങൾക്കും സമാധാനത്തിനും ദൈവദാസൻ മാർ ഈവാനിയോസ് സ്വീകരിച്ച വഴിയുടെ അതുല്യത അദ്ദേഹം തിരിച്ചറിഞ്ഞു. കത്തോലിക്കാ സഭയുടെ ആത്മീക അടിത്തറ പ്രത്യേകിച്ച് വി. കുർബാനയിലെ ദിനം പ്രതിയുള്ള സംസർഗ്ഗം അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. മല്ലപ്പള്ളിയിലും പ്രാന്തപ്രദേശങ്ങളിലും മാത്രമല്ല താൻ പ്രവർത്തിച്ചിരുന്ന എല്ലാ പ്രദേശങ്ങളിലും സഭയ്ക്ക് വേരോട്ടമുണ്ടാക്കുവാൻ അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. ചങ്ങനാശ്ശേരിയിൽ എൻഡ്രൻസ് കോച്ചിംഗ് സെന്റർ ൽ അദ്ദേഹം പ്രവർത്തിച്ചപ്പോൾ ഞാൻ എസ്.ബി. കോളേജിൽ അദ്ധ്യാപകനാണ്. എത്രയോ പ്രാവശ്യം അദ്ദേഹം അവിടെ വരികയും ചങ്ങനാശ്ശേരിയിലെ നമ്മുടെ ആളുകളെ സംഘടിപ്പിക്കുന്നതിനെക്കുറിച്ചു ആലോചിക്കുകയും ചെയ്തിരുന്നു. ഇന്ന് ചങ്ങനാശ്ശേരിയിൽ സെന്റ് തോമസ് ഇടവക സജ്ജീവമായി പ്രവർത്തിക്കുന്നതിന്റെ പിന്നിലെ പ്രേരണശക്തി ഇരുമേട ജോർജ്ജുസാറിനുകൂടി അവകാശപ്പെട്ടതാണ്. ഇത്തരം അത്മായ പ്രേക്ഷിതത്വം അദ്ദേഹത്തിന് ഒരു ആഭരണമായിരുന്നില്ല. മറിച്ച് ഒരു ആവേശം ആയിരുന്നു - ഊണും ഉറക്കവുമില്ലാത്ത ഒരുതരം പ്രസവവേദന. സഭയുടെ ആത്മീക സ്രോതസ്സുകളിൽ നിന്നും നിരന്തരം പഠിക്കുകയും അനുഭവിക്കുകയും ചെയ്തിരുന്നതിന്റെ നിർബന്ധതയാണ് അദ്ദേഹത്തെ ഇപ്രകാരം കർമ്മനിരതനാക്കിയത്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് കഷ്ടം എന്ന പൗലോസിന്റെ ഉൾവിളിയായിരുന്നു അദ്ദേഹത്തെ നയിച്ചിരുന്നത്. ഈ ഉത്സാഹം അദ്ദേഹത്തിന്റെ സിരകളിൽ വലിയ ഉൾപുളകം ഉണ്ടാക്കിയിരുന്നു. K.C.S.L സംസ്ഥാന ജനറൽ സെക്രട്ടറി നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി പ്രഥമ കൺവീനർ, അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗം, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, ലിജിയൻ ഓഫ് മേരി തുടങ്ങി സഭയുടെ വിവിധ തലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നത് ഈ തീക്ഷ്ണതയുടെ വ്യക്തമായ അടയാളമാണ്.

www.malankaralibrary.com

## ശ്രേഷ്ഠനായ അദ്ധ്യാപകൻ

ഇരുമേട ജോർജ്ജ്സാർ പ്രബലമായി അറിയപ്പെടുന്നതും അനുസ്മരിക്കപ്പെടുവാൻ ആഗ്രഹിച്ചിരുന്നതും ഒരു അദ്ധ്യാപകനായിട്ടാണ്. സ്ഥാപനത്തിന്റെ നാലുകെട്ടിൽ ഒതുങ്ങി നിൽക്കുന്ന ഒരു അദ്ധ്യാപകനായിരുന്നില്ല അദ്ദേഹം. ആയിരക്കണക്കിനു ശിഷ്യസമ്പത്തുള്ള, ഓരോരുത്തരേയും വ്യക്തിപരമായും കുടുംബമായും മനസ്സിൽ കരുതി, തന്റെ ശിഷ്യർക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചിരുന്ന ഒരു അദ്ധ്യാകൻ അദ്ധ്യാപനം വിജ്ഞാന സംവേദമെന്നതിനേക്കാൾ ആത്മ സംസ്ക്കാരദായകമായി അദ്ദേഹം വിവക്ഷിച്ചിരുന്നു. നന്മയും മൂല്യവും ബലപ്പെടുത്തി ശിഷ്യഗണങ്ങൾക്ക് അദ്ദേഹം രൂപീകരണവും രൂപാന്തരവും സംലഭ്യമാക്കി. ഗാന്ധിജിയെപ്പോലെ, തന്റെ സ്വന്തം ജീവിതം തന്നെയാണ് തന്റെ സന്ദേശം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ഉപമകളിലൂടെയും അനുഭവ സാക്ഷ്യങ്ങളിലൂടെയും തന്റെ ശിഷ്യരെ പരിപോഷിപ്പിച്ചിരുന്നു അനേകർ അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നു. വാഴൂർ സെന്റ് പോൾസ് എച്ച്. എസ്, പുതുശ്ശേരി MGDHS, കുണ്ടറ MGDHS, ഗിരിദീപം എച്ച്. എസ്. കോട്ടയം സാംബിയായിലെ കസാമ 'ചിലുബുല' ഗേൾസ് ഹൈസ് സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായും, ചങ്ങനാശ്ശേരി സെന്റ് പോൾസ് എൻട്രൻസ് കോച്ചിംഗ് സെന്റർന്റെ സ്ഥാപകനായും അദ്ദേഹം സേവനം ചെയ്തു.

## രാഷ്ട്രീയ സഹകാരി

ജോർജ്ജ്സാറിന്റെ ജീവിതം വിലയിരുത്തുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിയത് ആ വെളുത്ത വസ്ത്രത്തിന്റെ ഉള്ളിൽ ഒരു രാഷ്ട്രീയക്കാരനും ഉണ്ടായിരുന്ന എന്നതാണ്. നാഷണൽ കോൺഗ്രസിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. ആത്മീയ സംശുദ്ധിയും രാഷ്ട്രീയ താല്പര്യങ്ങളും ഒന്നിപ്പിച്ചു കൊണ്ടുപോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ജീവിത വിശുദ്ധിയെയും തമസ്ക്കരിക്കുവാൻ അദ്ദേഹത്തിന്റെ രാഷ്ട്രീയം അനുവദിച്ചിരുന്നില്ല. ഒരുപക്ഷെ ഈ മനോഭാവമാവാം അദ്ദേഹത്തിന്റെ രാഷ്ട്രീയ ഭാവി അസ്തമിച്ചതിന്റെ രഹസ്യം.

## പ്രാർത്ഥനയുടെ പൊരുളറിഞ്ഞ വ്യക്തി

നന്മയും ലാളിത്യവും ജീവിതവ്രതമാക്കിയ ഒരു വ്യക്തിത്വത്തിന്റെ രഹസ്യം പ്രാർത്ഥനയുടെ സ്വാധീനമായിരുന്നു പ്രാർത്ഥനകളുടെ

www.malankaralibrary.com

മനുഷ്യനും പ്രാർത്ഥിക്കുന്ന മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ടല്ലോ. പ്രാർത്ഥനകളുടെ മനുഷ്യൻ പ്രാർത്ഥനകൾ (യാമപ്രാർത്ഥനകളോ മറ്റ് പ്രാർത്ഥനകളോ) സ്ഥിരമായും ചിട്ടയായും ഉരുവിടുന്നവനും നടത്തുന്നവനുമാണ്. അത് പ്രാർത്ഥനാ ജീവിതത്തിന്റെ പ്രഥമ പടി മാത്രമാണ്. എന്നാൽ ജീവിതം തന്നെ ദൈവാശ്രയത്തിലും പ്രാർത്ഥനാ അരൂപിയിലും ചിട്ടപ്പെടുത്തുക എന്നത് പ്രാർത്ഥനയുടെ ഉദാത്തമായ തലമാണല്ലോ. ജോർജ്ജ് സാറിന്റെ ശാന്തതയും സൗമ്യതയും ഈ പ്രാർത്ഥനാ ചൈതന്യത്തിന്റെ ബാഹ്യലക്ഷണമായിരുന്നു. തിമോത്തിയോസിന് പൗലോസ് നൽകുന്ന ഉപദേശം ശ്രദ്ധേയമാണല്ലോ. എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മദ്ധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു" (1 തിമോ.2: 1) ഭക്തിയെന്നത് അദ്ദേഹത്തിന് ഒരു ബാഹ്യ പ്രകടനം എന്നതിനേക്കാൾ മനസ്സും ആത്മാവും ദൈവത്തിങ്കലേക്ക് ചേർത്തുവയ്ക്കുന്ന അനുഭവമായിരുന്നു. കത്തോലിക്കാ സഭയിൽ K.C.S.L, Sodality, Legion of Mary, Vincennt de Paul തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളിലൂടെയും നിത്യേനയുള്ള വി. കുർബാന സ്വീകരണത്തിലും വി. കുമ്പസാരത്തിലും ഉണ്ടായിരുന്ന തീക്ഷ്ണതയുമാണ് ഈ ആത്മീക സൗമ്യതയുടെ അടിസ്ഥാനം തിമോത്തിയോസിന് നൽകുന്ന മറ്റൊരു മർമ്മം ബന്ധങ്ങളിലെ നിഷ്കപടതയേയും സൗഹൃദത്തേയും സംബന്ധിച്ചാണല്ലോ. "മൂഢവും ബാലിശവുമായ വാദപ്രതിവാദത്തിൽ ഏർപ്പെടരുത്; അവ കലഹങ്ങൾക്ക് തുടക്കമാവുമെന്ന് നിനക്കറിയാമല്ലോ. കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്. എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അദ്ധ്യാപകനും ക്ഷമാശീലനുമായിരിക്കണം" (2 തിമോ. 2:23, 24) ദൈവപുത്രരുടെ അടയാളവും ഇതുതന്നെയാണ് എന്നു മലയിലെ പ്രസംഗത്തിൽ പറയുന്നു. "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവ പുത്രന്മാരെന്ന് വിളിക്കപ്പെടും" (മത്താ.5:9)

### കുരിശിന്റെ വഴി മഹത്വത്തിന്റെ താക്കോൽ

89 വർഷത്തെ ഒരു ജീവിതം സുഖവും സന്തോഷവും മാത്രം ഭൗതികമായി നൽകിയിരുന്നതല്ല എന്ന് വ്യക്തമാണല്ലോ. രോഗവും വേദനയും പ്രിയപ്പെട്ടവരുടെ വിയോഗങ്ങളുമെല്ലാം ജോർജ്ജ് സാറിന്റെ ജീവിതത്തെ വിശുദ്ധീകരിച്ചു. വേദനകളെ ക്രൂശിന്റെ ചൈതന്യ

www.malankaralibrary.com

ത്തോടെ, ക്രൂശിതനോടു ചേർന്നുള്ള നിസംഗ്ഗതയോടും കൂടി സ്വീകരിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ദാരുണമായ എത്രയോ സംഭവങ്ങൾ ഉണ്ടായി ആ ജീവിതത്തിൽ. എന്നാൽ എല്ലാറ്റിനേയും വിശ്വാസത്തിന്റേയും പ്രത്യാശയയുടേയും ദൈവപരിപാലനയുടേയും ആത്മസമർപ്പണത്തിൽ ഉൾക്കൊള്ളുവാൻ അദ്ദേഹത്തിനു ദൈവം ഇടയാക്കി. തന്റെ സഹോദരങ്ങളുടെ സമർപ്പിത സാന്നിദ്ധ്യവും അതിന് സഹായകമായിരുന്നു. ഇരുമേട ബഹു. ജോണച്ചൻ പലപ്പോഴും പറഞ്ഞിരുന്നത് കേട്ടിട്ടുണ്ട് തന്നേക്കാൾ സമർപ്പിതജീവിതം നയിക്കുന്നത് കൊച്ചാച്ചൻ ആണെന്ന് എന്നിരുന്നാലും വളരെ ആഴമുള്ള ആത്മീക അടിത്തറയിലാണ് ആ ഭവനം പണിയപ്പെട്ടത്. സങ്കീർത്തകനോട് ചേർന്നു നാം വിലയിരുത്തുന്നു. “ഞാൻ കർത്താവിനെ തേടി; അവിടുന്ന് എനിക്ക് ഉത്തരമരുളി; സർവ്വ ഭയങ്ങളിൽ നിന്നും അവിടുന്ന് എന്നെ മോചിപ്പിച്ചു. അവിടുത്തെ നോക്കിയവർ പ്രകാശിതരായി അവർ ലജ്ജിതരാവുകയില്ല. ഈ എളിയവൻ നിലവിളിച്ചു, കർത്താവ് കേട്ടു. എല്ലാ കഷ്ടതകളിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്തു” (സങ്കീ. 34:35).

**ഞാൻ നല്ല ഓട്ടം ഓടി**

ജോർജ്ജ് സാറിന്റെ ജീവിതത്തിൽ ഇന്നത്തെ മനുഷ്യൻ വിശിഷ്യാ അത്മായ സമൂഹം അനുകരിക്കേണ്ട നിരവധി കാര്യങ്ങൾ പഠന വിഷയമാക്കേണ്ടതാണ്. അത്മായ പ്രേക്ഷിതത്വം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ നിസ്വാർത്ഥമായി ജീവിച്ച ഒരു പ്രേഷിതനെയാണ് നാം അദ്ദേഹത്തിൽ കാണുന്നത്. താൻ നിരന്തരം കണ്ടുമുട്ടുന്നവരെല്ലാം മിഷൻ വയലുകളാണെന്നും , ചെല്ലുന്നിടങ്ങളിലെല്ലാം താൻ മിഷനറിയാണെന്നുമുള്ള അവബോധമാണ് ഈ പ്രേഷിതത്വത്തിന്റെ സവിശേഷത അദ്ധ്യാപനത്തിലൊ, രാഷ്ട്രീയത്തിലോ, ഇടവകയിലോ, സഭയിലോ, ബന്ധങ്ങളിലോ എല്ലാം താൻ ഒന്നാമതായി “അയക്കപ്പെട്ടവനാണ്” എന്ന ദർശനമാണത്. ആ ജീവിതത്തിന് അതുകൊണ്ടുതന്നെ അർത്ഥവത്തായ ഒരു ഭൗതിക അവസാനം ദൈവം ഒരുക്കിയെന്നത് യാദൃച്ഛികമാവില്ല. ഏറ്റവും ഒരുക്കത്തോടെ, താത്പര്യത്തോടെ, പ്രത്യാശാപൂർവ്വം ആ ജീവൻ കത്തിയമർന്ന്, താൻ പ്രിയം വച്ച ദൈവത്തിന്റെ മടയിലേക്ക് പൗലോസിനെപ്പോലെ അദ്ദേഹവും തിരിച്ചറിഞ്ഞു. “ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം

www.malankaralibrary.com

ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതി പൂർവ്വം വിധിക്കുന്ന കർത്താവ് ഒരു ദിവസം അത് എനിക്ക് സമ്മാനിക്കും, എനിക്കു മാത്രമല്ല അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റു നോക്കികൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തിമോ. 4: 6, 7, 8)

"ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു" "ജോർജ്ജ് സാർ" എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അനുകരണീയമായി, ജീവിത ബന്ധിയായ അനേകകാര്യങ്ങൾ തലമുറകൾക്കായി സമ്മാനിച്ചിട്ടാണ് ദൈവം അയച്ച ആ മനുഷ്യൻ വിടവാങ്ങിയത്. ആ ജീവിതത്തിനായി ദൈവത്തിന് നന്ദി കരേറ്റുന്നതൊടൊപ്പം അദ്ദേഹത്തിന്റെ മിഷൻ വൈഭവവും തീക്ഷ്ണതയും അനുകരിപ്പാൻ ശിഷ്യസമൂഹത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ബാർ ഈത്തോ കാശീറോ, ഇരുമേട ജോർജ്ജ് സാറിന് നിത്യശാന്തി പ്രാർത്ഥിക്കുന്നു. ◆

www.malankaralibrary.com



# സംസ്കാരത്തിന്റെ തലേനാൾ ഒന്നാം ശുശ്രൂഷയ്ക്ക് ശേഷം ഭവനത്തിൽ വച്ച് ബഹു. വികാരി റവ. ഡോ. കുറിയാക്കോസ് തടത്തിൽ നടത്തിയ അനുസ്മരണ പ്രസംഗം

നമ്മുടെ പ്രിയപ്പെട്ട ജോർജ്ജ്സാർ നമ്മളോടു മൗനമായ ഭാഷയിൽ സമാധാനം ആശംസിച്ച കടന്നു പോവുകയാണ്. സുറിയാനി സംസാരിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികൾ പ്രത്യേകിച്ച് മധ്യപൂർവ്വ പ്രദേശങ്ങളിലുള്ള സുറിയാനിക്കാർ അവർ കണ്ടുമുട്ടുമ്പോഴും പിരിഞ്ഞുപോകുമ്പോഴും പറയുന്ന രണ്ട് സുറിയാനി വാക്യങ്ങളാണ് “പുശ്ബശ്ലോമ്മോ” “സെൽബാ ശ്ലോമ്മോ” പുശ്ബശ് ശ്ലോമ്മോ എന്ന പദത്തിന്റെ അർത്ഥം സമാധാനത്തോടെ വസിക്കുക എന്ന താണ്. ‘സെൽബാശ്ലോമോ’ എന്നാൽ സമാധാനത്തോടെ പോവുക എന്നതാണ്.

ഇപ്പോൾ വളരെ മൗനമെങ്കിലും വാചാലമായ ഭാഷയിൽ ജോർജ്ജ് സാറിന്റെ അടുക്കൽ വരുന്നവരോടൊക്കെ ജോർജ്ജ് സാർ പറയുന്നത് ‘പുശ്ബശ് ശ്ലോമ്മോ’ എന്നാണ്. നിങ്ങൾ സമാധാന ത്താലെ വസിക്കുക എന്നാൽ നമ്മൾ അദ്ദേഹത്തോട് പറയുകയാണ് ‘സെൽബാ ശ്ലോമ്മോ” സമാധാനത്താലെ പോവുക. നിശ്ചയമായും വളരെ സമാധാനത്തോടുകൂടെ കടന്നുപോയ ഒരു പിതാവിന്റെ ശവ സംസ്കാര ശുശ്രൂഷയിൽ, നമ്മൾ സംബന്ധിക്കുകയാണ്. വേദപുസ്തകത്തിൽ മനുഷ്യന്റെ ആയുസ്സിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് എഴുപത് സംവത്സരം എന്നാണ്. ഏറെയായാൽ എൺപത് മാത്രം പിന്നീടുള്ളത് വളരെ കഷ്ടതകളും ക്ലേശങ്ങൾ നിറഞ്ഞതുമാണ്. പ്രിയപ്പെട്ട ജോർജ്ജ് സാർ 89-ാമത്തെ വയസ്സിലേക്ക് പ്രേവേശിച്ചിരുന്നു. ഇപ്പോൾ വളരെ

www.malankaralibrary.com

ശാന്തമായിട്ട് കടന്നുപോയിരിക്കുകയാണ് സങ്കീർത്തകൻ പറയുന്നത് "നീതിമാന്റെ മരണം ഉറക്കം പോലെയാണെന്നാണ്." വളരെ ശാന്തമായിട്ട് ഒരു പൂവ് വിടർന്ന് അതിന്റെ സൗരഭ്യം എല്ലാം അവസാനിച്ച് പൊഴിഞ്ഞു വീഴുന്നതുപോലുള്ള ശാന്തതയിൽ ഈ ലോകത്തുനിന്ന് വേർപിരിഞ്ഞുപോയ ഒരു പിതാവ്.

പ്രിയപ്പെട്ട ജോർജ്ജ് സാറിനോട് എനിക്ക് ഉള്ള ബന്ധം, വളരെ ഊഷ്മളമാണ്. ഞാൻ ഈ പള്ളിയിലെ വികാരി ആയിട്ട് 2 വർഷം കഴിഞ്ഞതേ ഉള്ളു അതിനു മുൻപ് പല പ്രാവിശ്യം ഇവിടെ വന്നപ്പോഴൊക്കെയും, പുരോഹിതന്മാരെ കാണുമ്പോഴെല്ലാം വളരെ സ്നേഹവും ബഹുമാനവും ആദരവും കാണിക്കും. അത് ഏത് വീട്ടിലെ പുരോഹിതൻ എന്നല്ല, ഏതു പുരോഹിതനെ കണ്ടാലും വലിയ സ്നേഹവും ആദരവും ആണ്. സാധാരണയായിട്ട് ഞായറാഴ്ചയാണ് അച്ചന്മാരുടെ കൈമുത്തി പോകുന്ന പതിവ്. എന്നാൽ ജോർജ്ജ് സാർ ഇടദിവസം പള്ളിയിൽ വന്നാലും ഏറ്റവും അവസാനം വികാരിയച്ചനെ കണ്ട് കൈമുത്തിയതിനു ശേഷമാണ് പോകാറുള്ളത്. കൈമുത്തുന്നതിന്റെ ആന്തരാർത്ഥം എന്താണെന്ന് സാറിന് വളരെ വ്യക്തമായിട്ട് അറിയാമായിരുന്നു. കൈമുത്തുന്നതിന്റെ അർത്ഥം വി. കുർബാന കരങ്ങളിൽ എടുത്ത പുരോഹിതന്റെ കരം ചുംബിക്കുക എന്നതാണ്. ആ വലിയ അർത്ഥത്തിൽ ഇടദിവസങ്ങളിൽ കൈമുത്ത് ഇല്ലാ എങ്കിലും, അച്ചന്റെ കരം മുത്തിയിട്ടാണ് ജോർജ്ജ് സാർ പോകുന്നത്. അത് പൗരോഹിത്യത്തോടുള്ള ഒരു വലിയ ബഹുമാനമാണ്. വളരെ അറിവ് ഉള്ള ആള്. ഭൗതിക കാര്യങ്ങളെ കുറിച്ച് മാത്രമല്ല ആത്മീയ കാര്യങ്ങളെ കുറിച്ചും വളരെ വ്യക്തമായ ബോധ്യമുള്ള ആളാണ് ജോർജ്ജ് സാർ.

സാറുമായിട്ട് അധികം സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ സംസാരിച്ച അവസരങ്ങളിലെല്ലാം, ഞങ്ങൾ ദീർഘമായി സംസാരിച്ചപ്പോഴെല്ലാം അവിഭക്ത മലങ്കര സഭയെക്കുറിച്ചും, യാക്കോബായ, മലങ്കര ഓർത്തഡോക്സ് സഭകളെക്കുറിച്ചും ആ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരെക്കുറിച്ചും എല്ലാം വളരെ കൃത്യമായിട്ട് പറയുമായിരുന്നു. ഈ വിഷയങ്ങളിൽ എനിക്ക് വളരെ ഇഷ്ടം ഉള്ളതുകൊണ്ട് ഞാൻ ദീർഘനേരം ഇരുന്ന് സാറുമായിട്ട് സംഭാഷണം ചെയ്യുമായിരുന്നു. പുരോഹിതന്മാരോടും സഭയോടും വളരെ വലിയ ആദരവും സ്നേഹവും ഒറ്റ വാക്കിൽ പറഞ്ഞാൽ നിഷ്കപടമായ, നിർവാച്യമായ സ്നേഹം ഉള്ളതുകൊണ്ടാണ്, ആരെയും കാണിക്കാൻ വേണ്ടി ഒന്നുമല്ല, യാതൊരു തരത്തിലുള്ളതായ മുഖസ്തുതി കൂടാതെ

www.malankaralibrary.com

സംസാരിക്കുകയും പെരുമാറുകയും ചെയ്തിരുന്ന ജോർജ്ജ് സാറിന് ലഭിച്ച വലിയ അനുഗ്രഹം, അതായത് സാധാരണയായി അച്ചൻമാര് മരിക്കുമ്പോഴും മെത്രാച്ചന്മാര് മരിക്കുമ്പോഴുമൊക്കെ വളരെ വിരള മായി മാത്രമേ മരണസമയത്ത് ഒരു മേല്പ്പട്ടക്കാരൻ അതായത് ഒരു ശ്ലൈഹിക സാന്നിധ്യം ഉണ്ടാകാറുള്ളൂ. എന്നാൽ പ്രിയപ്പെട്ട സാർ മരിക്കുന്ന അവസരത്തിൽ സാറിന്റെ തലയ്ക്കൽ തിരുവല്ല ഭദ്രാസന ത്തിന്റെ മേല്പ്പട്ടക്കാരൻ അഭി. കൂറിലോസ് തിരുമേനി ഉണ്ടായിരുന്നു. അത് വൈദീകരോടും പ്രത്യേകിച്ച് പൗരോഹിത്യത്തോടുമുള്ള അദ്ദേഹത്തിന്റെ വലിയ ആദരവിന് ലഭിച്ച സമ്മാനമാണ്. അങ്ങനെ ഭൂമിയിൽ ദൈവം അദ്ദേഹത്തെ ആദരിച്ച് ബഹുമാനിച്ചിരിക്കുകയാ ണ്. നമ്മൾ വായിച്ചിട്ടുണ്ടല്ലോ, "പ്രവാചകരെ ബഹുമാനിക്കുന്നവന് നീതിമാന്റെ പ്രതിഫലവും നീതിമാനെ ബഹുമാനിക്കുന്നവന് നീതി മാന്റെ പ്രതിഫലവും ലഭിക്കും." അതെ, ഈ സാറ് പൗരോഹിത്യ ത്തെയും പുരോഹിതൻമാരെയും മേല്പ്പട്ടക്കാരെയും ബഹുമാനിക്കു കയും ആദരിക്കുകയും ചെയ്തതിന്റെ അനുഗ്രഹം, അദ്ദേഹത്തിന്റെ മരണസമയത്ത് അപ്പസ്തോലന്മാരുടെ പിൻഗാമി, ഒരു മെത്രാൻ അദ്ദേ ഹത്തിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് സമാധാനത്താലെ പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ നന്മയ്ക്ക് ഈ ഭൂമിയിൽ വച്ച് ദൈവം നല്കിയ അംഗീകാരമാണ്, ഇത് പ്രിയപ്പെട്ട സാർ, ഇവിടെ പള്ളിയിൽ വരുമ്പോൾ ഞാൻ കുർബാന ചൊല്ലി പടിഞ്ഞാറോട്ട് തിരി യുമ്പോൾ ഏറ്റം ആദ്യം കാണുന്ന മുഖം സാറിന്റേതാണ്. ചെങ്ങരൂർ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ ഓന്നാമത്തെ നിരയിലെ ഒന്നാമത്തെ കസേരയിൽ ഇരിക്കുന്നയാൾ സാറാണ്. സാറ് അതിന് യോഗ്യനുമാണ്. കാരണം, പകരക്കാരൻ ഇല്ലാത്ത ഒന്നാമൻ തന്നെ യാണ് സാർ. അത് ഏത് രീതിയിൽ ആണെങ്കിലും സാർ ഒന്നാമൻ തന്നെയാണ്. ഒന്നാം നിരയിൽ ഉള്ള ആള് തന്നെയാണ്. സാറിന്റെ ആ സ്ഥാനം, അല്ലെങ്കിൽ സാറിന്റെ കസേര എന്നേക്കുമായിട്ട് ഒഴി ഞ്ഞിരിക്കുകയാണ്. അതിൽ ആരെങ്കിലുമൊക്കെ കയറിയിരിക്കുമായി രിക്കും, എന്നാൽ ആ ഒന്നാമത്തെ സ്ഥാനത്ത് ഇരിക്കേണ്ട ആള് സാറ് തന്നെയാണ്. കാരണം ആ പകരക്കാരനില്ലാത്ത സാറിന്റെ സേവനം, അത് സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ, സഭാപരമായ മണ്ഡ ലങ്ങളിലെല്ലാം വളരെ ഉത്സാഹപൂർവ്വം കർമ്മനിരതയോടെ പ്രവർത്തിച്ച ആൾ അദ്ദേഹമാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പരിശുദ്ധ സഭ 'ബാർ ഈത്തോ കാശീറോ' സഭയുടെ ഉത്സാഹിയായ

www.malankaralibrary.com

പുത്രൻ എന്ന നാമകരണം ചെയ്ത് ആദരിച്ചത്. ഇന്നലെ അഭി. കൂറിലോസ് പിതാവ് പറഞ്ഞു. ജോർജ്ജ് സാറിന്റെ ശവസംസ്കാരം ഇരുമേട കുടുംബത്തിന്റെ മാത്രം സ്വകാര്യ കാര്യമല്ല, അത് പരി. സഭയുടെ ഉത്സാഹിയായ പുത്രനെ ഈ ലോകത്തിൽ നിന്ന് ഏറ്റവും അനുയോജ്യമായ രീതിയിൽ സമാധാനത്തോടും ആദരവോടും കൂടെ യാത്രയാക്കണം, അത് സഭയുടെ കൂടെ ആവശ്യമാണ്. പ്രിയപ്പെട്ട സാറിന്റെ ഈ സഭയോടുള്ള സ്നേഹത്തിന് ദൈവം നല്കിയ മറ്റൊരു വലിയ ആദരവ്, നാളെ ഇവിടെത്തെ പള്ളിയിൽ മലങ്കര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭി. കർദ്ദിനാൾ ക്ലീമ്മിസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് വി. അൽഫോൻസാമ്മയുടെ പെരുനാളിന് വി. കുർബാന അർപ്പിക്കാനായി വരികയാണ്. അത് ജോർജ്ജ് സാറിന്റെ മരണം മുൻകൂട്ടി കണ്ടുകൊണ്ടൊന്നുമല്ല, പക്ഷെങ്കിൽ ജോർജ്ജ് സാറിന്റെ ഭൗതീക ശരീരം ഈ ഭവനത്തിൽ ആയിരിക്കുമ്പോൾ അദ്ദേഹം ഒന്നാമനായിരിക്കുന്ന ദൈവാലയത്തിൽ ഈ സഭയുടെ അദ്ധ്യക്ഷൻ തന്നെ. വി. കുർബാന അർപ്പിക്കുമ്പോൾ നിശ്ചയമായും സാറിനെ ഓർക്കും. അത് ദൈവം ക്രമീകരിച്ച ഒരു കാര്യമെന്ന് ഞാൻ സത്യമായിട്ടും മനസ്സിലാക്കുന്നു. ജോർജ്ജ് സാറിന്റെ ജീവിതമായി ബന്ധപ്പെട്ട് നാം ചിന്തിക്കുമ്പോഴെല്ലാം നിഷ്കപടവും നിർവാച്യമായുള്ള അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വലിയ അനുഗ്രഹം, ദൈവം അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു എന്നതാണ് അദ്ദേഹം എല്ലാവരോടും വലിയ ആദരവും ബഹുമാനവും ഉള്ള ആളാണ്. നമ്മൾ പറയാറുള്ളതുപോലെ "Respect is to give and take" മറ്റുള്ളവരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്ത് ബഹുമാനം സ്വീകരിച്ച ഒരു ഗുരുശ്രേഷ്ഠനാണ് പ്രിയപ്പെട്ട സാർ. സാർ എന്നോട് എപ്പോഴും പറയും. ഞാൻ പഠിപ്പിച്ച കൂട്ടത്തിൽ വിവിധ സഭകളിൽ പെട്ട അഞ്ചാറ് മേല്പ്പട്ടക്കാരുണ്ടെന്ന്. ഈ മേല്പ്പട്ടക്കാരെക്കുറിച്ചെല്ലാം വലിയ ആദരവും സ്നേഹവുമാണ് അദ്ദേഹത്തിന്. അദ്ദേഹം പഠിപ്പിച്ച എല്ലാ ശിഷ്യന്മാരെക്കുറിച്ചും വലിയ സ്നേഹവും ആദരവുമുണ്ട്. നമ്മൾ സാധാരണ പറയാറുണ്ട്. ലോകത്തിൽ അസൂയ ഇല്ലാത്ത ആൾക്കാര് രണ്ട് കൂട്ടരാണ്. ഒന്ന് മാതാപിതാക്കന്മാർ, രണ്ട് ഗുരുഭൂതന്മാർ. നമുക്ക് അറിയാമല്ലോ മാതാപിതാക്കന്മാർ വളരെ താഴ്ന്ന വിദ്യാഭ്യാസ ഉള്ളവരാണെങ്കിലും അവരുടെ മക്കൾ ഉന്നത വിദ്യാഭ്യാസം ഉള്ളവരായിട്ടും അവരേക്കാൾ വലിയവരായി കാണുമ്പോഴെല്ലാം ഒരിക്കൽ പോലും അസൂയ ഇല്ലാതെ സന്തോഷത്തോടെയും അഭിമാ

www.malankaralibrary.com

നത്തോടെയും നില്ക്കുന്നവരാണ്. രണ്ടാമത്തെ ആൾക്കാർ ഗുരുഭൂതന്മാരാണ്. അവരേക്കാൾ മിടുക്കരായിട്ട് അവരുടെ ശിഷ്യന്മാർ വളർന്ന് വലുതായി വരുമ്പോഴാണ് അവർ അഭിമാനം കൊള്ളുകയും അവരെപ്പറ്റി നല്ലത് പറയുകയും ചെയ്യുന്നത്. അതുകൊണ്ട് ഈ മേല്പട്ടക്കാരെക്കുറിച്ചും അദ്ദേഹം പഠിപ്പിച്ചിട്ടുള്ള സാസ്ക്കാരിക രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ചും എല്ലാം വലിയ മതിപ്പും ആദരവും അദ്ദേഹം കാണിച്ചിട്ടുണ്ട്. അത് ശിഷ്യന്മാരോടെന്നല്ല എല്ലാവരോടും വലിയ ആദരവ് കാണിക്കുമായിരുന്നു. യേശുക്രിസ്തുവിന്റെ മനോഭാവം അപ്പസ്തോലനായ പൗലോസ് നമ്മളെ ഉദ്ബോധിപ്പിക്കുന്നുണ്ട്, "മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം." യേശുക്രിസ്തുവിന് ഉണ്ടായിരുന്നതായ ഈ മനോഭാവം അദ്ദേഹത്തിനും ഉണ്ടായിരുന്നു. വേദപുസ്തകം നല്ലതു പോലെ അറിയാമായിരുന്ന ആൾ, അത് വായിക്കുകയും ഗ്രഹിക്കുകയും ധ്യാനിക്കുകയും ചെയ്തിരുന്നതുകൊണ്ട് മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരായി കരുതി ബഹുമാനിച്ചിരുന്നു. അങ്ങനെ മറ്റുള്ളവരുടെ എല്ലാം ആദരവ് പിടിച്ചുപറ്റുന്ന ഒരു വലിയ വ്യക്തിത്വമാണ് പ്രിയപ്പെട്ട സാറിന്റേത്.

ഞാൻ ഈ ഇടവകയിൽ വന്നപ്പോൾ ഈ ഇടവകയിൽപ്പെട്ട ആൾക്കാർ പറഞ്ഞു, സാധാരണയായി പള്ളിയിൽ പൊതുയോഗത്തിനു വരുമ്പോൾ ചില സന്ദർഭങ്ങളിൽ ഒരു ആശയ ഏകീകരണം ആവിശ്യമായി വരും. അങ്ങനെ വരുന്ന അവസരത്തിൽ സാർ ഇതെല്ലാം കേട്ടിരിക്കും; സാധാരണ മീറ്റിംഗുകളിൽ ഒക്കെ ഉപസംഹാരപ്രസംഗം എന്നു പറയുന്ന ഒന്നുണ്ട്. എന്നുവച്ചാൽ എല്ലാവരും പ്രസംഗിച്ചതിന് ശേഷം അതിന്റെ എല്ലാം ആശയം സംഗ്രഹിച്ച് ഏറ്റം ബുദ്ധിയുള്ള ആൾ അത് ഒരു Capsule ആയി പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിക്കുന്ന ഒരു പരിപാടി പണ്ടുണ്ടായിരുന്നു. പള്ളിയോഗങ്ങളിൽ സാർ പ്രസംഗമെല്ലാം കേട്ടതിന് ശേഷം അവസാനം ഒരു ആശയം എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ വിനയാന്വിതനായി പറയും. അതോടുകൂടി പൊതുയോഗം വളരെ ഭംഗിയായിട്ട് അവസാനിക്കുകയും ചെയ്യും. സാറ് പറഞ്ഞ് കഴിയുമ്പോൾ പിന്നെ അവിടെ പ്രശ്നം അവസാനിക്കുകയാണ് . ലത്തീൻ ഭാഷയിൽ ഒരു ചൊല്ലുണ്ട്. "Roma locuta, Causa finita" (When Rome speaks the case is settled). അതായത് മാർപാപ്പയുടെ തീരുമാനമായിരിക്കും എല്ലാത്തിനും അന്തിമം. അതുപോലെ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുള്ള, ബുദ്ധിയുള്ള ജോർജ്ജ് സാർ ഒരു കാര്യം പറഞ്ഞാൽ എല്ലാവരും അത് അംഗീകരിച്ച് ആ പ്രശ്നം

www.malankaralibrary.com

പരിഹരിക്കും അതുകൊണ്ടുതന്നെ ഞങ്ങളുടെ ഇടവകയുടെ വലിയ സമ്പത്താണ് പ്രിയപ്പെട്ട സാർ. അത് ഭംഗിവാക്കായിട്ട് പറയുകയല്ല, നേരേമറിച്ച് വളരെ ആത്മാർത്ഥതയോടെ പറയുകയാണ്. ഈ ഇടവകയുടെ ഒരു വലിയ സമ്പത്തായിരുന്നു ഇദ്ദേഹം.

സാറിന്റെ ഈ ഭൂമിയിൽ നിന്നുള്ള തിരോധാനം, നിശ്ചയമായിട്ടും വലിയ ഒരു വിടവ് ആണ്. അതുപോലെതന്നെ, സാധാരണ പള്ളികളിൽ ഒക്കെ പൊതുയോഗത്തിനിരിക്കാനായി ആൾക്കാർക്ക് വലിയ താൽപര്യം ഒന്നുമില്ല. പ്രായമുള്ളവർ പ്രായമാണെന്ന് പറഞ്ഞ് മാറിനിൽക്കും. എന്നാൽ ജോർജ്ജ് സാർ ഞാൻ വന്നപ്പോൾ മുതൽ ശ്രദ്ധിക്കുന്നുണ്ട് എല്ലാ പൊതുയോഗത്തിലും ആരോഗ്യം സമ്മതിച്ചാലും ഇല്ലെങ്കിലും ഏറ്റം മുൻനിരയിൽ ഉണ്ടായിരിക്കും. അത് ഒരു ചെറിയ കാര്യമല്ല. കാരണം, മാതൃകാ അദ്ധ്യാപകന്റെ ഒരു മനോഭാവം. അതായത് ആരും സാറിനോട് ചോദിക്കരുത് എന്തുകൊണ്ട് സാർ പൊതുയോഗത്തിന് വന്നില്ല എന്ന്, ഒരിക്കലും ഒരു മാതൃക ദോഷമുണ്ടാക്കരുത്, മറ്റുള്ളവർക്ക് മാതൃകയായിട്ട് ഇടവകയുടെ പൊതുയോഗത്തിൽ സംബന്ധിക്കണം എന്നുള്ള ആ ആഗ്രഹത്തോടെ ഏറ്റം മുൻനിരയിൽ മറ്റുള്ളവർക്ക് മാതൃകയായിട്ട് പ്രിയപ്പെട്ട സാർ ഉണ്ടാകും. ഇങ്ങനെ എല്ലാ കാര്യങ്ങളിലും സാറിന്റെ വ്യക്തിത്വം മറ്റുള്ളവരെ ആകർഷിക്കുന്നതിനും, ബഹുമാനം പിടിച്ചുപറ്റുന്നതിനും ഇടയായിട്ടുണ്ട്.

പ്രിയപ്പെട്ട സാറിന്റെ വേർപാട് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വലിയ ഒരു നഷ്ടമാണ്. പ്രിയപ്പെട്ട സാർ. ഈ സഭയുടെ അംഗമാണെങ്കിലും അദ്ദേഹത്തിന്റെ വിശാലമായ മാർത്തോമാ ക്രിസ്ത്യാനികളോടുള്ള വലിയ സ്നേഹം വളരെ പ്രകടമായിരുന്നു, അതുപോലെ സാറ് നടക്കാവുന്ന കാലത്തെല്ലാം കഴിഞ്ഞ ഒരു വർഷം മുൻപു വരെയും എല്ലാ ദിവസവും ഈ ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിലെ സന്ധ്യാനമസ്കാരത്തിൽ സംബന്ധിക്കുമായിരുന്നു. അതിന് വീട്ടിൽ നിന്ന് ഇറങ്ങി, ആ പള്ളിയിൽ ചെന്ന് സന്ധ്യാനമസ്ക്കാരത്തിൽ സംബന്ധിക്കുവാൻ കാരണം പള്ളിയിൽ പോയി പ്രാർത്ഥിക്കുന്നതിന്റെ അർത്ഥം സാറിന് നല്ലതുപോലെ അറിയാവുന്നതു കൊണ്ടാണ്. ദാവീദ് പ്രാർത്ഥിച്ചതാണല്ലോ "ഞാൻ ഒരു കാര്യമേ യഹോവയോട് ആവശ്യപ്പെട്ടുള്ളു, ഒരു കാര്യമേ ഞാൻ ആഗ്രഹിച്ചിട്ടുള്ളു; യഹോവയുടെ മനോഹരത്വം കാണുവാനും അവന്റെ മന്ദിരത്തിൽ ധ്യാനിക്കുവാനും എന്റെ ആയുഷ്ക്കാലമൊക്കെയും അവന്റെ

www.malankaralibrary.com
ആലയത്തിൽ പാർക്കുവാനും തന്നെ" ദൈവഭക്തിയ്ക്കുള്ള ദൈവ സ്നേഹമുള്ള ഭക്തന്റെ ഭാവമാണ് ദാവീദ് പറഞ്ഞത്. ആയതിനാൽ എല്ലാ ദിവസവും സാർ പള്ളിയിൽ വന്ന് പ്രാർത്ഥനയിൽ സംബന്ധിക്കുന്ന ഒരു വ്യക്തിയാണ്. കുറച്ചുകൂടി പ്രായമായപ്പോൾ അധികം നടക്കാൻ സാധിക്കാതിരുന്നതുകൊണ്ട് ഗേറ്റിംഗൽ വരെ വന്ന് വഴിയെ പോകുന്ന ആൾക്കാരോട് കുശലം പറയുമായിരുന്നു. എപ്പോഴും മനുഷ്യനോട് സംവദിച്ചുകൊണ്ട് ഇരിക്കുവാൻ ആഗ്രഹിച്ച പ്രാർത്ഥനയുടെ മഹാത്മ്മീയത അറിയാവുന്ന ജ്ഞാനിയായ ഒരു ദൈവവിശ്വാസി . എനിക്ക് ഒരു എഴുത്ത് പ്രിയപ്പെട്ട സാർ ഒരിക്കൽ തന്നു. പൗവ്വത്തിക്കുന്നേൽ അച്ചന്റെ ജൂബിലി സമയത്ത് അദ്ദേഹത്തിന്റെ ഒരു അനുസ്മരണ കുറിപ്പ്. അതിൽ എന്നെ ആദ്യം അഭിസംബോധന ചെയ്തിരുന്നത് വളരെ ഹൃദയസ്പർശിയായിട്ടായിരുന്നു. നോമ്പിനെയും പ്രാർത്ഥനയെയും കുറിച്ചൊക്കെ താൽപര്യം ഉള്ളതുകൊണ്ട് എന്നെ അഭിസംബോധന ചെയ്തിരുന്നത്, "നോമ്പിന്റെ പുത്രനായ കുറിയാക്കോസ് ബാവായ്ക്ക്.." വളരെ സ്നേഹത്തോടെ എഴുതിയിരിക്കുകയാണ്. എന്നിട്ട് അതിന്റെ അവസാനിത്തിൽ "കർത്താവിൽ അങ്ങയുടെ വിനീതവിധേയൻ" ഞാൻ ഇത് വായിച്ച് സന്തോഷിച്ച് അദ്ദേഹത്തോട് നന്ദിപറയുകയും ചെയ്തു. അങ്ങനെ മറ്റുള്ളവരോട് സ്നേഹം, ബഹുമാനം, ആദരവ് അത് വളരെ ഭംഗിയായിട്ട് സാർ കാണിച്ചിരുന്നു. അതുകൊണ്ട് സാറ് ഗുരുക്കന്മാരുടെ കൂട്ടത്തിൽ എപ്പോഴും അനുസ്മരിക്കപ്പെടുകയും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ മേല്പട്ടക്കാർ സാറിനെ പ്രത്യേകം അനുസ്മരിക്കുകയും ചെയ്യും എന്നത് തീർച്ചയാണ്. ഞാനും പ്രിയപ്പെട്ട സാറിനെ എന്നും കുർബാനയിൽ ഓർക്കും, കാരണം ഞാൻ കുർബാനയിൽ തിരിഞ്ഞു വരുമ്പോൾ ആദ്യം കാണുന്ന ഒന്നാമത്തെ സീറ്റിലെ മുഖം സാറിന്റേതായിരുന്നു. ഇനി ആ ഒന്നാമത്തെ സീറ്റിൽ സാറില്ല എന്നതും ഒരു ദുഃഖമാണ്. എന്നാൽ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം മരണം നമ്മളെ ഭയപ്പെടുത്തുന്ന ഒന്നല്ലല്ലോ. നേരെമറിച്ച് മരണത്തെ ആഘോഷിക്കുന്നവരാണ് ക്രിസ്ത്യാനികൾ. വി. കുർബാന എന്ന് പറയുന്നത്, നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണമാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾ മരണത്തിന്റെ മുൻപിൽ പതറുന്നവരല്ല.

പ്രിയപ്പെട്ട ജോർജ്ജ് സാറിന്റെ നിര്യാണത്തിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾ, മക്കൾ, കൊച്ചുമക്കൾ, അതുപോലെതന്നെ,

www.malankaralibrary.com

ബന്ധുമിത്രാദികൾ. ഇവർക്കെല്ലാം മാനുഷികമായ രീതിയിലുള്ള വേദനകളും പ്രയാസങ്ങളും ഉണ്ടാവാം. പ്രത്യേകിച്ചും ജോർജ്ജ്സാർ വസിച്ചിരുന്ന ഭവനത്തിൽ ഉള്ള അനു ടീച്ചറും കുട്ടികളും ഈ കുഞ്ഞുങ്ങൾ വളരെ സ്നേഹത്തോടെ പ്രിയപ്പെട്ട സാറിനെ ശുശ്രൂഷിച്ചു. പ്രിയപ്പെട്ട അനു ടീച്ചറും അവർ സാറിനെ ശ്രദ്ധയോടെയും സ്നേഹത്തോടെയും നോക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു. അതുപോലെ തന്നെ സാറും ഈ കുഞ്ഞുങ്ങളോട് വളരെ പ്രത്യേകമായ ഒരു താൽപര്യം എല്ലായ്പ്പോഴും കാണിക്കുമായിരുന്നു. അതൊക്കെ എനിക്ക് നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചു. അതുകൊണ്ട് ഇവർക്കെല്ലാം വലിയ ദുഃഖവും വേദനയും പ്രയാസവും ഒക്കെ ഉണ്ട്. എന്നാൽ നമ്മുടെ എല്ലാം ദുഃഖങ്ങളെ മായ്ക്കുന്നത്, മാറ്റികളയുന്നത് നമ്മുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ മായ്ക്കുകയും നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ദുഃഖവും മാറ്റി കളയുന്നത് ആശ്വാസപ്രദനായ പരി. റൂഹാ ആണ്. പരി. റൂഹായുടെ മറ്റൊരു പേര് "പാറക്കലീത്താ" എന്നാണ്. ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥം "ആശ്വസിപ്പിക്കുന്നവൻ" എന്നാണ്. അതെ പ്രിയമുള്ളവരെ, ആശ്വസിപ്പിക്കുന്നവനായ പരി. റൂഹാ ഈ പിതാവിന്റെ വേർപാടിൽ ദുഃഖിക്കുകയും വിലപിക്കുകയും ചെയ്യുന്ന എല്ലാവരെയും, മക്കളെയും, കൊച്ചുമക്കളെയും, ബന്ധുമിത്രാദികളുടെയും കണ്ണുകളിൽ നിന്ന് കണ്ണീർ തുടച്ചുമായിക്കുകയും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ദുഃഖത്തെ മായ്ച്ച് ആശ്വസിപ്പിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്കു പ്രാർത്ഥിക്കാം. കർത്താവിന്റെ മഹത്വപ്രത്യക്ഷ സമയത്ത് അവിടുത്തെ വലതുഭാഗത്ത് ഈ പിതാവിനെ കാണുകയും ഈ പിതാവിനോട് ചേർന്നു നിന്നുകൊണ്ട് "കർത്താവേ നിനക്കു മഹത്വം, ഹാലേലുയ്യാ" എന്ന് പാടുവാനും ഞങ്ങളെയും അർഹരാക്കണമെയെന്ന് പ്രത്യേകമായും പ്രാർത്ഥിക്കാം. ഈ പിതാവ് ദൈവം നല്കിയ ആയുസ്സ് സമാധാനകരമായി പൂർത്തീകരിച്ച്, ഒരു പുഷ്പം പൊഴിയുന്ന രീതിയിൽ, മനോഹാരീതിയിൽ കടന്നുപോയ ഈ പ്രിയപ്പെട്ട പിതാവിനെക്കുറച്ച് ദുഃഖിക്കാനോ വിലപിക്കാനോ പാടില്ല. വളരെ സൗഭാഗ്യശാലിയായി ദൈവസന്നിധിയിലേക്ക് കടന്ന് പോയിരിക്കുന്നു. ആയതിന് ദൈവത്തെ മഹത്വപ്പെടുത്തുകയും ഈ പിതാവിന്റെ, ജീവിതത്തിലൂടെ അനേകർക്ക് ലഭിച്ച അനുഗ്രഹങ്ങളെ പ്രതി ദൈവത്തെ മഹത്വപ്പെടുത്തി ഈ ഞങ്ങളുടെ ഇടവകയ്ക്ക് ഉണ്ടായ അദ്ദേഹത്തിന്റെ അനുഗ്രഹീത സാന്നിദ്ധ്യത്തെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യാം.

ദൈവം നമ്മെ എല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ◆

www.malankaralibrary.com

# "ജോർജ്സാർ ഓർമ്മയായി"



**റവ. ഫാ. ചെറിയാൻ താഴമൺ**

(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ദീപിക)

ബഹു. ജോൺ ഇരുമേട അച്ചൻ എന്നോട് ആവശ്യപ്പെട്ടു: "ഇരുമേട ജോർജ് സാറിനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് എഴുതി നൽകണമെന്ന്". അപ്പോൾ ഞാൻ ആലോചിച്ചു. എന്താണ് എഴുതേണ്ടത്. അദ്ദേഹത്തെക്കുറിച്ച് എഴുതാനാണെങ്കിൽ വളരെയധികം എഴുതാനുണ്ട്. എവിടെ തുടങ്ങും. എവിടെ അവസാനിപ്പിക്കും?. ബഹു, ഇരുമേടയച്ചൻ വീണ്ടും പറഞ്ഞു. "പല തുറകളിൽപ്പെട്ട പത്തിരുപതു പേരോട് ആവശ്യപ്പെട്ടിട്ടുണ്ട്, ഒരു അനുസ്മരണ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ വേണ്ടിയാണ്". ഇതുകൂടെ കേട്ടപ്പോൾ എന്റെ ആശങ്ക വർദ്ധിച്ചു. പലരും എഴുതുന്നുണ്ട്, അപ്പോൾ ഒരേകാര്യം തന്നെ പലരുടെ കുറിപ്പുകളിലും കടന്നുവരാൻ സാധ്യതയില്ലേ. ബഹു. ഇരുമേടയച്ചനോട് ഞാനി ആശങ്ക പങ്കുവച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. "സാരമില്ല, ആവർത്തനം ഉണ്ടാകാതെ ഞാൻ എഡിറ്റു ചെയ്തുകൊള്ളാം". ആ ഉറപ്പിലാണ് ഞാനീ കുറിപ്പെഴുതുന്നത്. ആവർത്തനങ്ങളുണ്ടെങ്കിൽ ഞാൻ നിരപരാധി.

ജൂലൈ 24-ാം തീയതിയിലെ ദീപിക ദിനപത്രം ജോർജ് സാറിന്റെ മരണം റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്. "**ഗുരുശ്രേഷ്ഠൻ വി.ജോർജ് ഇരുമേട ഓർമ്മയായി. തലമുറകൾക്ക് അക്ഷരദീപം പകർന്ന അധ്യാപക ശ്രേഷ്ഠൻ വി.ജോർജ് ഇരുമേട (89) ഓർമ്മയായി.**" 'ഓർമ്മയായി' എന്ന് പത്രം റിപ്പോർട്ട് ചെയ്ത ജോർജ് സാറിനെക്കുറിച്ച് ഒരു "ഓർമ്മക്കുറിപ്പ്" എഴുതാനാണല്ലോ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്. **ഓർമ്മയായ സാറിനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ്.**

www.malankaralibrary.com

**'ഓർമ്മ' നല്ലൊരു പ്രയോഗം. 'ഓർമ്മക്കുറിപ്പ്' നല്ലൊരു ദൗത്യം.** യേശുനാഥന്റെ ഒരു വചനം മനസ്സിലേക്ക് തള്ളിക്കയറി വരുന്നു. 'എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ' എന്താണ് ശിഷ്യർക്ക് ഓർമ്മയ്ക്കായി നൽകാൻ ദൈവമായവനു സാധിക്കുക? വസ്തുലോകവും സൃഷ്ടപ്രപഞ്ചവും നശ്വരമാണെന്നു പഠിപ്പിച്ചവന് അവയൊന്നും സ്മാരകമായി നൽകാൻ കഴിയുകയില്ലല്ലോ. പിന്നെയെന്ത്? തന്റെ ഉള്ളും ഉള്ളതും നൽകുക. അവിടെയാണ് മുറിക്കപ്പെട്ട അപ്പമായും ചിന്തപ്പെട്ട രക്തമായും യേശുവിന്റെ ശരീരം പകുത്തുനൽകുക. ഒരായുസ് മുഴുവനും എന്നല്ല യുഗാന്ത്യം വരെ അവിസ്മരണീയമായി നിലകൊള്ളുന്ന പച്ച കെടാത്ത ഓർമ്മ. **'ഇത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'.** ഇരുമേട ജോർജ് സാർ 'ഓർമ്മയായി' എന്ന് ദീപിക റിപ്പോർട്ട് ചെയ്തത് എത്രയോ ശരി. ക്രൈസ്തവന്റെ വിളി മറ്റെന്താണ്, ഓർമ്മയാകാനല്ലങ്കിൽ. ദൈവത്തിനും മനുഷ്യർക്കും മറക്കാനാവാത്ത ഓർമ്മ. ദൈവത്തിനായി ഉള്ളും ഉള്ളതും നൽകിയ ശുശ്രൂഷകരെ ദൈവത്തിനു മറക്കാനാവുമോ?

കേരളത്തിനകത്തും ഭാരതത്തിനു വെളിയിലുമായി നാല് പതിറ്റാണ്ടുകാലത്തെ അധ്യാപകനും പ്രധാനാധ്യാപകനുമായുള്ള ശുശ്രൂഷ. കെ.സി.എസ്.എൽ സംസ്ഥാന ജനറൽ സെക്രട്ടറി, നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റി പ്രഥമ കൺവീനർ, പാസ്റ്റൽ കൗൺസിൽ അംഗം, അൻപതിലധികം വർഷം മതബോധന അധ്യാപകൻ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, ലീജിയൽ ഓഫ് മേരി പ്രസീദിയം പ്രസിഡന്റ് തുടങ്ങി **അനേക ശുശ്രൂഷകളിലൂടെ തന്റെ ഉള്ളും ഉള്ളതും ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കുമായി സമർപ്പിച്ച ജോർജ് സാർ അറിയുന്നവർക്കെല്ലം സജീവ 'ഓർമ്മയല്ലേ'. ഇതാണ് എനിക്കു കുറിക്കുവാനുള്ള ഓർമ്മക്കുറിപ്പ്.**

പാദങ്ങൾ കഴുകി പഴയ പാതകളിലെ പൊടി ശിഷ്യരുടെ പാദങ്ങളിൽ നിന്നു നീക്കിയിട്ട് പുതിയ വീഥികളിലേക്കുള്ള സ്വാതന്ത്ര്യം നൽകിയവനാണു പറഞ്ഞത് 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവാൻ' എന്ന്. ഇതുന്നെയല്ലേ ജോർജ് സാർ തന്റെ ജീവിതകാലമിത്രയും ചെയ്തത് അനേകരുടെ പാദങ്ങളിൽ നിന്ന് പഴയ വീഥികളിലെ ധൂളി നീക്കിയിട്ട് പുതിയ വീഥിയിലേക്കുള്ള സ്വാതന്ത്ര്യം നൽകുകയല്ലേ അധ്യാപനശുശ്രൂഷിയിലൂടെ അദ്ദേഹം ചെയ്തത്. ഗുരുവിന്റെ ദൗത്യം

www.malankaralibrary.com

ഇതുതന്നെയല്ലേ? '**മാറിലെ ഉഴവുചാൽ മണ്ണു മറന്നാലും, പ്രസവ വേദനയും തുടർന്നുള്ള ആനന്ദവും പെണ്ണു മറന്നാലും ഞാനാ രാത്രിയെ വിസ്മരിക്കില്ല**' എന്ന് ഖലിൽ ജിബ്രാൽ പാടിയത് ഗുരുശി ഷ്യന്റെ പാദങ്ങളെ വെടിപ്പാക്കി പുതിയ വഴിയിലേക്കു തുറവി കൊടു ത്തതിനെക്കുറിച്ചല്ലേ?. '**സേവിക്കാനാണ് സേവിക്കപ്പെടാനല്ല ഞാൻ വന്നിരിക്കുന്നതെന്നരുളിയ**' ഗുരുവിനെപ്പോലെ അനേകർക്ക് സേവനം ചെയ്തവനല്ലേ ഇരുമേട ജോർജ് സാർ എന്ന ഗുരുശ്രേഷ്ഠൻ.

അധ്യാപനത്തെ ദൈവനിയോഗവും ഈശ്വരസേവയുമായിട്ടാ ണദ്ദേഹം കണ്ടിരുന്നത്. അത് ശ്രേഷ്ഠതയോടെ നിർവഹിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. സഭയുടെ വിദ്യാഭ്യാസ ദർശനം ആഴത്തിൽ അദ്ദേഹം ഉൾക്കൊണ്ടിരുന്നു. കുട്ടികളുടെ സമ്പൂർണ്ണമായ വികസനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണദ്ദേഹം പാഠ്യവിഷയങ്ങൾക്കുപുറമേ പാഠ്യേതര വിഷയങ്ങളും സ്കൂളിൽ നിർബന്ധമാക്കിയിരുന്നത്. ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാ പകനായിരുന്നപ്പോഴും വിദ്യാർഥികളെ മൂല്യബോധമുള്ളവരായി രൂപീ കരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നതായി അനേക ശിഷ്യർ സാക്ഷ്യ പ്പെടുത്തുന്നു.

അദ്ദേഹത്തിന്റെ മരണവാർത്ത റിപ്പോർട്ടു ചെയ്തിരുന്നതിലെ മറ്റൊരു വാചകം ഇപ്രകാരമായിരുന്നു. " സഭാസാമുദായിക രംഗങ്ങ ളിൽ അർപ്പിച്ച ശുശ്രൂഷകളെ മാനിച്ച് മലങ്കര സുറിയാനി കത്തോലി ക്കാസഭയുടെ പരിശുദ്ധ സുന്നഹദോസ് 'ബാർഈത്തോ കാശീറോ' (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന പദവി നൽകി ആദരിച്ചി രുന്നു. **അംഗീകാര പദവി നൽകുവാനുള്ളവരുടെ പട്ടിക തയാറാ ക്കാൻ ഒരുമ്പെട്ടപ്പോൾ ഇരുമേട ജോർജ് സാറിന്റെ പേരാണ് ആദ്യ മായി കടന്നുവന്നത് എന്നറിയുമ്പോൾ അദ്ദേഹത്തിന്റെ സഭാപരമായ സേവനങ്ങളെ സഭാമക്കൾ എത്രമാത്രം അംഗീകരിച്ചാദരിച്ചിരുന്നു എന്ന് വ്യക്തം.**

ഇടവകയോടും രൂപതയോടും ചേർന്ന് പ്രവർത്തിക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നാ ത്തിയോസിന്റെ പ്രസിദ്ധമായ വാക്യം "സഭയോടൊത്തു ചിന്തിക്കുക" ജോർജ് സാറിന്റെയും ജീവിത വീക്ഷണമായിരുന്നു. കൗമാരപ്രായ ത്തിൽ സത്യസഭയെ തിരിച്ചറിഞ്ഞ് പുനരൈക്യപ്പെട്ടതു മുതൽ സഭ

www.malankaralibrary.com

യോടൊത്തു മാത്രം ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. വ്യക്തിജീവിതത്തിൽ മാത്രമല്ല ഔദ്യോഗിക ജീവിതത്തിലും സുവിശേഷമൂല്യങ്ങളും സത്യസഭാപഠനങ്ങളും പ്രചരിപ്പിക്കുവാനും പകർന്നുനൽകുവാനും അദ്ദേഹം തീക്ഷ്ണതയോടെ ശ്രമിച്ചിരുന്നു. തന്റെ വിദ്യാർഥികളിൽ ധാർമ്മികമൂല്യങ്ങൾ പകർന്നു നൽകുവാൻ മാത്രമല്ല സുവിശേഷത്തിനുവേണ്ടി ജീവിക്കുവാൻ കുട്ടികളിൽ ആഭിമുഖ്യമുളവാക്കുവാനും ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിൽനിന്നും ആഭിമുഖ്യമുൾക്കൊണ്ട് അനേകർ വൈദികജീവിതവും സമർപ്പണജീവിതവും സ്വീകരിച്ച് നാടിന് നന്മയായി മാറി എന്നതിന് നാം സാക്ഷികളല്ലേ? അദ്ദേഹത്തിന്റെ ശിഷ്യരിൽ അഞ്ച് പേർ; യാക്കോബ് മാർ ഐറേനിയോസ്, സക്കറിയാസ് മാർ തെയോഫിലോസ്, എബ്രഹാം മാർ യൂലിയോസ്, ആയൂബ് മാർ സിൽവാനോസ്, യൂഹനോൻ മാർ ക്രിസോസ്റ്റോമോസ് എന്നിവർ മെത്രാപ്പോലീത്താമാരായി സഭയെ നയിക്കുന്നു എന്നറിയുമ്പോൾ അദ്ദേഹത്തോടുള്ള നമ്മുടെ ആദരം ശതഗുണീഭവിക്കുന്നു.

പരിശുദ്ധ കത്തോലിക്കാ സഭയാണ് യേശുവിന്റെ സഭയുടെ പൂർണത എന്നദ്ദേഹം വ്യക്തമായി തിരിച്ചറിഞ്ഞിരുന്നു. ഈ സത്യം ശക്തമായി അദ്ദേഹം ജീവിതത്തിലുടനീളം സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു. ഈ സത്യം സകലരും തിരിച്ചറിയണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നപ്പോഴും വ്യത്യസ്ത വിശ്വാസവും ആചാരവും അനുഷ്ഠിക്കുന്നവരെ പഴിക്കുവാനോ ഇകഴ്ത്തുവാനോ അദ്ദേഹം ഒരിക്കലും തുനിഞ്ഞിട്ടില്ല. സകലരോടും സൗഹാർദം പുലർത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. എക്യുമെനിസത്തിന്റെയും മതസൗഹാർദതയുടെയും മാതൃകയായിരുന്നു അദ്ദേഹം.

വലിയ വിശ്വാസദൃഢതയുടെയും ക്രൈസ്തവ പ്രത്യാശയുടെയും മനുഷ്യനായിരുന്നു അദ്ദേഹം. പീഢനമോ, പട്ടിണിയോ, വാളോ, അപകടമോ ഒന്നും പൗലോസിനെ യേശുവിനോടുള്ള ബന്ധത്തിൽ നിന്നും പിന്മാറ്റാൻ പര്യാപ്തമായിരുന്നില്ല എന്ന്, വിശുദ്ധ പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ ജോർജ് സാറിനെക്കുറിച്ചും ഉറപ്പായി പറയാൻ സാധിക്കും. ഈ ലോകത്തിലുള്ള യാതൊന്നിനും അദ്ദേഹത്തെ ദൈവത്തിലുള്ള ശരണത്തിൽ നിന്നും അകറ്റുവാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ മകൻ ബാബു സക്കറിയ

www.malankaralibrary.com

ജോർജിന്റെ 'അകാല'മരണത്തിന്റെ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ക്രൈസ്തവ പ്രത്യാശയുടെ ആഴം നേരിട്ടു മനസിലാക്കാൻ എനിക്ക് സാധിച്ചിരുന്നു. എന്തു സംഭവിച്ചാലും അതെല്ലാം ദൈവനാമമഹത്വത്തിനും നന്മയ്ക്കുമെന്നദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. അദ്ദേഹത്തിൽ നിന്നും എന്തിനെക്കുറിച്ചെങ്കിലുമൊരു പരാതിയോ ആരെക്കുറിച്ചെങ്കിലുമൊരു പരിഭവമോ കേൾക്കുവാനിടയായിട്ടില്ല. അപ്പസ്തോല പ്രമുഖരായ വി.പത്രോസിനെയും വി.പൗലോസിനെയുംപോലെ സുവിശേഷമൂല്യങ്ങളിൽ ആഴപ്പെട്ട ജീവിതമായിരുന്നു ജോർജ് സാറിന്റേതും. ഒരുപക്ഷേ 1926 ജൂൺ 29-ന് വി.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം ജനിച്ച ജോർജ് സാറിന് ആ വിശുദ്ധരുടെ വിശ്വാസദൃഢതയും സുവിശേഷ തീക്ഷ്ണതയും ലഭിച്ചത് ആ വിശുദ്ധരുടെ മധ്യസ്ഥമായിരിക്കാം.

പരിശുദ്ധ അമ്മയുടെ തികഞ്ഞ ഭക്തനായിരുന്നു അദ്ദേഹം. ലീജിയൻ ഓഫ് മേരി സംഘടനയിലൂടെ മരിയഭക്തിയിൽ ചിട്ടയായി വളരുവാനും പരിശുദ്ധ അമ്മയോടടുത്തു ജീവിക്കുവാനും അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു.

പൗരോഹിത്യത്തോടുള്ള ആദരവും പുരോഹിതരോടുള്ള ബഹുമാനവും അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നതായി തോന്നിപ്പോകും. വൈദികരോട് അഭിപ്രായങ്ങൾ തുറന്നുപറയുമ്പോഴും ആദരവിനും ബഹുമാനത്തിനും അല്പംപോലും കുറവു വരാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മക്കളെയും കൊച്ചുമക്കളെയും ചെറുമക്കളെയും അങ്ങനെ പരിശീലിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചിരുന്നു.

യഥാർത്ഥ മഹത്വത്തിന്റെ കോടി അടയാളമായ ജീവിതലാളിത്യവും ഉന്നതചിന്തയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളായിരുന്നു. ആർഭാടജീവിതവും ഉപഭോഗസംസ്കാരവും അദ്ദേഹത്തെ തെല്ലും തീണ്ടിയില്ല. "ഒരാത്മാവിന്റെ ആന്തരിക സമ്പന്നത എത്ര അധികമാണോ അതനുസരിച്ചു ബാഹ്യാലങ്കാരങ്ങളും സുഖസൗകര്യങ്ങളോടുള്ള അസാധാരണാഭിമുഖ്യവും ആന്തരിക നഗ്നതയുടെ തെളിവാണെന്ന്" ബിഷപ്പ് ഫുൾട്ടൻ ജെ. ഷീനിന്റെ ചിന്ത ജോർജ് സാർ നന്നായി തിരിച്ചറിഞ്ഞിരുന്നു.

www.malankaralibrary.com

ശുഭവസ്ത്രധാരിയായി മാത്രമേ ഞാനദ്ദേഹത്തെ കണ്ടിട്ടുള്ളു. ലളിതമായ പരുത്തിവസ്ത്രം. വിലകൂടിയതും വർണാഭവുമായ വസ്ത്രങ്ങൾ ലഭിക്കാൻ സാധ്യതയില്ലാഞ്ഞിട്ടല്ല, അവ തന്റെ ജീവിതവീക്ഷണത്തിന് യോജിക്കുന്നതല്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞതുകൊണ്ടാണ്. ഒരുവന്റെ ആർഭാടം മറ്റൊരുവനെ ദരിദ്രനാക്കുമെന്നദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

ഗുരുക്കന്മാരെയും ആചാര്യന്മാരെയുമൊക്കെ 'അനുസ്മരിക്കുക' എന്നു പറഞ്ഞാൽ അവരുടെ പഠനങ്ങളും ദർശനങ്ങളും ജീവിതത്തിൽ പകർത്തുക, പുലർത്തുക, പ്രചരിപ്പിക്കുക എന്നുകൂടിയാണ്... അതിനി ആരുടെ കടമ.... നമ്മുടെ കടമ. "അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13/7)

വൈലോപ്പിള്ളി കവിതയിലെ ഒരു ഈരടിയോടുകൂടി സമാപിപ്പിക്കട്ടേ.

"നിങ്ങളെ സമ്പാദിച്ചുകാലമെൻകയ്യുംകാലും
ചങ്ങലയ്ക്കിട്ടാലെന്ത്? നിങ്ങളിൽ ഞാൻ ജീവിപ്പൂ".

www.malankaralibrary.com

# ഇരുമേട ജോർജ്ജ് സാർ ഒരു യഥാർത്ഥ സഭൈക്യപ്രവാചകൻ



റവ. ഡോ. ഏബ്രഹാം മുളമൂട്ടിൽ

വിശുദ്ധ ബൈബിളിൽ നഥാനിയേലിനെ നോക്കി യേശുപറയുന്നുണ്ട്. "ഇതാ നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽക്കാരൻ (St. John 1:47) ഇരുമേട സാറിനെക്കുറിച്ച് എനിക്കു പറയാനുള്ളതും ഇതു തന്നെയാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനി, അദ്ദേഹത്തിൽ കാപട്യമില്ല. ക്രിസ്ത്യാനി എന്ന പദത്തിന്റെ അർത്ഥം സ്വന്തം ജീവിതത്തിലൂടെ സാർ നമ്മുക്കു കാണിച്ചു തന്നു.

ക്രിസ്ത്യാനി എന്ന പേരു പലരും വെറുമൊരു ആഭരണമായി അണിഞ്ഞു നടക്കുമ്പോൾ, അതിനെ ഒരു ജീവിതവ്രതമായി കൊണ്ടു നടന്ന വ്യക്തിയായിരുന്നു ഇരുമേട സാർ. അദ്ദേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഓർമ്മയിൽ ഓടിയെത്തുന്ന ചില കാര്യങ്ങൾ ഞാൻ ഇവിടെ കുറിക്കുന്നു.

### 1. ദൈവീകതയും മാനുഷികതയും ഒന്നിച്ചുചേർന്ന വ്യക്തി

ദൈവവചനം ദൈവം സ്വന്തം രൂപത്തിലും ഛായയിലും മനുഷ്യനെ സൃഷ്ടിച്ചു എന്നാണല്ലോ. മനുഷ്യൻ എന്ന പ്രതിഭാസത്തിന്റെ രണ്ടുതലങ്ങളാണ് ഇത് സൂചിപ്പിക്കുന്നത്. ദൈവീക ഭാവവും മനുഷ്യഭാവവും ഇരുമേട സാറിന് ഈ രണ്ട് ഭാവങ്ങളും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളായി സമ്മേളിക്കുന്നു. ഒന്ന് മറ്റൊന്നിനെ മറയ്ക്കുകയോ തകർക്കുകയോ ചെയിതിട്ടില്ല. ഒരു മനുഷ്യനു വേണ്ട എല്ലാഗുണങ്ങളും ഒപ്പം ദൈവീകമൂല്യങ്ങളും ഒന്നിച്ചുചേർന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

www.malankaralibrary.com

**2. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യൻ**

തന്നെത്താൻ ത്യജിച്ച് തന്റെ കുരിശു എടുത്തു എന്നെ അനുഗമിക്കുന്നവനാണ്' തന്റെ യഥാർത്ഥ ശിഷ്യൻ എന്ന് ക്രിസ്ത നമ്മെ പഠിപ്പിച്ചിരുന്നു. ഇരുമേട സാർ, തന്റെ ജീവിതത്തിലൂടെ ഇത് കാണിച്ചു തന്നു. സഭയുടെ വത്സല പുത്രൻ എന്ന പദവി അദ്ദേഹത്തെ തേടിയെത്തിയത് ഇത്തരത്തിലുള്ള ഒരു ജീവിതമാതൃക പിന്തുടരുന്നതുകൊണ്ടാണ്.

**3. ഒരു യഥാർത്ഥ സത്യാന്വോഷകൻ**

"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നു വചനം തന്റെ ജീവിതത്തിലൂടെ അന്വർത്ഥമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ ജീവിതത്തിലൂടെയും, പ്രവർത്തനത്തിലൂടെയും ഒരു യഥാർത്ഥ സത്യാന്വോഷി ആരായിരിക്കണം എന്നു നമ്മെ കാണിച്ചു തന്നു, അദ്ദേഹം.

സഭയുടെ പുനരൈക്യ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ ഒരു സ്ഥാനം അദ്ദേഹം വഹിച്ചിട്ടുണ്ട്. ഇതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചത് സഭയെന്ന സത്യത്തെ തേടിയുള്ള യാത്രയായിരുന്നു.

ഒരു നല്ല അദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹം ഈ മൂല്യങ്ങളൊക്കെ തന്റെ ശിഷ്യഗണത്തിന് പകർന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

**4. ആകർഷണീയമായ വ്യക്തിത്വം**

ഇന്നു പലരും സ്ഥാനമാനങ്ങളുടെയും പദവികളുടെയും പുറകെ പരക്കം പായുമ്പോൾ, ഇരുമേടസാർ തന്റെ ബോദ്ധ്യങ്ങളിലൂടെ ഉൾചേർന്ന വ്യക്തിത്തമാണ് സൃഷ്ടിച്ചത് അതായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ആകർഷണീയമാക്കിയതും. എല്ലാ മതങ്ങളെയും, വിശ്വാസങ്ങളെയും, സഭകളെയും അദ്ദേഹം ബഹുമാനത്തോടെയാണ് നോക്കിക്കണ്ടിരുന്നത്. എന്നാൽ താൻ അംഗമായിരുന്ന സഭയിലൂടെയാണ് സാർ സത്യത്തിന്റെ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നത്. സഭയുടെ ഭാഗമായി തന്നെത്തന്നെ കണ്ടതുകൊണ്ടാണ് അദ്ദേഹത്തിനും ഇതു സാധിച്ചത്.

സെന്റ് ജോൺസ് കത്തീഡ്രൽ പണിതുകൊണ്ടിരുന്ന സമയത്ത് അദ്ദേഹം എന്നെ ഒരു ദിവസം കാണാൻ വന്നു. ചില കാര്യങ്ങൾ

www.malankaralibrary.com

അദ്ദേഹം പറഞ്ഞു. കൂടെ ഇങ്ങനെയും പറയുകയുണ്ടായി. "അച്ചാ 1930 കളിൽ തിരുവല്ലാ പ്രദേശത്ത് ഒരു കത്തോലിക്കാ ദൈവാലയം ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് 30 - ഓളം വി. കുർബാന വയ്ക്കുന്ന പള്ളികൾ ഉണ്ട്. ഇത് സഭൈക്യത്തിന്റെ കണ്ണിയായിട്ടാണ് അദ്ദേഹം കണക്കാക്കുന്നത്. എന്നും കുർബാന ചൊല്ലുകയും വയ്ക്കുകയും ചെയ്യുന്ന ദൈവാലയങ്ങളുടെ ഒരു ഒരുമിക്കലാണ് അദ്ദേഹം കണ്ട സഭൈക്യം" "Communication of Churches"എന്നു പറഞ്ഞാൽ വി. കുർബാനയിലുള്ള സംസർഗ്ഗമാണ്.

ഇന്ന് സഭകൾ ഈ സംസർഗത്തിനു വേണ്ടിയല്ല പരിശ്രമിക്കുന്നത്. അതിനുപകരം അവരവർക്കു കിട്ടുന്ന സ്ഥാനങ്ങളാണ് നോക്കുന്നത്. ഇതാണ് സഭകളുടെ ഐക്യത്തിന്റെ ദുരുപയോഗവും. ഇവിടെ ഇരുമേടസാർ, ഒരു പ്രവാചക ശബ്ദമായിരുന്ന ഒരു സഭൈക്യപ്രവാചകൻ ആയിരുന്നു. ആ സഭൈക്യപോരാളിക്ക് ആത്മശാന്തി നേരുന്നു.

www.malankaralibrary.com

# ബാർ ഈത്തോ കാസിറോ ബഹുമതി സമ്മാനിച്ചു

മല്ലപ്പള്ളി: മലങ്കര കത്തോലിക്കാ സഭാ സിനഡിന്റെ ബാർ ഈത്തോ കാസിറോ (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന ബഹുമതി ചെങ്ങരൂർ സെന്റ് ജോർജ് മഹാജൂബിലി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വി. ജോർജ് ഇരുമേടയ്ക്ക് സമ്മാനിച്ചു. ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ് മുഖ്യ പ്രഭാഷണം നടത്തി.

സഭയ്ക്കും സമൂഹത്തിനും ഉദാത്തമായ ശുശ്രൂഷകൾ അർപ്പിച്ച ജോർജ് ഇരുമേട കേരളസഭയ്ക്ക് മാതൃകയാക്കാവുന്ന മഹത്വ്യക്തിത്വമാണ്.

അധ്യാപകൻ, അത്മായ നേതാവ്, പ്രഭാഷകൻ, സാമൂഹികപ്രവർത്തകൻ തുടങ്ങി വിവിധ തലങ്ങളിൽ മൂന്നു തലമുറയെ വിദ്യാസമ്പന്നരാക്കിയ സഭയുടെ പ്രഗത്ഭ പുത്രനാണ് ജോർ ജ് ഇരുമേടയെന്നു തോമസ് മാർ കൂറിലോസ് അഭിപ്രായപ്പെട്ടു.

എബ്രഹാം മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ജോഷ്വ മാർ ഇഗ്നാത്തിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, ജോസഫ് എം. പുതുശേരി എംഎൽഎ, മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, ഡോ. ജാൻസി ജെയിംസ്, പ്രഫ. ജേക്കബ് എം. ഏബ്രഹാം, ടി.ജി ജോൺ തെങ്ങുംതറ കോർ എപ്പിസ്കോപ്പ, ഫാ.വി.എ മാത്യു, ടി.എസ് ജോൺ എക്സ് എംഎൽഎ, വികാരി ഫാ. വർഗീസ് മണലേൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു.

www.malankaralibrary.com

# സ്നേഹ സമ്പന്നനായ ഇരുമേട ജോർജ്ജ് സാർ എന്റെ ഗുരുസ്ഥാനീയൻ



റവ. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി

സ്നേഹിച്ചു; സ്നേഹിക്കുവാൻ പഠിപ്പിച്ചു. നേടാനല്ല നൽകുന്നതിനുള്ള സ്വാർത്ഥ സ്നേഹത്തിനു ഉത്തമ മാതൃകയായിരുന്നു ഇരുമേട ജോർജ്ജ്സാർ. "എന്നെ ദൈവം കാണുന്നു, കേൾക്കുന്നു എന്ന ബോദ്ധ്യത്തോടെയാണ് ഞാൻ ജീവിക്കുന്നതും പ്രവർത്തിക്കുന്നതുമെന്ന് ഉറക്കെ പറഞ്ഞിരുന്ന അദ്ദേഹം ദൈവസാന്നിദ്ധ്യ സ്മരണയിലുള്ള ജീവിതത്തിനു സാക്ഷിയായിരുന്നു. അതിനാൽ നിർമ്മലമായ സ്നേഹത്തോടെ എല്ലാവരോടും ഇടപെടുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

സഭാ സ്നേഹിയായ ഇരുമേട ജോർജ്ജ് സാറിനെ വേദനിപ്പിച്ചിരുന്ന ഒരു കാര്യമായിരുന്നു ക്രൈസ്തവരുടെ ഇടയിലെ ഭിന്നതകൾ. സഭൈക്യം അദ്ദേഹം വളരെ ആഗ്രഹിച്ചു. നിലയ്ക്കൽ ദൈവാലയത്തിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഒത്തിരി പ്രാർത്ഥിച്ചു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിലേക്കും തീർത്ഥാടനം നടത്തി. അവിടെ നിന്നെല്ലാം ശേഖരിച്ച മണ്ണ് നിലക്കൽ എക്യുമിനിക്കൽ ദൈവാലയത്തിൽ ഇന്നും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. 1972ൽ മാർത്തോമ്മാ ശ്ലീഹായുടെ വേദസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി ആഘോഷം വിപുലപരിപാടികളോടെ നടന്നു. കുമ്പഴ നിലയ്ക്കലേക്കുള്ള പ്രവേശന കവാടമാണെന്നും അവിടെ നല്ല നിലയിൽ ശതാബ്ദി ആഘോഷിക്കണമെന്ന് ജോർജ്ജ് സാർ ആഗ്രഹിച്ചു. അതിന്റെ നേതൃത്വം അദ്ദേഹം എന്നെ ഏല്പിച്ചു. ബഹുലമായ സമ്മേളനം

www.malankaralibrary.com

നടത്തുവാനും സാധിച്ചു. ഉദ്ഘാടനത്തിൽ ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, അഭി. കൊല്ലം ബിഷപ്  ജറോം ഫെർണാണ്ടസ്, മന്ത്രി കെ. എം. ജോർജ്ജ്, പി. റ്റി. തോമസ് (എം.എൽ.എ) തുടങ്ങി നേതാക്കന്മാരും, വൈദികർ, സന്യസ്തർ, വിശ്വാസികൾ എല്ലാം പങ്കെടുത്തു. തുടർന്ന്, നിലയ്ക്കൽ പ്രദേശത്ത് ശുശ്രൂഷ നിർവ്വഹിക്കുന്ന എല്ലാ സഭകളുടെയും അദ്ധ്യക്ഷന്മാരുടെ പ്രാതിനിധ്യമുള്ള നിലയ്ക്കൽ സമിതി രൂപപ്പെടുന്നതിനും, നിലയ്ക്കൽ ദൈവാലയ പുനരുദ്ധാരണ ശ്രമം ഊർജ്ജിതപ്പെടുന്നതിനും ഇതു നിമിത്തമായി.

പൗരോഹിത്യത്തെ വളരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ആളാണ് ബഹു. ജോർജ്ജ് സാർ. മലങ്കരസഭയുടെ തലവനായിരുന്ന ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ വളരെയേറെ സ്നേഹിച്ചിരുന്നു. വന്ദ്യപിതാവ് വൈദികനായി സ്വന്തം ഇടവക പള്ളി (കടമാങ്കുളം തിരുഹൃദയപള്ളി) യിൽ പുത്തൻ കുർബാന അർപ്പിച്ചപ്പോൾ ശുശ്രൂഷകനായിരുന്ന കാര്യം പലപ്പോഴും സന്തോഷത്തോടെ പറയുമായിരുന്നു. വന്ദ്യപിതാവിന്റെ മെത്രാഭിഷേകം കഴിഞ്ഞ് കല്ലൂപ്പാറ ദേശവാസികൾ നല്കിയ സ്വീകരണ മഹാമഹത്തിനു നേതൃത്വം കൊടുത്തതും പ്രിയപ്പെട്ട ജോർജ്ജ് സാർ തന്നെ. ജീവിതാന്ത്യം വരെ ദൃഢസ്നേഹം അവർ പുലർത്തിയിരുന്നു. വന്ദ്യപിതാവിന്റെ ജീവിതദർശനങ്ങളിൽ ആകൃഷ്ഠനായിരുന്ന അദ്ദേഹം, ആ ദർശനങ്ങൾ ഭാവിതലമുറയ്ക്കു പകർന്നു നൽകുവാൻ താല്പര്യപ്പെട്ടു. വന്ദ്യരാമനാലിൽ ചെറിയാൻ കോറെപ്പിസ്കോപ്പായോടു ചേർന്ന് ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് സ്ഥാപിച്ചു. അതിന്റെ സജീവാംഗമായിരുന്ന് വിലപ്പെട്ട നിർദ്ദേശങ്ങൾ നല്കിയിരുന്നു. ആരോഗ്യപ്രശ്നങ്ങളുള്ളപ്പോൾ പോലും മീറ്റിംഗുകളിൽ സംബന്ധിക്കുവാൻ ഉത്സാഹം കാട്ടി. പുരസ്കാര ജേതാക്കളെ പരിഗണിക്കുമ്പോഴും നല്ല നിർദ്ദേശങ്ങൾ നല്കുന്നതിന് അദ്ദേഹത്തിന്റെ വിശാലമായ അറിവു സഹായകമായിരുന്നു. സർവ്വോപരി അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക, ആഴമായ പ്രാർത്ഥനാജീവിതം വഴി ആർജ്ജിച്ച ദൈവാനുഭവം ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തി പകർന്നു.

വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും ശക്തിപ്പെടുത്തുവാൻ കുടുംബയോഗം പ്രയോജനപ്പെടുമെന്നു ജോർജ്ജുസാറിനു ബോദ്ധ്യ

www.malankaralibrary.com

മുണ്ടായിരുന്നു. ആ രംഗത്തും അദ്ദേഹം വളരെയേറെ പ്രോത്സാഹനം നല്കിയിരുന്നു. കാളിയാങ്കൽ കുടുംബയോഗത്തിന്റെ പ്രസിഡന്റ് എന്ന നിലയിലും എനിക്ക് ജോർജ്ജുസാർ നല്കിയ എല്ലാ സഹകരണ ത്തിനും പ്രോത്സാഹനത്തിനും ഞാൻ നന്ദിയുള്ളവനാണ്. അദ്ദേഹത്തിന്റെ പാവനാത്മാവ് ദൈവസന്നിധിയിൽ എല്ലാവർക്കും വേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ.

www.malankaralibrary.com

## Messages

*Mr. & Mrs. George have been role models for all their students that have passed through this school under their guidance. They were instrumental in the establishment of this school and have left a lasting impression with us. I congratulate Mr. George on attaining this prestigious honour.*
Sr. Genevive Former Headmistress, Chilubula Girls Secondary School, Kasama Zambia:

*Mr. George's firm faith and unwavering principles passed on to those who came into contact with him. His outstanding ambition to instill the cherished values of Catholic education in his students was exemplary. I heartily felicitate him.*
Sr. Therese Dolores Former co-missionary teacher, Kasama Zambia

*As a Lay Mission Associate Teacher, Mr. George helped us to pass the values of Catholic Education in rural areas of Zambia. I congratulate Mr. George on attaining this well- deserved special recognition from the Catholic Church.*
Bro. Carmine S.M. Head - Catholic Secretariat, Lusaka Zambia

*Mr. George was a fatherly figure, providing us guidance and inspiration in setting up this mission in Zambia. He was definitely a well used tool in the hands of Christ. My hearty congratulations!*
Bro. Roger - 'White Father' Missionary - Chilubula Mission, Kasama Zambia

*I am delighted to know that Mr. V. George has been conferred a prestigious honour from the Catholic Church. While here, he had selflessly helped us in promoting the Christian message. I wish him the very best in his continued activities for the cause of the Church.*
Sr. Scholastica Former Provincial Superior African Sisters Chilubula Mission, Kasama Zambia

**സാംബിയായിലെ മിഷനറി ബ്രദേഴ്സും സിസ്റ്റേഴ്സും അയച്ചു തന്ന കത്തുകൾ**

www.malankaralibrary.com

# ആദരണീയനായ ബഹുമാനപ്പെട്ട ഇരുമേട ജോർജ്ജ് സാർ



**ഷെവലിയർ വർഗീസ് കരിപ്പായിൽ**

ഏഴുപതിറ്റാണ്ടുകാലം മുമ്പ് മുതൽ തന്നെ ചെങ്ങരൂർ ഇരുമേട ഭവനത്തേയും അവിടുത്തെ കുടംബനാഥനായിരുന്ന ബഹുമാനപ്പെട്ട് വർഗ്ഗീസ് സാറിനെയും സാറിന്റെ മക്കളായ ജോർജ്ജ് സാറിനെയും ഏബ്രാഹാം സാറിനേയും പരിചയപ്പെടാൻ ഈ ലേഖകന് കഴിഞ്ഞിട്ടുണ്ട്. എന്റെ മാതാവിന്റെ ജ്യേഷ്ഠ സഹോദരിയായ കല്ലൂപ്പാറ ഐരാംപള്ളിൽ അന്നാമ്മച്ചിയുടെ ഭവനത്തിലേക്ക് ഞങ്ങൾ പോയിരുന്നത് ഇരുമേട കുടുംബവീടിന്റ പടിഞ്ഞാറുവശത്തുള്ള കനാൽ വരമ്പത്തുകൂടിയായിരുന്നു. ഐരാംപള്ളിലേ അപ്പച്ചൻ വർഗീസ് സാറിനേയും വർഗ്ഗീസ് സാറിന്റെ മകനായ ജോർജ്ജ് സാറിനേയും പറ്റി പറഞ്ഞിരുന്നത് "നല്ലവരിൽ നല്ലവരായിട്ടുള്ളവർ" എന്നാണ്.

ബഹുമാനപ്പെട്ട ഇരുമേട ജോർജ്ജ്സാറുമായി കൂടുതൽ പരിചയപ്പെടാൻ ഈ ലേഖകന് കഴിഞ്ഞത് 1962 ൽ ആണ്. ഈ ലേഖകൻ ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിതനാകുന്നത് 1961 ൽ ആണ്. കേരള കാത്തലിക് സ്റ്റുഡൻസ് ലീഗിന്റെ (K C.S.L) തിരുവല്ലാ രൂപതാ പ്രസിഡന്റായിരുന്ന ഇരുമേടസാർ ലീഗിന്റെ രൂപതാ സമ്മേളനം 1962 ൽ സെന്റ് തോമസ് ഹൈസ്കൂളിൽ വിളിച്ചുകൂട്ടുകയും പ്രസിഡന്റ് സ്ഥാനം രാജിവെച്ച് തൽസ്ഥാനത്തേക്ക് എന്റെ പേര് നിർദ്ദേശിക്കുകയും എതിരില്ലാതെ ഞാൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുകയുണ്ടായി. അന്നു മുതൽ ഒരു ജ്യേഷ്ഠ

www.malankaralibrary.com

സഹോദരൻ എന്ന നിലയിൽ ജോർജ്ജ് സാർ എന്നോടു പെരുമാറു കയും ഉപദേശങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഏതാണ്ട് അഞ്ഞൂറിലേറെ കത്തോലിക്കാ ദൈവാലയങ്ങളിലും ഇരുപതിലേറെ അകത്തോലിക്ക ക്രിസ്ത്യൻ ദൈവാലയങ്ങളിലും അഞ്ച് ഹൈന്ദവ ദൈവാലയങ്ങളിലും സുവിശേഷ പ്രസംഗങ്ങൾ നടത്താൻ ഭാഗ്യം സിദ്ധിച്ച എനിക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയവ രിൽ പ്രധാനപ്പെട്ടവരായ, ബഹുമാന്യരായ യഥാക്രമം വർഗ്ഗീസ് കിളി ച്ചിമല അച്ചനേയും, ആശ്രമവൈദികൻ ജേക്കബ് ഒ.ഐ.സി അച്ചനേയും, ഇരുമേട ജോർജ്ജ് സാറിനേയും ഞാൻ ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.

1964 ൽ മുംബെയിൽ നടന്ന 'യൂക്കാരിസ്റ്റിക്ക് കോൺഗ്രസ്' സമ്മേളനത്തോടനുബന്ധിച്ച് ഞാൻ എഴുതി പ്രസിദ്ധീകരിച്ച ""The Reunion Movement in India" എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ പ്രസിദ്ധീ കരണത്തിനും വിറ്റഴിക്കലിനും ബഹു. ജോർജ്ജ് സാറും, അദ്ദേ ഹത്തിന്റെ ഇളയ സഹോദരൻ ബഹു. ഇരമേടയച്ചനും ചെയ്തിട്ടുള്ള സഹായങ്ങളെ ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിൽ ഞാൻ അധ്യാ പകനായിരിക്കെ അവിടുത്തെ സീനിയർ അധ്യാപകനായിരുന്ന ഇരു മേട വി. ഏബ്രഹാം സാർ എനിക്ക് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങ ളേയും സഹകരണത്തേയും ഞാൻ കൃതജ്ഞതയോടെ ഓർക്കുന്നു. ശാന്തശീലനും, പക്വമതിയും സഭാസ്നേഹിയും സർവ്വോപരി നല്ലവ നുമായിരുന്ന ബഹുമാനപ്പെട്ട ജോർജ്ജ് സാറിന്റെ സഭാസേവനത്തിന്റെ അംഗീകാരമായി പരിശുദ്ധ മാർപാപ്പ, "ബാർഈത്തോ കസീറോ" "സ ഭയുടെ ഉത്സാഹിയായ പുത്രൻ" എന്ന ബഹുമതി സ്ഥാനം നൽകി അദ്ദേഹത്തെ ആദരിച്ചത് മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിച്ച ഒരു വലിയ അംഗീകാരമാണ്. ബഹുമാനപ്പെട്ട ജോർജ്ജ് സാറിന്റെ ആത്മാ വിന് നിത്യശാന്തി നേർന്നു കൊണ്ട് ഈ അനുസ്മരണം അവസാനി പ്പിക്കട്ടെ. ■

www.malankaralibrary.com

# മരിക്കാത്ത ഓർമ്മകളുമായി



സി. ഡോ. മേരി ലിറ്റി
(ദൈവപരിപാലന ഭവനം കുന്നന്താനം)

സഭയുടെ ഉത്സാഹിയായ പുത്രൻ' (ബാറീത്തോ കാസീറോ) എന്ന മഹനീയ സ്ഥാനം നല്കി മലങ്കര കത്തോലിക്കാ സഭ ആദരിച്ച ഹെഡ്മാസ്റ്റർ ജോർജ്ജ് ഇരുമേട സാർ നമ്മുടെ ഇടയിൽ നിന്നും വിടവാങ്ങിയെങ്കിലും ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി ഇന്നും നമ്മുടെ ഇടയിൽ സന്നിഹിതനാണ്. കുടുംബത്തിനും, ഇടവകയ്ക്കും, സഭയ്ക്കും, സമുദായത്തിനും, നാടിനും ദൈവം നൽകിയ ഒരു സ്നേഹസമ്മാനമാണ് ജോർജ്ജ്സാർ. ഒരായിരം അവാർഡുകൾക്കും അംഗീകാരങ്ങൾക്കുമെല്ലാം ഉപരിയായിരുന്നു സാറിനു ലഭിച്ച 'സഭയുടെ ഉത്സാഹിയായ പുത്രൻ' എന്ന ബഹുമതി. വിശ്വാസത്തിന്റെ ഉജ്ജ്വലമാതൃക വരും തലമുറകൾക്ക് കൈമാറിയ വന്ദ്യനായ ഈ ശുശ്രൂഷകന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ഞാൻ ശിരസ് നമിക്കട്ടെ.

നാളുകളായിട്ട് സാറുമായി എനിക്ക് അടുത്ത പരിചയമുണ്ട്. അദ്ദേഹവുമായി ആഴമായ ഒരു സ്നേഹബന്ധം പുലർത്തുവാൻ സാധിച്ചത് വലിയ ഒരനുഗ്രഹമായി ഞാൻ കരുതുന്നു. കുന്നന്താനത്തുള്ള ഞങ്ങളുടെ മാതൃഭവനത്തിൽ സാർ ആദ്യമായി കടന്നുവന്നത് ഇന്നും എന്റെ മനസ്സിൽ പച്ചകെടാതെ നിൽക്കുന്നു. ചങ്ങനാശ്ശേരി സെന്റ് പോൾസ് എൻട്രൻസ് കോച്ചിംഗ് കോളേജിൽ വച്ചാണ് സാറിനെ കൂടുതലായി പരിജയപ്പെടുവാൻ ഇടയായത്. ഞങ്ങളുടെ ഒരു സിസ്റ്ററിന് ഈ കോളേജിൽ സൗജന്യമായി എൻഡ്രൻസിന് പ്രവേശനം നല്കിയത് ഇന്നും ഞാൻ നന്ദിയോടെ ഓർക്കുന്നു. പ്രഭാതത്തിൽ നാം ഉണരുമ്പോൾ നമ്മുടെ മുഖം പലപ്രാവശ്യം കഴുകുന്നതുപോലെ, പഠന

www.malankaralibrary.com

ഭാഗങ്ങൾ പലയാവർത്തി വായിച്ചാലെ ഹൃദിസ്ഥമാക്കാൻ പറ്റൂ എന്ന് സാർ വിദ്യാർത്ഥികളെ ഉപദേശിച്ചിരുന്ന കാര്യം അവിടെ പഠിച്ച സിസ്റ്റർ ഇന്നും ഓർത്തിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്തും സഭാശുശ്രൂഷയിലും തനതായ വ്യക്തി മുദ്ര ചാർത്തിയ വിശിഷ്ട വ്യക്തിത്വത്തിന്റെ ഉടമയാണ് ജോർജ്ജ് സാർ. തന്റെ വിജ്ഞാന സമ്പത്ത് സഭയ്ക്കും സമൂഹത്തിനും പുതുത ലമുറയ്ക്കും പകർന്നു നല്കുന്നതിൽ വലിയ ഉത്സാഹം കാണിച്ച വിശാല ഹൃദയത്തിന്റെ ഉടമയായിരുന്നു. അദ്ദേഹം. അറിവിന്റെ ദീപം ഒരിക്കലും അണയാതെ കാത്തുസൂക്ഷിച്ചിരുന്ന ഈ മഹാനായ ഗുരു, ആയിരകണക്കിന് ശിഷ്യഗണങ്ങളെ പഠിപ്പിച്ച് വലിയ പ്രതിഭകളാക്കി മാറ്റിയിട്ടുണ്ട്. പെരുമാറ്റശുദ്ധിയും അദ്ധ്യാപനവും ഉപദേശങ്ങളുമെല്ലാം വഴി വിദ്യാർത്ഥികൾക്ക് അദ്ദേഹം ഒരു ആരാധ്യപുരുഷനായി മാറി. വിജ്ഞാന സ്രോതസായിരുന്ന ഈ അദ്ധ്യാപകന്റെ ജീവിതമാതൃക കുട്ടികളുടെ ജീവിതങ്ങളെ ആഴത്തിൽ സ്വാധീനിച്ച് അവരെ മാതൃകാ വ്യക്തിത്വങ്ങളാക്കാൻ സഹായിച്ചു. ജീവിതമൂല്യങ്ങൾ മാറ്റമില്ലാതെ കാത്തുസൂക്ഷിച്ച അദ്ദേഹത്തിന് വിദ്യാർത്ഥികൾ എന്നും സ്വന്തം കുഞ്ഞുങ്ങളെപ്പോലെ തന്നെയായിരുന്നു.

ഞങ്ങളുടെ സന്യാസ സമൂഹത്തിന്റെ എളിയ ശുശ്രൂഷകളെ വലിയ മതിപ്പോടെയാണ് സാർ കണ്ടിരുന്നത്. എവിടെ നന്മകണ്ടാലും അത് ഉയർത്തിപ്പിടിക്കുന്ന മനോഭാവവും എല്ലാവരോടും വിശാല മന സ്കതയോടെയുള്ള പെരുമാറ്റവും സാറിന്റെ പ്രത്യേകതകൾ ആയി രുന്നു. ആഫ്രിക്കൻ മിഷനിലേക്ക് ഞങ്ങളുടെ ശുശ്രൂഷകൾ വ്യാപിപ്പി ക്കുവാൻ തിരിതെളിച്ചത് ജോർജ്ജ് സാറാണെന്ന വസ്തുത ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. അവിടെ ചെന്ന ശേഷവും സാറിന്റെ മക്കളും ബന്ധുക്കളും ഞങ്ങൾക്ക് വലിയ സഹായകമായിരുന്നു. ഒരിക്കലും വറ്റാത്ത കരുണയുടെ മനോഭാവം ഞാൻ സാറിൽ എപ്പോഴും ദർശി ക്കുന്നു. ആയിരിക്കുന്ന ഇടങ്ങളിലെല്ലാം നന്മയുടെ സുഗന്ധം പരത്തു വാൻ കഴിഞ്ഞ ഒരു ഉന്നത വ്യക്തിയായിരുന്നു അദ്ദേഹം.

ഒരിക്കൽ സാറിനെ പരിചയപ്പെട്ടാൽ പിന്നീട് ഒരിക്കലും മറ ക്കാൻ സാധിക്കാത്ത വിധം ആ സുഹൃദ്ബന്ധം ഏവരുടെയും മന സ്സിൽ മായാത്ത നിലനിന്നിരുന്നു. ദൈവഭക്തിയും സന്മനസ്സും നിറഞ്ഞ സാർ ഒരു മനുഷ്യനെയും നിസാരനായി കണ്ടിട്ടില്ലാ എന്നത്

www.malankaralibrary.com

അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു സവിശേഷതയാണ്. സംസാരത്തിലും പെരുമാറ്റത്തിലും ഏവർക്കും പ്രിയങ്കരനായിരുന്ന സാറിന് തന്നോട് ഇടപെടുന്നവരെയെല്ലാം തന്നിലേക്കും, അതുവഴി ദൈവത്തിലേക്കും വലിച്ചടുപ്പിക്കാൻ പാടവമുണ്ടായിരുന്നു. വലിയൊരു സുഹൃത്ത് വലയം സാറിനുണ്ടായിരുന്നു.

ഒരു ദിവസം സാറിന്റെ വീട്ടിൽ ഞാൻ ഓട്ടോയിൽ ചെന്നിറങ്ങിയപ്പോൾ, അദ്ദേഹം ഓട്ടോഡ്രൈവറുമായി പരിചയപ്പെടുകയും കുടുംബാംഗങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞ് ഒരു വലിയ സുഹൃദ്ബന്ധം അപ്പോൾത്തന്നെ സ്ഥാപിക്കുകയും ചെയ്യുന്നത് കാണാനിടയായി. വിശാലഹൃദയമുള്ള ഒരാൾക്ക് എത്ര ഉന്നതസ്ഥാനത്ത് എത്തിയാലും, എളിയ നിലയിലേക്ക് അനായാസം ഇറങ്ങിവരാനാകും എന്ന് അദ്ദേഹം തന്റെ ജീവിതത്തിലൂടെ വെളിവാക്കി. ലളിതമായ ജീവിതശൈലി അദ്ദേഹത്തിന്റെ ആഭരണമായിരുന്നു. എല്ലാ മതങ്ങളോടും മതനേതാക്കളോടും സാർ സ്നേഹവും സൗഹാർദ്ദവും പുലർത്തി. ആരേയും തരം താഴ്ത്തി സംസാരിച്ചിരുന്നില്ലെന്നു മാത്രമല്ലാ എല്ലാവരെയും കുറിച്ച് നന്മ മാത്രമേ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നുള്ളൂ. സ്നേഹബന്ധങ്ങൾ കാത്തുസൂക്ഷിക്കുവാൻ സാർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. സത്യസന്ധതയും എളിമയും ലാളിത്യവുമെല്ലാം ഒന്നുപോലെ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു.

വിശ്രമരഹിതമായിരുന്നു ആ ജീവിതം. വാർദ്ധക്യത്തിലും പറ്റുന്നിടത്തോളം കാലം ദിവസവും നടന്നുതന്നെ ദിവ്യബലിക്ക് അണയുമായിരുന്നു. വിശുദ്ധിയുടെ പൂർണ്ണതയായ അൾത്താരയിലെ ബലിയിൽ പങ്കുകൊണ്ട് ഭക്തിയോടും ഒരുക്കത്തോടും കൂടി വിശുദ്ധ കുർബാന സ്വീകരിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. യേശുവുമായി അദ്ദേഹത്തിനുണ്ടായിരുന്ന ആഴമായ ഹൃദയഐക്യം മൂലമാണ് ഏറ്റം മാതൃകാപരമായ ജീവിതം നയിക്കാൻ സാധിച്ചത്. പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്ന അദ്ദേഹത്തെ സദാ പ്രാർത്ഥനാ നിരതനായിട്ടാണ് ഞാൻ കണ്ടിരുന്നത്. പ്രാർത്ഥനയുടെയും പഠനത്തിന്റെയും ഫലമായി തനിക്കു ലഭിച്ച ഉൾക്കാഴ്ചകളും ബോധ്യങ്ങളും പങ്കുവയ്ക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു.

നാനാജാതിമതസ്ഥരുമായി അടുത്ത് ഇടപഴകി അവരുടെ ഉൽക്കർഷത്തിനായി നിരന്തരം യത്നിക്കുയും ചെയ്തിരുന്ന ഒരു

www.malankaralibrary.com

വലിയ മനുഷ്യനായിരുന്നു സാർ. ദിവ്യത്വം തെളിഞ്ഞു നിൽക്കുന്ന, അതേ സമയം പുഞ്ചിരിക്കുന്ന മുഖഭാവമായിരുന്നു സാറിൽ നിറഞ്ഞു നിന്നത്. പ്രതിഫലേച്ഛ കൂടാതെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിൽ അദ്ദേഹം അതീവ തൽപരനായിരുന്നു. നല്ല നല്ല ആശയങ്ങളുടെ ഒരു കലവറതന്നെയായിരുന്നു സാർ. സ്വന്തം അഭിപ്രായങ്ങൾ നാലാളോട് പങ്കുവയ്ക്കാൻ ധൈര്യവും ചങ്കൂറ്റവും അദ്ദേഹം പ്രകടമാക്കി. തന്റെ ദൈവാശ്രയബോധവും ഇച്ഛാശക്തിയും കഠിനാധ്വാനവും വഴി അദ്ദേഹം വിജയത്തിന്റെ പടികൾ ചവിട്ടികയറി, ഉന്നതസ്ഥാനത്തെത്തി. ആത്മാർപ്പണവും നിശ്ചയദാർഢ്യവും മനക്കരുത്തും അദ്ദേഹം ജീവിതത്തിൽ ഉടനീളം പ്രകടമാക്കി. യേശുവിന്റെ കാലടികളെ പിഞ്ചെന്ന് സുവിശേഷത്തിനായി തന്റെ ജീവിതം സമർപ്പിക്കാനുള്ള ആവേശവും തീക്ഷ്ണതയും സാറിൽ നിറഞ്ഞു നിന്നിരുന്നു.

ദീർഘവീക്ഷണത്തോടെ തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഉന്നതവിദ്യാഭ്യാസം നല്കി അവരെ പ്രഗത്ഭമതികളാക്കാൻ സാർ ശ്രദ്ധിച്ചിരുന്നു. ഒപ്പം അവരെ സ്നേഹത്തിലും ആദ്ധ്യാത്മികതയിലും വളർത്താനും ശ്രമിച്ചു. മകന്റെ അകാലമരണവും ഭാര്യയുടെ വിയോഗവും അദ്ദേഹത്തെ ഏറെ ദുഃഖത്തിലാഴ്ത്തിയെങ്കിലും ദൈവത്തിനു മുൻപിൽ തലകുനിച്ച് സഹനങ്ങൾ ഏറ്റുവാങ്ങി. മരുമകളെയും അപ്പനില്ലാത്ത കുഞ്ഞുങ്ങളേയും അതീവവാത്സല്യത്തോടെയും ശ്രദ്ധയോടെയും വളർത്തി, ഉന്നത വിദ്യാഭ്യാസം നല്കി ഒരു നിലയിലാക്കാൻ കഠിനമായി അദ്ധ്വാനിച്ചു. കുഞ്ഞുങ്ങൾ രാത്രിയുടെ യാമങ്ങളിൽ പഠനത്തിൽ മുഴുകുമ്പോൾ, തന്റെ വാർദ്ധക്യം പരിഗണിക്കാതെ, സാറും കൂട്ടിരുന്ന് അവർ ഉറങ്ങാൻ പോകുന്ന സമയം വരെ പ്രാർത്ഥിച്ച് കാത്തിരിക്കുമായിരുന്നു. അതുകൊണ്ടുതന്നെ, അദ്ധ്യാപനവും വീട്ടുജോലിയും മൂലം ക്ഷീണിച്ച മരുമകൾക്ക് സമാധാനമായി ഉറങ്ങാൻ സാധിക്കുമായിരുന്നുവെന്ന് മരുമകൾ തന്നെ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഇനി ഇതുപോലെ കൂട്ടിരിക്കാൻ ആരുമില്ലല്ലോ എന്ന് പറഞ്ഞപ്പോൾ കൊച്ചുമക്കളുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകുന്നതുകണ്ടു. അച്ചാച്ചൻ ഞങ്ങളുടെ വീടിന്റെ വിളക്കായിരുന്നു, താങ്ങും തണലുമായിരുന്നു എന്ന് മരുമകൾ ഓർമ്മിപ്പിക്കുന്നു.

ദൈവം നല്കിയ അത്ഭുതകരമായ മഹാദാനങ്ങൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്വീകരിച്ച സാർ, ജീവിതത്തിൽ അനുഭവ

www.malankaralibrary.com

പ്പെട്ട സഹനങ്ങളെ പരാതികൂടാതെ, സ്നേഹത്തോടും എളിമയോടും കൂടെ സ്വീകരിച്ചു എന്നത് സാറിന്റെ ആദ്ധ്യാത്മികതയുടെ തെളിവല്ലേ? മരണത്തിന് ഏതാനും ആഴ്ചകൾക്കുമുൻപ് ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ പ്രാർത്ഥിച്ചും ദൈവവചനം വായിച്ചും സമയം ചെലവഴിക്കുന്നതാണ് കാണാനിടയായത്.

സാറിന്റെ അവസാനത്തെ ആഗ്രഹം മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെയും ഏറെനാൾ രോഗിയായി കിടക്കാതെയും, മരിച്ച് ഈശോയോടൊപ്പം ആകണം എന്നതായിരുന്നു എന്ന് എന്നോടു പറഞ്ഞതായി ഞാൻ ഓർക്കുന്നു. സാറിന്റെ ആഗ്രഹം പോലെതന്നെ, അദ്ദേഹത്തെ രോഗിയായി കിടത്താതെ യേശുനാഥൻ നിത്യകിരീടം നല്കാനായി തന്റെ പക്കലേക്ക് സ്നേഹപൂർവ്വം വിളിച്ചു.

ജോർജ്ജ് സാർ ഇന്നും അനേകരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. സാറിന്റെ ആത്മീയസാന്നിദ്ധ്യം നമ്മോടൊപ്പം ഉണ്ട്. സ്വർഗ്ഗത്തിൽ നമുക്കൊരു അനുഗ്രഹീത മദ്ധ്യസ്ഥൻ കൂടി ഉണ്ടെന്നുള്ള ബോദ്ധ്യം നമുക്ക് കരുത്ത് നല്കുന്നു. സാറിൽ വിളങ്ങി ശോഭിച്ചിരുന്ന എല്ലാ നന്മകളും സുകൃതങ്ങളും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടട്ടെ. ശരീരം കൊണ്ട് നമ്മിൽ നിന്ന് അകന്നുപോയെങ്കിലും, ഒത്തിരി മധുരസ്മരണകൾ ബാക്കിയാക്കി, ആത്മീയമായി എന്നും നമ്മോടൊപ്പമുള്ള ജോർജ്ജ് സാറിന്റെ സ്നേഹസ്മരണക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ സമാധാനം സാറിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും പ്രിയപ്പെട്ടവർക്കും നിരന്തരം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



മൂന്നാം തലമുറയിലെ പേരക്കിടാവിനോടൊപ്പം

www.malankaralibrary.com



# ഇരുമേട ജോർജ്ജ് സാർ - ബാറീത്തോ കാശീറോ

സിസ്റ്റർ സെറീന എസ്.ഐ.സി

ദൈവത്തിന്റെ കാരുണ്യവും സ്നേഹവും ചിന്തകളിലും വാക്കുകളിലും, പ്രവർത്തികളിലും കൂടെ പ്രകടമാക്കാൻ വിനയപൂർവ്വം ശ്രമിച്ച് ജീവിതത്തെയും, ജീവിതചുറ്റുപാടുകളേയും ദീപ്തമാക്കിയ ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനാണ് ഇരുമേട ജോർജ്ജ് സാർ. വ്യത്യസ്തങ്ങളായ ജീവിത വഴിത്താരയിൽ യാദൃശ്ചികമായോ, സ്വാഭാവികമായോ കണ്ടുമുട്ടിയവരുടെയെല്ലാം കണ്ണുകളിലേക്ക് ഹൃദ്യമായി നോക്കി അവരിലെ സുഖഃദുഖ സമ്മിശ്രഭാവങ്ങളെ വിവേചിച്ചറിയുവാൻ സാർ ആത്മാർത്ഥമായി ശ്രദ്ധിച്ചിരുന്നു. ചെറുപുഞ്ചിരിയോടെ ഉചിതമായ രീതിയിൽ ഏവരോടും സംഭാഷണത്തിലേർപ്പെടാനുള്ള ആർജ്ജവത്വം തന്റെ തനിമയാർന്ന വ്യക്തി പ്രഭവത്തിന്റെ സവിശേഷതയായിരുന്നു. സാറിന്റെ സാന്നിദ്ധ്യവും, പ്രോത്സാഹനവും അനേകർക്ക് ആത്മധൈര്യം പകരുകയും, വിശ്വാസജീവിതത്തിന്റെ ആഴങ്ങളിലേയ്ക്ക് ചുഴ്ന്നിറങ്ങുവാൻ പ്രേരണ നൽകുകയും ചെയ്തിട്ടുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലയളവിൽ ജോർജ്ജ് സാർ, കാരുണ്യവാനായ കർത്താവിന്റെ സന്നിധിയിലേയ്ക്ക് വിളിക്കപ്പെട്ടത്, അവിചാരിതമായി കണക്കാക്കാൻ സാധിക്കില്ല. ഈ ലോക ജീവിതകാലമത്രയും, ആയിരുന്ന ഇടങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച് ഒരു അനുഗ്രഹമായി പ്രകാശം പരത്തിയ സാർ, നിത്യ സൗഭാഗ്യത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു

www.malankaralibrary.com

കൊണ്ട് ഏവർക്കും വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു എന്ന് നമുക്ക് പ്രത്യാശിക്കാം.

വിദ്യാലയത്തിലും, കുടുംബത്തിലും, ഇടവകയിലും, സമൂഹത്തിലുമെല്ലാം കക്ഷിരാഷ്ട്രീയങ്ങൾക്കതീതനായി മാനവപുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ച സാർ, ഉറയും ഉപ്പുമുള്ള, തണ്ടിന്മേൽ ശോഭിക്കുന്ന ദീപവുമായിരുന്നു. അക്ഷരജ്ഞാനത്തോടൊപ്പം ധാർമ്മികബോധവും, ദൈവനുഭവവും പകർന്നുകൊടുത്ത്, അനേകരെ ജീവിത വിജയത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ ജോർജ്ജ് സാർ ശിഷ്യസമൂഹത്തിനും സഹപ്രവർത്തകർക്കും മാതൃകയും, മാർഗ്ഗ ദർശിയും, അഭിമാനവുമായിരുന്നു. മത-സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ നേതൃസ്ഥാനം വഹിക്കുന്ന തന്റെ ശിഷ്യരെക്കുറിച്ച് സംസാരിക്കുമ്പോൾ സാർ സന്തോഷാശ്രുക്കൾ പൊഴിച്ച് വാചാലനാവുക പതിവായിരുന്നു.

പ്രത്യേകം ക്ഷണിക്കാൻ കാത്തിരിക്കാതെ സന്തോഷ-സന്താപ വേളകളിൽ സന്നിഹിതനായി അവരുടെ ഹൃദയമിടിപ്പു മനസിലാക്കി സന്ദർഭോചിത സന്ദേശങ്ങളിലൂടെയും, ഇടപെടലുകളിലൂടെയും ഏവർക്കും ശക്തിയും ധൈര്യവും കൊടുത്തത് ആയിരങ്ങൾ നന്ദിയോടെ സ്മരിക്കുന്നുണ്ട്. തിരസ്കരണങ്ങളെ അർഹിക്കുന്ന അവഗണനയോടെ കാണുകയും, അനുകമ്പയും, കാരുണ്യവും കൊണ്ട് അവയെ മറികടക്കുകയും ചെയ്യാനുള്ള ആത്മധൈര്യവും, ആന്തരിക ചൈതന്യവും കാത്തുസൂക്ഷിക്കുവാൻ സാധിച്ച, പകരം വയ്ക്കാനാവാത്ത വ്യക്തിത്വത്തിനുടമയായിരുന്ന പ്രിയപ്പെട്ട ജോർജ്ജ് സാർ.

കുടുംബത്തിൽ തന്നെ സഹനങ്ങൾ ഏറ്റെടുക്കേണ്ടി വന്നപ്പോൾ ജീവിതത്തെ സഹനച്ചൂളയിൽ മാറ്റുരച്ച് ശുദ്ധീകരിച്ചെടുക്കുന്ന മഹനീയ സന്ദർഭങ്ങളായി തിരിച്ചറിഞ്ഞ് മനസാന്നിദ്ധ്യത്തോടെ അവയെ നേരിടാൻ ദൈവത്തിലടിയുറച്ച വിശ്വാസം സാറിനു ധൈര്യം പകർന്നു. സഭയിലും, സമൂഹത്തിലും, പല പ്രശ്നങ്ങൾക്കും, പ്രായോഗിക നിർദ്ദേശങ്ങൾ നൽകുവാൻ പ്രാപ്തനും, സ്വീകാര്യനുമായിരുന്ന സാർ പലപ്പോഴും പ്രതിസന്ധികളിൽ Shock Absorber ആയി പ്രവർത്തിച്ചിരുന്നു.

ജോർജ്ജ് സാർ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ഏതു കാര്യവും പ്രാർത്ഥിച്ചു തീരുമാനമെടുക്കുകയും, പ്രാർത്ഥിച്ച് തുടങ്ങു

www.malankaralibrary.com

കയും, പ്രാർത്ഥനയോടു കൂടി അവസാനിപ്പിക്കുകയും ചെയ്യുന്ന ശീലം ജീവിതാന്ത്യം വരെ നിഷ്ഠയോടുകൂടി തുടർന്നിരുന്നു. സാറിന്റെ ഈ നിഷ്ഠാ ജീവിതം അനേകർക്ക് മാർഗദർശനമായിട്ടുണ്ട്. യാമപ്രാർത്ഥന കൾ മുടക്കം കൂടാതെ നടത്തുവാനും, അനുദിനം വിശുദ്ധ കുർബാന യിൽ സംബന്ധിക്കുവാനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. വി. കുർബാനയിൽ സംബന്ധിക്കുവാൻ സാധിക്കാത്ത ദിവസങ്ങളിൽ രാവി ലെയും വൈകിട്ടും 5 മുതൽ 7 മണിവരെ മൗനമായി പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. "കുടനാഴിക നേരം" എന്താണ് സാർ ഈ സമ യത്തെ വിശേഷിപ്പിച്ചിരുന്നത്. വെള്ളിയാഴ്ച ആചരണം സാറിന്റെ മറ്റൊരു ഭക്താഭ്യാസമായിരുന്നു. എല്ലാ വെള്ളിയാഴ്ചയും ഉപവാസവും, ധ്യാനവുമായി ദിവ്യനാഥനോടൊത്ത് ചെലവഴിക്കു (Fasting and Retreat with Immanuel) എന്നതിൽ അദ്ദേഹം ആനന്ദമനുഭവിച്ചു. ഇപ്രകാരം ആത്മീയ ജീവിതത്തിൽ നിഷ്കർഷ പാലിച്ച സാർ വരും തലമുറയ്ക്ക് മാർഗദീപമായി പരിണമിക്കാനുതകും വിധം ജീവിത സാക്ഷ്യം പകർന്നുകൊണ്ടാണ് ജീവിതാന്ത്യം വരെ മുന്നേറിയത്.

തന്റെ പ്രധാനപ്പെട്ട പ്രേക്ഷിത രംഗമായ വിദ്യാഭ്യാസ മേഖല യിൽ സാർ പ്രതിബദ്ധതയോടെയാണ് പ്രവർത്തിച്ചത്. അഭിവന്ദ്യ അത്ത നാസിയോസ് പിതാവിന്റെ ആഹ്വാന പ്രകാരം ബഹു. കോൺസ്റ്റ ന്റൈൻ. സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ തിരുവല്ലാ അതിരൂപ തയിലെ അദ്ധ്യാപകർക്കായി 1965-ൽ തുടങ്ങിയ Teacher's Guild ന്റെ പ്രഥമ പ്രസിഡന്റായി നിയോഗിതനായത് ജോർജ്ജ് സാറാണ്. Guild ഭാരവാഹികൾ സ്കൂളുകൾ തോറും കയറിയിറങ്ങി അദ്ധ്യാപകരെ ബോധവത്ക്കരിക്കുകയും, ഗിൽഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുകയും ചെയ്യുവാൻ സാർ ഉത്സാഹത്തോടെ നേതൃത്വം കൊടുത്തിരുന്നു. കുട്ടികൾക്കായുള്ള K.C.S.L പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചതും ജോർജ്ജ് സാർ തന്നെയായിരുന്നു. ഇങ്ങനെ അദ്ധ്യാപകർക്കും, കുട്ടികൾക്കും, ഉണർവ്വും ഉന്മേഷവും നൽകി ശരി യായ ദിശാബോധവും, വിശ്വാസ ചൈതന്യവും പകരുവാൻ സാറിന്റെ നേതൃത്വത്തിലൂടെ സാധിച്ചിട്ടുണ്ട്. മതാദ്ധ്യാപന രംഗത്ത് ബഹു. അല ക്സാണ്ടർ അറക്കപ്പടവിലച്ചനോടൊപ്പം ചുറുചുറുക്കോടും, ത്യാഗ മനോ ഭാവത്തോടും കുടി പ്രവർത്തിച്ചിരുന്നു. ഈ മേഖലകളിലെല്ലാം സാറി നോടൊപ്പം പ്രവർത്തിച്ചിരുന്ന ബഥനി സിസ്റ്റേഴ്സിനെയും, മറ്റു സഹ

www.malankaralibrary.com

പ്രവർത്തകരെയും ഏറെ പ്രോത്സാഹിപ്പിച്ച് കൂടുതൽ കഴിവുള്ളവരാക്കാൻ സാറിന്റെ നേതൃത്വം സഹായകമായിട്ടുണ്ട്.

ജോർജ്ജ് സാറിന്റെ രണ്ട് സഹോദരിമാർ (സി. ഇഗ്നേഷ്യസ്, സി. അനൻസിയേറ്റ) ബഥനി സന്യാസിനി സമൂഹത്തിന്റെ തിരുവല്ല പ്രൊവിൻസിലെ അംഗങ്ങളായിരിക്കുന്നത് വലിയ അഭിമാനത്തോടെ ആണ് സാർ കണകാക്കിയിരുന്നത്. ബഥനി സിസ്റ്റേഴ്സിന് സാർ ഒരു "നല്ല അയൽക്കാരൻ" മാത്രമായിരുന്നില്ല. സിസ്റ്റേഴ്സിനോടുള്ള സാറിന്റെ ഊഷ്മളമായ സ്നേഹവും, ആദരവും എടുത്തു പറയേണ്ടതാണ്. ബഥാനിയായിലെ മാർത്താ മറിയം സഹോദരിമാർക്ക്, സഹോദരനായ ലാസർ എന്തായിരുന്നുവോ, അതായിരുന്നു ബഥനി സിസ്റ്റേഴ്സിന് ഇരുമേട ജോർജ്ജ് സാർ. സാറിന്റെ ജന്മനാടായ ചെങ്ങരൂരിൽ ബഥനി മഠവും, സ്കൂളും ആരംഭിക്കാൻ ആഗ്രഹിക്കുകയും, പ്രോത്സാഹിപ്പിക്കുകയും തന്നാലാവും വിധം അതിനായി പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ് ജോർജ്ജ് സാർ. സമൂഹത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ സാർ വീടുവീടാന്തരം കയറിയിറങ്ങി പെൺകുട്ടികളെ വിദ്യാലയത്തിലേയ്ക്ക് പറഞ്ഞുവിടാൻ മാതാപിതാക്കളെ ബോധവത്ക്കരിക്കുന്നതിൽ നല്ല ഒരു പങ്ക് വഹിച്ചിട്ടുണ്ട്. സാമ്പത്തിക ക്ലേശത്താൽ പഠനം നിർത്തിയവർക്ക് സാമ്പത്തിക സഹായം കണ്ടുപിടിച്ചും കൊടുത്തും, സ്ത്രീ വിദ്യാഭ്യാസത്തെ ഉദാരമായി പ്രോത്സാഹിപ്പിച്ചിരുന്നു. സഭയിലെയും, സമൂഹത്തിലെയും ഈ ദൃശ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു സഭാതലവനിൽ നിന്നും സാറിനു ലഭിച്ച "ബാറീത്തോ കാസീറോ" (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന സ്ഥാനം.

ജോർജ്ജുസാറിന്റെ വേർപാടിലൂടെ കുടുംബത്തിലെ ഒരു അംഗം വേർപെടുമ്പോൾ ഉണ്ടാകുന്ന വിടവാണ് ഓരോ ബഥനീ സിസ്റ്ററിനും അനുഭവപ്പെട്ടത്. ഞങ്ങൾ ഓരോരുത്തരും സാറിന്റെ ആത്മശാന്തിയ്ക്കായി ബാഷ്പാജ്ഞലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു. സഭയുടെ ഉത്സാഹിയായ പുത്രാ സമാധാനത്തോടെ വസിച്ചാലും.

www.malankaralibrary.com

## Mr. V. George Erumeda
# A zealous lay missionary

**Sr Genevive / Sr Theresa Delorry**
Chilubula Mission, Kasama- Zambia

The passing on of Mr. George is marking the end of an era for us at the Chilubula Mission in Kasama, one of the oldest Catholic missions established by the Missionaries Of Africa (also known as "The **White Fathers and Sisters**") As a pioneer educationalist and a true missionary with uncompromising christian values, Mr George was instrumental in the development of this Catholic mission here.

Mr and Mrs George were the first Lay Mission Associate Teachers at the St Theresa's Girls Secondary School in 1972 at the Chilubula Mission in the Northern Province, near Kasama in Zambia, a new rural Catholic Mission School with limited facilities in the middle of Africa, where it took almost 3 months to get a letter from home ! Mr George decided to stay with his family in Chilubula in his true missionary spirit, to help us establish the new school for girls and the Science Department, as the first Head of Science .

Mr and Mrs George were much more than teachers to the students at this residential school, parents to the girls away from their homes and exemplary role models, influencing the most formative years of their life . Come rain or cold winter, Mr George

www.malankaralibrary.com
was the first to be at the Mass in the early morning starting his day and his smiling greeting was a positive energy source for all of us, taking us through the day ..

His mission was to instill the cherished values of Catholic education and help the young girls to get a strong foundation in life, to prepare them as pillars of the Christian families and responsible citizens of a young independent country, Zambia. Many of the students from Chilubula St Theresa's remember Mr and Mrs George fondly and the Imprints these teachers have left on their lives, in reaching where they are today ..

.Mr, George's passing has brought all of us sadness, but at the same time strength – strength in Christ and His plans for all of us . Mr George was definitely a well used tool in the hands of Christ.

A life truly fulfilled !!



With President Robert Mugabe of Zimbabwe -recollecting their days in Zambia as Teachers



With fellow missionary Teachers and Sisters at Chilubula Mission in Zambia

www.malankaralibrary.com



## ജോർജ്ജ് ഇരുമേട സാർ
# നാടിന്റെ പ്രിയ പുത്രൻ
### ടി.എസ്സ്. ജോൺ (മുൻ മന്ത്രിയും, MLA യും)

യശ്ശഃശരീരനായ ഇരുമേട ജോർജ്ജ് സാറിനെ ഈ നാടിന്റെ പ്രിയപുത്രൻ എന്നു വിശേഷിപ്പിക്കുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല. പുതുശ്ശേരി എം.ജി.ഡി ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന സാറിന്റെ പ്രവർത്തന മേഖല സ്കൂളിലും അദ്ധ്യാപനത്തിലും മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, സ്വഭാവരൂപീകരണത്തിലും ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം അതിലെല്ലാമുപരി കുട്ടികളിൽ ആത്മീയത വളർത്തുന്നതിലും വളരെയേറെ ശ്രദ്ധിച്ചിരുന്നു.

പഞ്ചപാണ്ഡവരുടെ ആവാസകാലത്തു അവർ ഊന്നുവടിയായി ഉപയോഗിച്ചിരുന്ന ഇലവിന്റെ കമ്പുകൾ പുതുശേരിയിൽ നടുകയും അതു അഞ്ചുമഹാവൃക്ഷങ്ങളായി വളരുകയും ചെയ്തു എന്നാണ് ഐതിഹ്യം. അതിനാൽ ഈ സ്ഥലം "അഞ്ചിലവ്" എന്നാണ് പഴമക്കാരുടെ ഇടയിൽ അറിയപ്പെട്ടിരുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ മരങ്ങൾ ഒന്നൊന്നായി നിലംപൊത്തിയപ്പോൾ അവയെ പുനർജ്ജീവിപ്പിക്കുന്നതിനും, അത് ഒരു സ്മാരകമായി മാറ്റുന്നതിനും സാറു കാണിച്ച ആർജ്ജവം ഏറെ പ്രശംസനീയമാണ്. ഈ ഇലവുകൾ ഇന്ന് പുതിയതലമുറക്ക് സന്ദേശം നല്കികൊണ്ടു നിലകൊള്ളുന്നു. അവ നിലനിൽക്കുന്നിടത്തോളം കാലം സാറിന്റെ പേരും അതോടു ചേർത്തു വായിക്കപ്പെടും.

താൻ ജനിച്ചു വളർന്ന മലങ്കര കത്തോലിക്ക സഭയോട് ഏറെ കൂറുപുലർത്തിയിരുന്ന വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട ജോർജ്ജ് സാർ. ആരംഭകാലം മുതലെ സ്കൂളിലെ തീർത്തും ന്യൂനപക്ഷ

www.malankaralibrary.com
മായിരുന്ന കത്തോലിക്കാ വിദ്യാർത്ഥികളെ സംഘടിപ്പിക്കുകയും വെള്ളിയാഴ്ച ദിവസങ്ങളിൽ പുതുശേരി ഈട്ടിക്കൽ പള്ളി എന്നറിയപ്പെട്ടിരുന്ന സെന്റ് ജോസഫ്സ് കത്തോലിക്കാ ദൈവാലയത്തിൽ കൊണ്ടുപോയി പ്രാർത്ഥന നടത്തുകയും നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തുകൊണ്ട് ആരംഭിച്ച സഭാസ്നേഹം ആഴത്തിൽ വേരോടുകയും സഭയുടെ വിവിധ മേഖലകളിൽ തന്റെ കഴിവും സമയവും പരമാവധി ഉപയോഗിക്കുകയും മരണം വരെ അതു തുടരുകയും ചെയ്തു. അതുകൊണ്ടുതന്നെ മലങ്കര കത്തോലിക്കാ സഭ അദ്ദേഹത്തെ സഭയുടെ ഉത്സാഹിയായ പുത്രൻ, എന്നർത്ഥം വരുന്ന "ബാർ ഈത്തോ കാശിറോ" എന്ന ബഹുമതി നല്കി ആദരിച്ചു. അദ്ദേഹം സഭയുടെ മാത്രമല്ല സമൂഹത്തിന്റെയും ഉത്സാഹിയായ പുത്രൻ ആയിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല.

ബഹുമാനപ്പെട്ട ജോർജ്ജ് സാറിനെ പരിചയപ്പെട്ടിട്ടുള്ളവരും, അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായിരുന്നവരും ഈ പുണ്യാത്മാവിനെ ഒരിക്കലും വിസ്മരിക്കില്ല. ബഹുമാനപ്പെട്ട സാറിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്...

www.malankaralibrary.com



## വി. ജോർജ്ജ് ഇരുമേട സാർ

# എന്റെ ഗുരു

**ജോസഫ് എം. പുതുശ്ശേരി (Ex. MLA)**

നാടിനെ നല്ല പാഠങ്ങൾ പഠിപ്പിച്ചവർ വിടപറയുമ്പോൾ അവർ സ്മരിക്കപ്പെടുന്നത് അവരുടെ പ്രവർത്തന വഴികളിലെ പച്ചപ്പുകളിലൂടെയാണ്.

മൂന്നു തലമുറയോട് ഒരുപാട് അനുഭവങ്ങൾ പങ്കുവച്ചാണ് വി. ജോർജ്ജ് എന്ന ഇരുമേട ജോർജ്ജ് സാർ യാത്രയായത്. സ്വന്തം പഞ്ചായത്തിലെ പുതുശ്ശേരി എം.ജി.ഡി ഹൈസ്കൂളിൽ തുടങ്ങിയ അധ്യാപനവൃത്തിയാണ് അദ്ദേഹത്തെ നാട്ടുകാർക്ക് പ്രിയപ്പെട്ട ജോർജ്ജ് സാർ ആക്കി മാറ്റിയത്. മികച്ച അധ്യാപകരുടെ നീണ്ട നിരതന്നെ ഉണ്ടായിരുന്ന ഈ സ്കൂളിൽ പ്രധാനാധ്യാപകനായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് കഴിവും പ്രതിബദ്ധതയും കൊണ്ടാണ്. അധ്യാപനത്തിൽ തുടങ്ങിയ പ്രവർത്തനമണ്ഡലം സ്വദേശത്തുമാത്രം ഒതുങ്ങിയില്ല; ഭൂഖണ്ഡങ്ങൾ കടന്ന് ആഫ്രിക്കൻ രാജ്യങ്ങളിലും എത്തി.

നാലു പതിറ്റാണ്ടു നീണ്ട അധ്യാപനത്തിൽ ആയിരങ്ങൾക്ക് അക്ഷരങ്ങളുടെ വഴി തുറന്നുകൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എപ്പോഴും പ്രോത്സാഹിപ്പിക്കുന്ന അധ്യാപകനെന്ന നിലയിൽ ജോർജ്ജ് സാർ വിദ്യാർത്ഥികൾക്കിടയിൽ വ്യത്യസ്തനായ ഗുരുനാഥനായിരുന്നു.

വ്യക്തിപരമായി എനിക്ക് അദ്ദേഹം പ്രിയപ്പെട്ട ഗുരുനാഥനായിരുന്നു. അന്ന് എന്നോടു കാട്ടിയ സ്നേഹവാത്സല്യം അന്ത്യത്തോളം പ്രകടിപ്പിച്ചിട്ടുള്ളത് ഞാൻ നന്ദിയോടെ ഓർക്കുന്നു. ഞങ്ങൾ ഒരുമിച്ച് വരുന്ന പൊതുവേദികളിൽ യാതൊരു ലോപവും കൂടാതെ ജോർജ്ജ് സാർ അത് പ്രസംഗത്തിലൂടെ പങ്കുവയ്ക്കുമ്പോൾ ഞാൻ കോരിത്ത

www.malankaralibrary.com

രിച്ചിരുന്നിട്ടുണ്ട്. ആ വാക്കുകൾ ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നു. ഒരു ശിഷ്യനെക്കുറിച്ചുള്ള ഗുരുനാഥന്റെ സാക്ഷ്യപത്രം.

നവതിയോടടുക്കുമ്പോഴും സജീവമായിരുന്ന ജോർജ്ജ് സാർ താൻ പഠിപ്പിച്ചവരുമായും അവരുടെ മക്കളും കൊച്ചുമക്കളുമായും സൗഹൃദത്തിലിടപഴകുന്നതും സൗഹൃദം പുതുക്കുന്നതും കാണാമായിരുന്നു.

സാമൂഹ്യ, സാംസ്കാരിക, സാമുദായിക രംഗങ്ങളിലെ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം നേരിൽ കണ്ടറിയാൻ എനിക്കു സാധിച്ചിട്ടുണ്ട്. പഞ്ചപാണ്ഡവന്മാരുടെ സ്മരണയിൽ പുതുശ്ശേരിയിൽ വളർന്നു പന്തലിച്ചു നിന്ന അഞ്ചിലവുകൾ പ്രയാധിക്യം കൊണ്ട് കടപുഴകുകയും വെട്ടിമാറ്റുകയും ചെയ്തപ്പോൾ ഏലപ്പാറയിൽ പോയി ഇലവിന്റെ തൈകൾ കൊണ്ട് വന്ന് അതേ സ്ഥലത്ത് അഞ്ചിലവുകൾ വീണ്ടും നട്ടുപിടിപ്പിച്ച് നാടിന്റെ പൈതൃകം പുനർജനിപ്പിച്ചത് അദ്ദേഹമായിരുന്നു.

ചരിത്രത്തിന്റെ പ്രാധാന്യവും സ്നേഹത്തിന്റെ ആഴവും മറ്റാരെക്കാളും തിരിച്ചറിയാൻ കഴിഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം.

ഏഴു പതിറ്റാണ്ടു നീണ്ട പൊതു, സാമൂഹ്യ പ്രവർത്തനമേഖലയിൽ ഒട്ടേറെ സുഹൃത്തുക്കളെ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അരനൂറ്റാണ്ടിലേറെകാലം വിവിധ സാമൂഹിക, സേവന സംഘടനകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. അധ്യാപക ജോലിയിൽ നിന്ന് വിരമിച്ചശേഷം ഏതാനും വർഷങ്ങൾ പത്രപ്രവർത്തനത്തിലേക്കും അദ്ദേഹത്തിന്റെ കഴിവുകൾ എത്തിയത് ഓർക്കാതിരിക്കാൻ കഴിയില്ല.

മലങ്കര കത്തോലിക്കാ സഭയിൽ ഏറ്റം ആദരിക്കപ്പെടുന്ന അൽമായ നേതാക്കളിൽ ഒരാളായിരുന്നു ജോർജ്ജ് സാർ. സഭയുടെ കാര്യങ്ങളിൽ മാത്രമല്ല സഹോദരി സഭകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് വേദികൾ സൃഷ്ടിക്കുന്നതിൽ സാറിനുണ്ടായിരുന്ന കഴിവ് ഒന്നു വേറെ തന്നെ. ധാർമ്മികതയും നീതിബോധവും നല്കിയ ഉൾപ്രേരണയിൽ നിന്നാണ് ഇതെല്ലാം സംഭവിച്ചിട്ടുള്ളത്.

മതബോധന രംഗത്ത് അൻപത് വർഷത്തോളം പ്രവർത്തിച്ച അദ്ദേഹം ആയിരക്കണക്കിനാളുകൾക്കാണ് ദൈവവിശ്വാസത്തിന്റെ അടിത്തറ പണിതു നല്കിയത്. മലങ്കര കത്തോലിക്കാ സഭാ സുന്നഹദോസ് “ബാർ ഈത്തോ കാശിറോ ” (സഭയുടെ ഉത്സാഹി

www.malankaralibrary.com
യായ പുത്രൻ ) പദവി നല്കി സാറിനെ ആദരിച്ചത്, കർമ്മരംഗത്തെ ഇത്തരം പ്രവർത്തനങ്ങളുടെ അംഗീകാരണാണ്; തീർച്ച.

നന്മ ചെയ്യുക്യും നന്മ ചെയ്യാൻ പഠിപ്പിക്കുകയും ചെയ്ത ഈ ശ്രേഷ്ഠാധ്യാപകന്റെ ഓർമ്മകൾ അദ്ദേഹത്തിന്റെ കർമ്മ മണ്ഡലങ്ങളിലൂടെ നിത്യവും സ്മരിക്കപ്പെടും. കാലാതീതനായി വർത്തിച്ച ഗുരുശ്രേഷ്ഠന്റെ ജ്വലിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ ഒരു ശിഷ്യന്റെ ആദരപൂർവ്വമായ സ്മരണാഞ്ജലി.

◆

www.malankaralibrary.com



ഇരുമേട ജോർജ്ജ് സാർ ഒരു ഫയൽ ചിത്രം

www.malankaralibrary.com

# ഇരുമേട ജോർജ്ജ് സാർ ഉന്നതനായ ഗുരുശ്രേഷ്ഠൻ



പ്രൊഫ. ജേക്കബ് എം. ഏബ്രഹാം ചെങ്ങരൂർ

നവതിയാഘോഷിക്കുവാൻ ഒരു വർഷം ബാക്കിനിക്കെ ജോർജ്ജ്സാർ നമ്മെയെല്ലാം ദുഃഖത്തിലാഴ്ത്തി കടന്നുപോയി. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണകൾ എന്നും നിലനിൽക്കുന്നതാണ്. കാരണം വൈവിദ്ധ്യമാർന്ന ആ വ്യക്തിത്വത്തിന്റെ സവിശേഷതകൾ തന്നെ. എല്ലാവർക്കും നന്മ മാത്രം പങ്കു വയ്ക്കാൻ കഴിയുന്ന ഈ ഗുരുശ്രേഷ്ഠൻ സഭയുടെ ഉന്നതനും ഉത്സാഹിയുമായ പുത്രനായിരുന്നപ്പോൾ തന്നെ സമൂഹത്തിനും അങ്ങനെതന്നെയായിരുന്നു. മൂന്നുപതിറ്റാണ്ടുകാലം അദ്ധ്യാപകനായി നാട്ടിലും പുറത്തും നിസ്തുലസേവനം ചെയ്ത അദ്ദേഹത്തിന്റെ ശിഷ്യസമ്പത്ത് വലുതാണ്. ഒരു മതാദ്ധ്യാപകൻ എന്ന നിലയിൽ ജോർജ്ജ് സാർ ആയിരക്കണക്കിനു വിദ്യാർത്ഥികളിൽ നന്മയുടെ വിത്തു പാകി. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം കുട്ടികളുടെ സ്വഭാവരൂപീവല്ക്കരണമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി പ്രവർത്തിച്ചു. എല്ലാവരെയും സമഭാവനയോടെ വീക്ഷിക്കാനും തന്റെ വിദ്യാർത്ഥികളെ അതിരറ്റ് സ്നേഹിക്കുവാനുള്ള വലിയ മനസ്സിനുടമയായിരുന്നു ഈ ഗുരുശ്രേഷ്ഠൻ.

ഔദ്യോഗിക ജീവിതത്തിലെന്നവണ്ണം വ്യക്തി ജീവിതത്തിലും ഔന്നത്യം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ മാതൃക അനുകരണീയമായിരുന്നു. മറ്റുള്ളവർക്ക് സേവനം നല്കുന്നതിൽ എന്നും മുൻപന്തിയിലായിരുന്ന ജോർജ്ജസാർ വീടിനും നാടിനും വിളക്കായി ശോഭിച്ചു. പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന അദ്ദേഹത്തിന്റെ ദൈവാ

www.malankaralibrary.com

ശ്രയ ബോധം തീഷ്ണമായിരുന്നു. തന്റെ പ്രിയ മകൻ ബാബുവിന്റെ അകാല മരണം അദ്ദേഹത്തിനുണ്ടാക്കിയ വേദന വളരെ വലുതായി രുന്നു. പ്രിയ പുത്രന്റെ ഭൗതിക ശരീരം വീട്ടിൽ നിന്നും പള്ളിയിലേ ക്കെടുത്തപ്പോൾ  അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞത് ജോബിന്റെ വാക്കുകളായിരുന്നു. "ദൈവം തന്നു, ദൈവം എടുത്തു. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ" എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാനുള്ള വലിയ ദൈവകൃപ ലഭിച്ച വ്യക്തിയായിരുന്നു. അദ്ദേഹമെന്ന് ഇതു വ്യക്തമാക്കുന്നു.

കുട്ടികളെ ഇത്രയേറെ സ്നേഹിച്ചിരുന്ന അദ്ധ്യാപകർ ചുരുക്ക മാണ്. വിദ്യാർത്ഥികൾക്കുവേണ്ടി സഭാതലത്തിൽ രൂപീകൃതമായ കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ (കെ.സി.എസ്.എൽ) പ്രവർത്ത നങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിരുന്ന ഈ മതാദ്ധ്യാപകൻ ദീർഘകാലം സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. സഭാതലത്തിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ നിര വധിയാണ്. നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിലും മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷനിലും ദീർഘകാലം സ്തുത്യർഹമായ സേവനം ചെയ്തു. വിവിധ രംഗങ്ങളിലുള്ള സേവനങ്ങളെ മാനിച്ച സഭാനേതൃത്വം അദ്ദേഹത്തിന് 'സഭയുടെ ഉത്സാഹിയായ പുത്രൻ' എന്ന ബഹുമതിയും നല്കി ആദരിച്ചു.

നൂതനമായ ഒട്ടേറെ പദ്ധതികൾക്ക് നേതൃത്വം നല്കിയ വ്യക്തി യായിരുന്നു അദ്ദേഹം. ചങ്ങനാശ്ശേരിയിൽ തന്റെ ചുമതലയിൽ ആരം ഭിച്ച സെന്റ് പോൾസ് കോളേജ് എന്ന സ്ഥാപനം എൻട്രൻസ് കോച്ചിംഗ് മേഖലയിലെ കേരളത്തിലെ തന്നെ ആദ്യസംരംഭമായിരുന്നു. വിദ്യാർത്ഥികളെ നേർവഴിക്കു നയിക്കുന്നതിനായി സ്വതസിദ്ധമായ ഒരു ശൈലി തന്നെ ജോർജ്ജ്സാറിനുണ്ടായിരുന്നു യാത്രക്കിടയിലും പൊതുസ്ഥലങ്ങളിലുമെല്ലാം കുട്ടികളെ പ്രത്യേകമായി ശ്രദ്ധിക്കുകയും നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്യുന്നത്  കാണാൻ കഴിഞ്ഞിട്ടുണ്ട്.

സഭയ്ക്കും സമൂഹത്തിനും നന്മ മാത്രം നല്കി നമ്മിൽ നിന്നും നിത്യസമ്മാനത്തിനായി കടന്നുപോയ പ്രിയപ്പെട്ട ജോർജ്ജ്സാറിന് പ്രണാമം. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# കർത്തവ്യത്തെ സ്നേഹിച്ച പ്രഥമാദ്ധ്യാപകൻ



**സാജൻ പി. വർക്കി**
**(ഹെഡ്മാസ്റ്റർ എം.ജി.ഡിഎച്ച്.എസ് പുതുശ്ശേരി)**

96 വർഷം ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട കാലയളവാണ്. അനേകായിരങ്ങളെ അജ്ഞാനാന്ധകാരത്തിൽ നിന്നും വിജ്ഞാനത്തിന്റെ സ്വർഗ്ഗീയ പ്രകാശത്തിലെത്തിക്കുവാൻ എം.ജി.ഡിയുടെ 96 വർഷത്തെ ചരിത്രം, സ്കൂളിനെ നയിച്ച പ്രഥമാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും ത്യാഗനിർഭരമായ സേവനചരിത്രവുമായി ബന്ധമുള്ളതുതന്നെയാണ്.

കർത്തവ്യത്തെ സ്നേഹിച്ച, ആ സ്ഥാനത്തെ വിശുദ്ധമായി വിലമതിച്ച, മുഖംനോക്കാത്തവിധം സേവനത്തിനാഹ്വാനം നല്കിയ, പരമാർത്ഥതയോടെ പ്രശ്നങ്ങളെ നേരിട്ട, ദൈവത്തിലാശ്രയിച്ച് പ്രാർത്ഥനയുടെ പിൻബലം നേടിയ, വിദ്യാലയത്തിന്റെ പ്രവർത്തനശേഷിയും, സദ്യശസ്സുയർത്തിയ, ആദർശത്തെ മുറുകെപ്പിടിച്ച മഹൽവ്യക്തിയായിരുന്നു ജോർജ്ജ് ഇരുമേട സാർ എന്ന് പ്രഗത്ഭ ശിഷ്യരുടെ സാക്ഷ്യത്തിൽ നിന്നും തറപ്പിച്ച് പറയുവാൻ സാധിക്കും.

1949-ൽ പുതുശ്ശേരി എം.ജി.ഡിയിലെ ആദ്യ നിയമിത അദ്ധ്യാപകനായി പരി. കാതോലിക്കാ ബാവാ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ തിരുമനസ്സുകൊണ്ട് നിയമിച്ചു. 1949 മുതൽ 1965 വരെ നല്ല അദ്ധ്യാപകനായി, നാട്ടുകാരുടെയും, മാനേജ്മെന്റിന്റെയും പ്രീതി ആർജ്ജിച്ചെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ദൈവകൃപയാൽ പുതുശ്ശേരി എം.ജി,ഡി ഹൈസ്കൂളിലെ ആദ്യനിയമിത അധ്യാപകൻ എന്ന നിലയിൽ ദൈവം എനിക്കു നല്കിയ ജ്യേഷ്ഠാവകാശം എനിക്ക്

www.malankaralibrary.com

പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന്, സ്കൂൾ മാഗസനിൽ സാർ വ്യക്തമായി എഴുതിയിട്ടുണ്ട്. 1964-ൽ ഏബ്രഹാം പയ്യമ്പള്ളിൽ അച്ചൻ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ, ജോർജ്ജ് ഇരുമേട സാർ കൺവീനർ ആയി നടത്തിയ ചാച്ചാ നെഹ്റു സയൻസ് എക്സിബിഷൻ, കല്ലൂപ്പാറയുടെ മാത്രമല്ല, തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ തന്നെ ചരിത്രം സൃഷ്ടിച്ച മഹാസംഭവമായി രേഖപ്പെടുത്തേണ്ടതാണ്. ആ പ്രദർശനം ഒരു കാലത്തും മറക്കുവാൻ സാധിക്കുകയില്ല. അതുപോലെ സാറിന്റെ നേതൃത്വത്തിൽ നാട്ടുകാർക്ക് ആവേശം നല്കിയിട്ടുള്ള കവിയൂർ കല്ലൂപ്പാറ അവിട്ടം വള്ളംകളിയും, അഞ്ചിലവുമരങ്ങളുടെ പുനർനടലും എല്ലാം ജോർജ്ജ് സാറിന്റെയും പുതുശ്ശേരി എം.ജിഡി സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനങ്ങൾ ആയിരുന്നു.

സ്ഥാപനത്തെ പ്രാണനിർവ്വിശേഷമോ, അതിലുപരിയോ സ്നേഹിച്ച അദ്ദേഹത്തിന്റെ ലക്ഷ്യം സ്കൂളിന്റെ ഉയർച്ചയായിരുന്നു. 1949 മുതൽ ഒരു മാതൃകാദ്ധ്യാപകൻ എന്ന നിലയിലും, 1972-73 സ്കൂൾ വർഷത്തിൽ മാതൃകാ ഹെഡ്മാസ്റ്റർ എന്ന നിലയിലും അദ്ദേഹം തന്റെ മാതൃവിദ്യാലയത്തെ സേവിച്ചു. 1973 മുതൽ 1979 വരെ ആഫ്രിക്കയിലെ സാമ്പിയാ എന്ന രാജ്യത്ത് ചിലുബുല ഗേൾസ് ഹയർസെക്കണ്ടറിയിൽ ടീച്ചറായി സേവനം അനുഷ്ഠിക്കുവാനുള്ള ഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. 1979-ൽ തിരിച്ചെത്തിയ അദ്ദേഹം 1981-ൽ പെൻഷൻ ആകുന്നതുവരെ കുണ്ടറ എം.ജി.ഡി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു.

ജോർജ് ഇരുമേട സാർ എന്ന നാമം ഓർക്കുമ്പോൾ തെളിഞ്ഞു വരുന്നത്, സ്കൂളിന്റെ കീർത്തി എമ്പാടും പരത്തിയ പ്രഗത്ഭനായ പ്രഥമാദ്ധ്യാപകൻ, സമർത്ഥനായ ഒരദ്ധ്യാപകൻ, പ്രസിദ്ധനായ വാഗ്മി, സഭാഭക്തൻ, പൊതുജനോപകാരി എന്നീ നിലകളിലാണ്. പുതുശ്ശേരി എം.ജി.ഡി ഹൈസ്കൂളിനെ സമുന്നത സ്ഥാനത്തു നിർത്തുന്നതിന് അക്ഷീണ പരിശ്രമം ചെയ്ത് 2015 ജൂലൈ മാസത്തിൽ കാലയവനിക്കുള്ളിൽ തിരോധാനം ചെയ്ത ആ ത്യാഗധനനെ ആർക്ക് എങ്ങനെ വിസ്മരിക്കാനാവും!

www.malankaralibrary.com

# ഇരുമേട സർ വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിന്റെ മുന്നണിപോരാളി



**ആനി കുരുവിള, H.M സെന്റ് പോൾസ് ഹൈസ്കൂൾ, വാഴൂർ**

1965-66 അധ്യയനവർഷത്തിന്റെ ആരംഭത്തിലാണ് കേവലം 39 വയസ്സു മാത്രമുള്ള വി. ജോർജ്ജ് ഇരുമേട സാർ വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിന്റെ സാരഥിയായി നിയമിതനാകുന്നത്. ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളു ആ സമയത്ത്. സാറിന്റെ വരവിനു ശേഷമാണ് 9, 10 ക്ലാസ്സുകൾ ആരംഭിക്കുന്നത്. താൽക്കാലിക കെട്ടിടത്തിലാണ് അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത്. ഇരുമേട സാർ സ്കൂളിന്റെ ഭരണസാരഥ്യം ഏറ്റെടുത്തതോടെ കുട്ടികളുടെ എണ്ണത്തിൽ വൻ മുന്നേറ്റമാണ് ഉണ്ടായത്. പലവിധകാരണങ്ങളാൽ പഠനം മുടങ്ങിപോയവരെ കണ്ടെത്തി അവർക്ക് തുടർ പഠനത്തിനുള്ള അവസരം സാറിന്റെ നേതൃത്വത്തിൽ ചെയ്തു കൊടുത്തു. എല്ലാവർക്കും കുറഞ്ഞത് എസ്.എസ്.എൽ.സി വിദ്യാഭ്യാസവും ഭാസുരമായ ഒരു ഭാവിയും എന്നതായിരുന്നു സാറിന്റെ ലക്ഷ്യം. ആ കാര്യത്തിലേക്ക് കുട്ടികളെ പ്രത്യേകം പ്രോത്സാഹിപ്പിച്ചു. പഠനത്തിൽ അത്ര കഴിവോ സാഹചര്യങ്ങളോ ഇല്ലാത്ത കുട്ടികളോട് എസ്.എസ്. എൽ.സി. കഴിഞ്ഞ് പട്ടാളത്തിൽ ചേർന്ന് നാടിനും രാജ്യത്തിനും പ്രത്യേകിച്ച് സ്വന്തവീടിനും മുതൽകൂട്ടാൻ ആ കർമ്മയോഗി തന്റെ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു.

എസ്.എൽ.എസി. ക്ലാസ്സുകൾ ആരംഭിച്ച വർഷം തന്നെ എസ് എസ്എൽസി പരീക്ഷാ സെന്ററും അനുവദിപ്പിച്ചത് ഇരുമേട സാറിന്റെ

www.malankaralibrary.com

പ്രത്യേക താൽപര്യം കൊണ്ടാണ്. സാധാരണഗതിയിൽ ആദ്യ എസ് എസ്എൽസി ബാച്ചുകാർ ഏറ്റവും അടുത്തുള്ള ഹൈസ്കൂൾ സെന്ററിൽപോയി പരീക്ഷ എഴുതേണ്ടിവരുമായിരുന്നു.

ഇടുക്കി ജില്ലയിലെ കുമളി, രാജക്കാട്, രാജകുമാരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ സ്കൂളുകളും അന്ന് കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലാ ഓഫീസറിന്റെ അധികാരപരിധിയിൽ ആയിരുന്നു. വിസ്തൃതമായ ജില്ലയിലെ സ്കൂളുകളെ ഉൾപ്പെടുത്തി 1968-69 വർഷം നടപ്പാക്കിയ ഒരാഴ്ച നീണ്ടുനിന്ന സയൻസ് എക്സിബിഷൻ സംഘടിപ്പിച്ചത് വൻവിജയമായിരുന്നു. ഇതോടെ സെന്റ് പോൾസ് ഹൈസ്കൂളിന്റെ യും ഇരുമേട സാറിന്റെയും പേര് വിദ്യാഭ്യാസമേഖലയിൽ ചർച്ചാവിഷയമായി.

ദൈവാശ്രയമായിരുന്നു സാറിന്റെ വിജയ രഹസ്യം. പ്രാർത്ഥനയോടുകൂടിയാണ് ഓരോ ദിവസവും ആരംഭിച്ചിരുന്നത്. ക്ലാസ്സുകൾ അവസാനിപ്പിക്കുമ്പോഴും പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. കൃത്യനിഷ്ഠയുടെ പര്യായമായിരുന്നു ഇരുമേട സാർ. കുട്ടികൾക്കും സഹപ്രവർത്തകർക്കും അദ്ദേഹം എന്നും മാതൃകയായിരുന്നു. മറ്റുള്ളവരുടെ കഴിവുകൾ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും സാർ എന്നും ശ്രദ്ധിച്ചിരുന്നു. ഉന്നതവിജയം നേടുന്ന കുട്ടികളെ അനുമോദിക്കുന്നതിലും അവരുടെ ഉയർച്ചയിൽ വളരെയധികം സന്തോഷിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായിരുന്നു യശ്ശഃശരീരനായ ഇരുമേട സാർ.

ഉച്ചഭക്ഷണം ഇല്ലാതെ സ്കൂളിൽ വരുന്ന കുട്ടികളുടെ സ്ഥിതി ആ മനുഷ്യസ്നേഹിയെ വളരെയധികം വേദനിപ്പിച്ചു. അതിനും അദ്ദേഹം ഒരു പോംവഴി കണ്ടുപിടിച്ചു. എല്ലാ കുട്ടികളും ആഴ്ചയിൽ ഒരു ദിവസം ഒരു തീപ്പെട്ടി അരി വീതം കൊണ്ടുവരുവാൻ നിർദ്ദേശിച്ചു. 1300-ൽപരം തീപ്പെട്ടികളിലൂടെ ലഭിച്ച അരികൊണ്ട് ഉച്ചഭക്ഷണപരിപാടി ആരംഭിച്ചു. ഉച്ചഭക്ഷണം ഇല്ലാതെ വിഷമിക്കുന്ന കുട്ടികളുടെ ബുദ്ധിമുട്ട് ഇതിലൂടെ മാറി. സർക്കാർപോലും ഉച്ചകഞ്ഞി സമ്പ്രദായം നടപ്പാക്കുന്നതിനുമുമ്പ് ഇത്തരമൊരു സംരംഭം അവതരിപ്പിച്ചത് അക്കാലത്ത് എല്ലാവരും പ്രശംസിച്ചു.

തെറ്റ് ചെയ്യുന്ന കുട്ടികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നുള്ള നിലപാട് സ്വീകരിച്ചിരുന്ന സാർ, കുട്ടികൾ തെറ്റു ചെയ്താൽ

www.malankaralibrary.com

അതിന്റെ ദൂഷ്യവശങ്ങൾ മാതാപിതാക്കളെ വിളിച്ചുവരുത്തി ബോദ്ധ്യപ്പെടുത്തുമായിരുന്നു. സാറിന്റെ ശിക്ഷണത്തിന് വിധേയരായ പലകുട്ടികൾക്കും അവരുടെ തെറ്റ് ബോധ്യപ്പെടുകയും അവർ പിന്നീട് സദ്സ്വഭാവികളായി തീരുന്നതിനും ഇടയായി തീർന്നിട്ടുണ്ട്.

കൃഷിവലരുടെ മക്കളാണ് അന്ന് സ്കൂളിൽ പഠിച്ചിരുന്നത്. മാതാപിതാക്കൾക്ക് ബുദ്ധിമുട്ടാണെങ്കിലും സ്കൂളിൽ യൂണിഫോം സംവിധാനം ഏർപ്പെടുത്തി. കുട്ടികൾ വാഹനസഞ്ചാരമുള്ള റോഡിന്റെ വലതുവശം ചേർന്ന് ഒറ്റവരിയായി നടക്കണമെന്നും ഇടതുവശത്തുനിന്നും വാഹനങ്ങൾ വരുന്നില്ല എന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ മുറിച്ചുകടക്കാവൂ എന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഇത് കുട്ടികൾ പാലിക്കുന്നുണ്ടോ എന്ന് വിവിധസ്ഥലങ്ങളിൽ ചെന്ന് രഹസ്യമായി പരിശോധിച്ചു ഉറപ്പാക്കുകയും ചെയ്തിരുന്നു. ഇത് കുട്ടികൾ വളരെ കൃത്യമായി പാലിക്കുകയും ചെയ്തിരുന്നു.

അക്കാലത്ത് വിദ്യാഭ്യാസ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹുമാന്യനായ ശ്രീ. ആർ രാമചന്ദ്രൻനായർ ഐഎഎസ് പൂഞ്ഞാർ സ്വദേശി ആയിരുന്നു. അദ്ദേഹത്തിന്റെ പുളിക്കൽ കവലയിലൂടെയുള്ള യാത്രയ്ക്കിടയിൽ യൂണിഫോം ധരിച്ച ഈ സ്കൂളിലെ കുട്ടികളുടെ റോഡിലൂടെ വലതുലവശം ചേർന്ന് ഒറ്റവരിയായുള്ള സഞ്ചാരം ഏറെ ആകർഷിച്ചു. അക്കാലത്ത് ഒരുദിവസം രാവിലെ 9.30ന് അവിചാരിതമായി അദ്ദേഹം സ്കൂളിൽ എത്തിച്ചേർന്നു. സ്കൂളിന്റെ ദൈനദിന കാര്യങ്ങൾ മനസ്സിലാക്കുകയും കുട്ടികളുടെ സഹകരണത്തോടുകൂടി നിർമ്മാണം നടന്നുകൊണ്ടിരുന്ന സ്റ്റേഡിയം പണികാണുകയും, മാസ്സ് ഡ്രിൽകണ്ട് സംതൃപ്തനാകുകയും കുട്ടികളുടെ അച്ചടക്കത്തിൽ അഭിനന്ദിക്കുകയും ചെയ്തു. ഏതാണ്ട് രണ്ടു മണിക്കൂറോളം അദ്ദേഹം സ്കൂളിൽ തങ്ങി. തുടർന്ന് സ്കൂളിലെ മാതൃകപരമായ പ്രവർത്തനങ്ങളേയും അതിന് നേതൃത്വം നല്കുന്ന വി. ജോർജ്ജ് ഇരുമേട സാറിനെയും പ്രശംസിച്ചുകൊണ്ട് സർക്കുലർ തയ്യാറാക്കി കേരളം മൊത്തമുള്ള സ്കൂളുകൾക്ക് അയച്ചു നല്കിയതും സാറിനെ ഏറ്റവും പ്രശസ്തനാക്കിയ ഒരു സംഭവമാണ്.

അരനൂറ്റാണ്ടിനുമുമ്പ് ഈ സ്കൂളിന്റെ പ്രധാന ചുമതലക്കാരനായി വന്ന് 7 വർഷത്തെ ആത്മാർത്ഥസേവനത്തിലൂടെ അന്നത്തെ നാട്ടുകാരുടെയും കുട്ടികളുടെയും ഹൃദയത്തിൽ മറക്കാനാവാത്ത വ്യക്തിത്വ

www.malankaralibrary.com

ത്തിന്റെ ഉടമയായി മാറിയ ആളാണ് ജോർജ്ജ് സാർ. മറ്റുള്ളവരുടെ കുഞ്ഞുങ്ങളെയാണ് ദൈവം നമ്മളെ ഏൽപ്പിച്ചിരിക്കുന്നത്. അവരെ നല്ലവണ്ണം നോക്കിയാൽ നമ്മുടെ കുഞ്ഞുങ്ങളെ ദൈവം നോക്കിക്കൊള്ളും എന്ന വലിയചിന്ത അദ്ദേഹം സഹപ്രവർത്തകരെ കൂടെക്കൂടെ ഓർമ്മിപ്പിക്കുമായിരുന്നു.

1972 അധ്യായന വർഷത്തിന്റെ ആരംഭത്തിൽ സൗകര്യാർത്ഥം ഇരുമേട സാറിന് പുതുശ്ശേരി സ്കൂളിലേക്ക് സ്ഥലമാറ്റം ലഭിച്ചു. ഒരു മനുഷ്യായുസ്സിന്റെ സാധ്യമായ എല്ലാ നന്മകളുംകണ്ട് സന്തോഷിക്കുന്നതിനും നവതിയിൽ എത്തിച്ചേരുവാനും ജഗദീശ്വരൻ അദ്ദേഹത്തിനു കൃപനൽകി. ആ വലിയ മനസ്സിന്റെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ നമ്രശിരസ്കരായി വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിന്റെ എല്ലാ ആദരവുകളും അർപ്പിക്കുന്നു.

www.malankaralibrary.com



# ഇരുമേട ജോർജ്ജ് സാർ
# തലമുറകളുടെ മാതൃക

എജി പാറപ്പാട്ട്

അനേകായിരങ്ങൾക്ക് വിദ്യാദീപം പകർന്നു നല്കിയ ഗുരുശ്രേഷ്ഠൻ, ഒരു ഗ്രാമത്തിന്റെ ബഹുമുഖ വളർച്ചയ്ക്ക് ത്യാഗോജ്ജ്വല നേതൃത്വം, ആഴമായ ദൈവവിശ്വാസത്തിൽ നിന്നും ആർജ്ജിച്ചെടുത്ത ആത്മീയതയുടെ ആൾരൂപം ദൈവവിശ്വാസവും മാനവസ്നേഹവും സമന്വയിച്ച വിനയം. ബന്ധങ്ങളുടെ കണ്ണി വിളക്കിച്ചേർത്ത്, ഇരുമേട കുടുംബത്തെ നയിച്ച കാരണവർ, സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുവാൻ പ്രേരകമായ മാർഗദർശി... തികഞ്ഞ സഭാസ്നേഹി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉത്സാഹിയായ പുത്രൻ... വാക്കുകൾക്കൊണ്ട് വർണ്ണിക്കുവാൻ സാധിക്കുന്നതിനപ്പുറം തേജോമയമായ ജീവിതം നയിച്ച ബാറിത്തോ കാസീറോ ജോർജ്ജ് ഇരുമേട സാറിനെ അനുസ്മരിച്ച് ഒരു ലേഖനം എഴുതുവാൻ അദ്ദേഹത്തിന്റെ സഹോദരൻ ബഹുമാനട്ടെ ജോൺ ഇരുമേട അച്ചൻ ആവശ്യപ്പെട്ടപ്പോൾ അതൊരു ഭാഗ്യമായി ഞാൻ കരുതി.

ജോർജ്ജ് ഇരുമേട സാർ എന്ന പ്രതിഭാധനമായ വ്യക്തിത്വത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ കഴിഞ്ഞ പതിനാറു വർഷങ്ങളുടെ ആഴം അതിരുകളില്ലാതെ എന്നേയും കുടുംബത്തേയും സ്നേഹിച്ച, അഭിനന്ദനങ്ങൾ, ആവോളം നല്കി വളർത്തിയ സ്നേഹനിധിയായ പിതാവായിരുന്നു അദ്ദേഹം. 1999-ൽ തിരുവല്ല രൂപത യുവജന പ്രസ്ഥാനം (എംസിവൈഎം)ത്തിന്റെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട് അധികനാളാകുന്നതിന് മുൻപ് യൂണിറ്റ് സന്ദർശന

www.malankaralibrary.com

ത്തിനായി ചെങ്ങരൂർ ഇടവകയിലേക്ക് കടന്നു ചെന്നപ്പോൾ വി. കുർബാനയ്ക്കുശേഷം ദൈവാലയത്തിൽ വച്ച് ഞാൻ നടത്തിയ പ്രസംഗം ശ്രദ്ധയോടെ ശ്രവിക്കുകയും ചേർത്തുനിർത്തി അനുമോദിച്ചതും ഹൃദയത്തിൽ മായാത്ത അനുഭവമാണ്. ആദ്യ കാഴ്ചയിൽ തന്നെ നാമ്പെടുത്ത ബന്ധം ഓരോ കണ്ടുമുട്ടലുകളിലും വളർന്നു വന്നു. പിന്നീടുള്ള ഓരോ കൂടിക്കാഴ്ചയിലും പാറപ്പാട്ടേ എന്നു വിളിച്ച് ക്ഷേമം അന്വേഷിയ്ക്കുന്ന ജോർജ്ജു സാറിന്റെ സ്നേഹം വാക്കുകൾക്കതീതമാണ്.

ദേവാലയത്തിൽ കണ്ടുമുട്ടിയ സന്ദർഭങ്ങളിലൊക്കെ കൂപ്പുകരങ്ങളുമായി വി. കുർബ്ബാനയുടെ മുൻപിൽ നിൽക്കുന്ന അദ്ദേഹം തലമുറകൾക്ക് മാതൃകയും പ്രചോദനവുമാണ്. ഒരു കത്തോലിക്കനായതിൽ ഉള്ള അഭിമാനം അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രതിഫലിച്ചിരുന്നു. വിട്ടു വീഴ്ചയില്ലാത്ത സഭാ സ്നേഹവും, പൗരോഹിത്യത്തോടുള്ള ആദരവും, അപരരോടുള്ള കരുതലും അദ്ദേഹത്തെ വ്യത്യസ്തനാക്കി.

ദൈവഹിതത്താൽ 2004-ൽ ചെങ്ങരൂർ ഇടവകയിൽ നിന്നും വിവാഹം കഴിക്കുവാൻ സാധിച്ചതിനാൽ അന്നുമുതൽ മരുമകനേ എന്നു വിളിച്ച് ആ സ്നേഹബന്ധം അദ്ദേഹം കൂടുതൽ ദൃഢമാക്കി. എന്റെ ഭാര്യ ജിനുവിനോടുള്ള അദ്ദേഹത്തിന്റെ വാത്സല്യം എന്നോടും പ്രകടമാക്കി. ആ കാലഘട്ടം മുതൽ ജോർജ്ജു സാറിനെ കൂടുതൽ അറിയാനും ആ സ്നേഹം കൂടുതൽ അനുഭവിയ്ക്കുവാനും സാധിച്ചിട്ടുണ്ട്. അനന്തമായ ദൈവസ്നേഹത്തിൽ മനുഷ്യബന്ധങ്ങളെ വിളക്കിചേർക്കുന്ന അനുഭവം അദ്ദേഹത്തോടടുക്കുന്ന ആർക്കും അനുഭവവേദ്യമായിരുന്നു.

അറിയുംതോറും കൂടുതൽ അടുക്കുവാൻ പ്രേരകമായ അദ്ദേഹത്തിന്റെ ജീവിതം മാതൃകാപരവും അനുകരണീയവുമാണ്. പല സമയങ്ങളിലും കണ്ടുമുട്ടുമ്പോൾ ബാല്യകാലത്ത് വാകത്താനത്തുള്ള ബന്ധുവീട്ടിൽ വന്നു താമസിച്ചതും അന്നത്തെ അനുഭവങ്ങളുമൊക്കെ ഒരു കൊച്ചുകുട്ടിയുടെ നിഷ്കളങ്കതയോടെ വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ കുടുംബത്തോടുള്ള സ്നേഹബന്ധത്തിന്റെ ജ്വാല ദൃശ്യമായിരുന്നു.

www.malankaralibrary.com

ഏറ്റെടുത്ത എല്ലാ മേഖലകളിലും തികഞ്ഞ ആത്മാർത്ഥതയും, സത്യസന്ധതയും, അതിലേറെ വിനയവും അദ്ദേഹത്തെ വ്യത്യസ്ത നാക്കി. മികച്ച അദ്ധ്യാപകനായ, പ്രധാനാദ്ധ്യാപകനായുള്ള അദ്ദേഹ ത്തിന്റെ ഔദ്യോഗിക ജീവിതം, അനേകായിരങ്ങൾക്ക് ജീവിത വെളിച്ചം പകർന്നതോടൊപ്പം ധാർമ്മികതയും ദൈവാശ്രയത്വവും ആവോളം നല്കി. ഏവരോടും സന്തോഷവും സ്നേഹവും പ്രകടമാക്കുമ്പോഴും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അകാലത്തിൽ പൊലിഞ്ഞ പുത്രന്റെ ഓർമ്മ കനലായി എരിഞ്ഞിരുന്നു.

'ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ, സന്തോഷത്തോടതുവാങ്ങി

ഹല്ലേലുയ്യാ പാടീടും ഞാൻ.'

സാധുകൊച്ചുകുഞ്ഞുപദേശിയുടെ ഈ വരികൾ ജോർജ്ജ് സാറിനെ സംബന്ധിച്ചിടത്തോളം അർത്ഥപൂർണമായിരുന്നു. ആഴമായ വിശ്വാസജീവിതത്തിൽ ബലപ്പെട്ട അദ്ദേഹത്തിന്റെ ശക്തി വി. കുർബ്ബാന ആയിരുന്നു എന്ന് ഞാൻ മനസിലാക്കുന്നു. ചെങ്ങരൂർ ദേവാലയത്തിൽ രാവിലത്തെ കുർബാനകളിൽ സംബന്ധിച്ച അവസരങ്ങളിൽ, എന്നെ ഏറെ അത്ഭുതപ്പെടുത്തിയിട്ടുള്ള യാഥാർത്ഥ്യമാണ് സാറിന്റെ സാന്നി ദ്ധ്യം. കൂപ്പുകരങ്ങളുമായി വി. കുർബാനയിൽ ആദ്യാവസാനം പങ്കെ ടുത്ത ശുഭ്രവസ്ത്രധാരി അവിടെ നിന്നും അപ്രത്യക്ഷനായി എന്നത് നൊമ്പരമായി അവശേഷിക്കുന്നു.

അവസാനമായി ഞാൻ അദ്ദേഹത്തോട് സംസാരിച്ചത് 2015 മാർച്ച് മാസം 22-ാം തീയതി ആയിരുന്നു. അന്ന് പുനരൈക്യ സന്ദേശം ചെങ്ങ രൂർ ദൈവാലയത്തിൽ നല്കുവാൻ കടന്നുചെന്ന ദിവസം വി. കുർബാ നയ്ക്ക്ശേഷം ഒരു മണി സമയം ഞാൻ നടത്തിയ പ്രസംഗം പൂർണ മായി ശ്രവിച്ച എന്നെ അനുമോദിച്ചതും, ആവേശത്തോടെ സഭയെക്കുറിച്ച് പറഞ്ഞതും ഞാൻ ഓർക്കുന്നു. അത് അവസാനകൂടി ക്കാഴ്ച ആയിരിക്കുമെന്ന് കരുതിയില്ല.

ധന്യമായ ജീവിതം ഓർമ്മയായി മലമുകളിൽ തെളിയിച്ച ദീപം പോലെ പ്രശോഭിച്ച ജീവിതം അനേകായിരങ്ങൾക്ക് മാതൃകയായി.

ഞാൻ നന്നായി പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കി വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു.

www.malankaralibrary.com
നീതിപൂർവ്വം വിധിയ്ക്കുന്ന കർത്താവ് ആ ദിവസം അത് എനിയ്ക്ക് സമ്മാനിയ്ക്കും ( 2 തിമോത്തിയോസ് 4: 7,8)

വിശ്വാസം കാത്ത് ഓട്ടം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി കടന്നുപോയ ധന്യാത്മാവേ അങ്ങേയ്ക്ക് പ്രണാമം. നിത്യതയിൽ വീണ്ടും കണ്ടുമുട്ടുമെന്ന പ്രത്യാശയോടെ സമാധാനത്തോടെ പോവുക.

www.malankaralibrary.com



# ഇരുമേട ജോർജ് സാർ
# നല്ല ഗുരുവും അയൽക്കാരനും

മാത്യു ചാമത്തിൽ (ചെങ്ങരൂർ)

"എല്ലാ മനുഷ്യന്റെയും ജന്മവാസനകളിലൊന്നാണ് അസൂയ". അസൂയ ഇല്ലാത്ത രണ്ടു കൂട്ടരാണ് അദ്ധ്യാപകരും മാതാപിതാക്കളും ഇത് പ്രിയപ്പെട്ട ജോർജ്ജ് സാറിന്റെ വാക്കുകളാണ്. അക്ഷരാർത്ഥത്തിൽ ജോർജ്ജ് സാറിൽ ഇത് നൂറ് ശതമാനം ശരിയായിരുന്നു. സ്കൂളിൽ പഠിപ്പിച്ച കുട്ടികളെ മാത്രമല്ല വഴിയിൽ കണ്ടവരെയൊക്കെ – വിശ്രമ ജീവിതകാലത്തു പോലും വിളിച്ചു നിർത്തി ഉപദേശിക്കുകയും നല്ല സാധ്യതകൾ പറഞ്ഞുകൊടുക്കുകയും ചെയ്യും. സ്കൂളിന്റെ പ്രധാനദ്ധ്യാപകനായിരുന്ന കാലഘട്ടത്തിൽ സാറിന്റെ ശിക്ഷണരീതി വേറിട്ടതായിരുന്നു. തെറ്റുകൾക്കു പിടിക്കപ്പെടുന്ന വിദ്യാർത്ഥികളെ വിളിച്ചു അടികൊടുത്തു വിടേണ്ടതിനു പകരം തന്റെ മേശയിൽ കരുതി വച്ചിരിക്കുന്ന സ്റ്റെതസ്കോപ്പ് എടുത്ത് കുട്ടിയുടെ കഴുത്തിൽ തൂക്കി നന്നായി ചേരുന്നുണ്ട്. ഒരു ഡോക്ടറാകാനുള്ള എല്ലാ യോഗ്യതകളും തനിക്ക് ഉണ്ട്. വെറുതെ ഭാവി നശിപ്പിക്കരുത്" എന്ന നല്ല ഉപദേശം കൊടുത്തു പറഞ്ഞുവിടും.

ഗുരുക്കന്മാർ ഏറെയുണ്ടെങ്കിലും നല്ല ഗുരുക്കന്മാരുടെ ദൗർലഭ്യം ഈ കാലഘട്ടത്തിന്റെ ഒരു പ്രതിസന്ധിയാണല്ലോ? അദ്ധ്യാപക ജോലി ധനാഗമ മാർഗ്ഗത്തിനുള്ള കേവലം ഒരു തൊഴിലായി കരുതുന്ന ഈ സമൂഹം ജോർജ്ജ് സാറിനെ മാതൃകയാക്കിയിരുന്നുവെങ്കിൽ എന്നാശിച്ചു പോകുന്നു. ഒരു വൈദികന്റെ ബലിയർപ്പണം പോലെ പവിത്രമാണ് അദ്ധ്യാപക വൃത്തിയും എന്ന് മനസ്സിലാക്കി പ്രാവർത്തികമാ

www.malankaralibrary.com
ക്കിയ മഹാനാണ് ഇരുമേട ജോർജ്ജ് സാർ. ഒരു ഉത്തമ അദ്ധ്യാപകൻ ശ്രേഷ്ട ഗുരുവായ യേശുക്രിസ്തുവിന്റെ സ്ഥാനത്താണ്. ദർശനമില്ലാത്ത അദ്ധ്യാപകൻ ദർശനമോ മൂല്യബോധമോ ഇല്ലാത്ത സമൂഹത്തെ സൃഷ്ടിക്കുന്നു. സാംസ്കാരിക സാമൂഹിക മണ്ഡലങ്ങളിലെ മൂല്യച്യുതിക്കു കാരണം മറ്റൊന്നുമല്ല.

ജോർജ്ജ് സാറിന്റെ വിദ്യാർത്ഥികളായിരുന്നവരോടു ചോദിച്ചാൽ സാറുമായി അവർക്കുള്ള ബന്ധം ഗുരു ശിഷ്യബന്ധം മാത്രമായിരുന്നില്ല. പിതൃപുത്രബന്ധം കൂടിയായിരുന്നു എന്നു മനസ്സിലാക്കാം.

വിദ്യാഭ്യാസത്തിലൂടെ ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ട ഏറ്റം വലിയ ഗുണവിശേഷണമാണല്ലോ സത്യസന്ധത. ചിന്ത, വാക്ക്, പ്രവർത്തി എന്നിവയുടെ നൂറുശതമാനമുള്ള ഒരുമയാണ് സത്യസന്ധത. ജോർജ്ജ് സാർ എന്ന നല്ല ഗുരു താൻ ചിന്തിക്കുന്നതു പറയുകയും പറയുന്നത് പ്രവർത്തിക്കുകയും ചെയ്യാൻ പരമാവധി ശ്രദ്ധിച്ചിരുന്നു. പൊയ്മുഖമണിഞ്ഞ ജീവിതശൈലി അദ്ദേഹത്തിനില്ലായിരുന്നു. അതുകൊണ്ടുതന്നെ തന്റെ വിദ്യാർത്ഥികളിൽ ഒരളവുവരെയെങ്കിലും സത്യസന്ധത വളർത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

സാർ എനിക്ക് ഒരു ഗുരു മാത്രമായിരുന്നില്ല ഒരു നല്ല അയൽക്കാരൻ കൂടിയായിരുന്നു. ഉപദേശങ്ങൾ നൽകുവാനും ശാസന ആവശ്യമുള്ളപ്പോൾ ശാസിക്കുവാനും അദ്ദേഹം ഒട്ടും മടിച്ചിരുന്നില്ല. എന്റെ നല്ല ഒരു അഭ്യുദയകാംക്ഷി ആയിരുന്നു എന്നു മാത്രമല്ല സഭാവ്യത്യാസം കൂടാതെ, ജാതി വ്യത്യാസം കൂടാതെ ചെങ്ങരൂർ ദേശത്തിന്റെ ഉയർച്ച ആഗ്രഹിക്കുകയും തന്നാലാവോളം യത്നിക്കുകയും ചെയ്ത ഒരു മഹാനായിരുന്നു സാർ.

സാറിന്റെ ഒരു ഉദ്ധരണി ആവർത്തിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ "നിങ്ങൾ മൈൽ കുറ്റികളാവരുത്" വെറുതെ കാലങ്ങളോളം മാറ്റമില്ലാതെ നിൽക്കാനല്ല സ്വയം മാറുവാനും സമൂഹത്തിന് മാറ്റം ഉണ്ടാക്കുവാനും യത്നിക്കണം.

സാറിന്റെ ദർശ്ശനങ്ങൾ പുതിയ തലമുറയ്ക്ക് പ്രചോദനമാകട്ടെ എന്നു പ്രാർത്ഥനയോടെ എല്ലാ ശിഷ്യഗണങ്ങളോടൊപ്പം ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

◆

www.malankaralibrary.com

# — നന്ദിയുടെ ഒരു വാക്ക് —

ഞങ്ങളുടെ പ്രിയ സഹോദരൻ ഇരുമേട ജോർജ്ജ് സാറിന്റെ മൃതസംസ്ക്കാരശേഷം ഞങ്ങൾക്ക് വളരെ പ്രിയപ്പെട്ട പലരും, ഞങ്ങളെ സമീപിച്ച് സംസ്ക്കാരശുശ്രൂഷാ മദ്ധ്യേ അഭിവന്ദ്യ. പിതാക്കന്മാരുടെയും, വന്ദ്യ വൈദിക ശ്രേഷ്ടരുടേയും പ്രസംഗങ്ങളും, അദ്ദേഹത്തിന്റെ വളരെ അടുത്ത ഏതാനും സുഹൃത്തുക്കളുടെയും ശിഷ്യന്മാരുടെയും ഓർമ്മക്കുറിപ്പുകളും ഉൾപ്പെടുത്തി ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തമെന്ന് ആവശ്യപ്പെടുകയുണ്ടായി. ബഹു. ജോർജ്ജ് സാറിനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ ഒരു രേഖയാക്കി പ്രസിദ്ധീകരിച്ചാൽ വരുംതലമുറകൾക്കും അത് ഒരു പ്രചോദമാകുവാൻ, ഉപകരിക്കുമെന്നതിനാൽ ശ്രമകരമായ ഈ ഉദ്യമത്തിന്, ഞങ്ങൾ മുതിരുകയാണ്. കുറവുകൾ ധാരാളം ഉണ്ടാകാം, സദയം ക്ഷമിക്കുക. ഞങ്ങളുടെ പ്രിയ സഹോദരന്റെ 41 -ാം ചരമദിനത്തോടനുബന്ധിച്ച് അദ്ദേഹത്തെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന സകലരുടെയും ആഗ്രഹസാഫല്യമായി ഞങ്ങൾ ഈ സ്മരണിക ഏവരുടേയും മുൻപാകെ അവതരിപ്പിക്കട്ടെ.

ആവശ്യപ്പെട്ടപ്പോൾ, വളരെ സന്തോഷത്തോടെ സ്മരണകൾ എഴുതി തന്ന അഭിവന്ദ്യ പിതാക്കന്മാർക്കും വൈദിക ശ്രേഷ്ടർക്കും ബഹു. സിസ്റ്റേഴ്സിനും അത്മായ നേതാക്കൾക്കും സുഹൃത്തുക്കൾക്കും സ്നേഹനിർഭരമായ നന്ദി............ഇതിന്റെ മുദ്രണം സമയബന്ധിതമായും മനോഹരമായും നിർവഹിച്ച തിരുവല്ല സെന്റ് ജോസഫ് പ്രസ്സിലെ ജീവനക്കാർക്ക് ആത്മാർത്ഥമായ നന്ദി.............

ഞങ്ങളുടെ പ്രിയ സഹോദരന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**ഫാ. ജോൺ ഇരുമേട**

*follow us on facebook*

Footprints of V. George Erumeda-Diligent Son of the Church ( www.facebook.com/v.george.erumeda)

www.malankaralibrary.com



പുതുശ്ശേരി എം.ജി.ഡി. ഹൈസ്കൂളിൽ പൊതുദർശനത്തിന് വച്ചപ്പോൾ



ദേവാലയത്തിലേക്കുള്ള വിലാപയാത്ര

www.malankaralibrary.com



ദേവാലയത്തിൽ

# ഗുരുശ്രേഷ്ഠൻ ജോർജ് ഇരുമേടയ്ക്ക് അന്ത്യാഞ്ജലി

**മല്ലപ്പള്ളി:** കഴിഞ്ഞദിവസം നിര്യാതനായ പ്രമുഖ അധ്യാപകനും മലങ്കര കത്തോലിക്കാ സഭ ബാർ ഈത്തോ കാസിറോ (ഉത്സാഹപുത്രൻ) പദവി നൽകി ആദരിച്ചിരുന്നതുമായ വി. ജോർജ് ഇരുമേടയുടെ (89) സംസ്കാരം ഇന്നലെ നടന്നു.

മല്ലപ്പള്ളി ചെങ്ങരൂർ സെന്റ് ജോർജ് കത്തോലിക്കാ പള്ളിയിൽ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. ആർച്ച് ബിഷപ് ഡോ.തോമസ് മാർ കൂറിലോസ്, ബിഷപ് ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവരും നിരവധി വൈദികശ്രേഷ്ഠരും സഹകാർമികരായിരുന്നു. നേരത്തെ ബത്തേരി രൂപതാധ്യക്ഷൻ ഡോ.ജോസഫ് മാർ തോമസ്, മാവേലിക്കര രൂപതാധ്യക്ഷൻ ഡോ.ജോഷ്വ മാർ ഇഗ്നാത്തിയോസ്, ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തമാരായ ഡോ.യാക്കോബ് മാർ ഐറേനിയോസ് (കൊച്ചി), ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് (നിരണം), ദീപിക സിഎംഡി മോൺ.മാത്യു എം.ചാലിൽ, ചീഫ് എഡിറ്റർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, സിഇഒ ഫാ.ചെറിയാൻ താഴമൺ, പത്തനംതിട്ട രൂപത മുഖ്യവികാരി ജനറാൾ മോൺ.ജോസ് ചാമക്കാലായിൽ കോർ എപ്പിസ്കോപ്പ, ആന്റോ ആന്റണി എംപി, മാത്യു ടി. തോമസ് എംഎൽഎ തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു.

www.malankaralibrary.com

## ഗുരുശ്രേഷ്ഠൻ വി. ജോർജ് ഇരുമേട ഓർമയായി

**മല്ലപ്പള്ളി:** തലമുറകൾക്ക് അക്ഷരദീപം പകർന്ന അധ്യാപകശ്രേഷ്ഠൻ വി. ജോർജ് ഇരുമേട (89) ഓർമയായി. ആധ്യാത്മിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിലെ ഒട്ടേറെ പ്രഗത്ഭരുടെ ഗുരുഭൂതനായ ജോർജ് ഇരുമേട 40 വർഷം വിവിധ സ്ഥാപനങ്ങളിൽ അധ്യാപകനായിരുന്നു. സഭാ സാമുദായിക രംഗങ്ങളിൽ അർപ്പിച്ച ശുശ്രൂഷകളെ മാനിച്ചു മലങ്കര കത്തോലിക്കാ സഭ സുനഹദോസ് ബാർ ഈത്തോകാസിറാ (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന പദവി നൽകി ആദരിച്ചിരുന്നു.

പുതുശേരി എംജിഡി ഹൈസ്കൂൾ, വാഴൂർ സെന്റ് പോൾസ് ഹൈസ്കൂൾ, കുണ്ടറ എംജിഡി ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ, കോട്ടയം ഗിരിദീപം ഹൈസ്കൂൾ പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. സാംബിയയിലെ ചിലുബല ജിഎച്ച്എസ് സയൻസ് ഡിപ്പാർട്ട്മെന്റ് വകുപ്പ് മേധാവിയായി ആറു വർഷം പ്രവർത്തിച്ചിട്ടുണ്ട്.



കെസിഎസ്എൽ സംസ്ഥാന ജനറൽ സെക്രട്ടറി, നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റി പ്രഥമ കൺവീനർ, തിരുവല്ല അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗം, ചെങ്ങരൂർ സെന്റ് ജോർജ് ഇടവക സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, ലീജിയൻ ഓഫ് മേരി പ്രസിഡന്റ് തുടങ്ങി ആധ്യാത്മിക രംഗങ്ങളിൽ ഇദ്ദേഹം സജീവമായി പ്രവർത്തിച്ചു. മതബോധനരംഗത്ത് 50 വർഷത്തിലേറെ പ്രവർത്തിച്ചതിനു സഭയുടെ പ്രത്യേകം ആദരവ് നേടി. ചങ്ങനാശേരി സെന്റ് പോൾസ് കോളജ് ഫോർ എൻട്രൻസ് എക്സാമിനേഷൻസ് ഡയറക്ടറായിരുന്നു.

ചെങ്ങരൂർ ഇരുമേട റിട്ടയേഡ് ഹെഡ്മാസ്റ്റർ പരേതനായ സിവി വർഗീസിന്റെയും ശോശാമ്മയുടെയും പുത്രനായി 1926 ജൂൺ 29നു ജനിച്ചു. കുന്നന്താനം ഗവ. യുപിഎസ്, പുതുശേരി എംഡിഡി യുപിഎസ്, സിഎംഎസ് എച്ച്എസ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം തേവര എസ് എച്ച് കോളജിന്റെ ആദ്യ ബാച്ചിൽ ബിരുദവും ചങ്ങനാശേരി എൻഎസ്എസ് ട്രെയിനിംഗ് കോളജിൽനിന്നു ബിഎഡും നേടി. ദീപികയുടെ മല്ലപ്പള്ളി ലേഖകനായി പത്തു വർഷം പ്രവർത്തിച്ചിട്ടുണ്ട്.

മെത്രാപ്പോലീത്താമാരായ യാക്കോബ് മാർ ഐറേനിയോസ്, സഖറിയാസ് മാർ തെയോഫിലോസ്, ഏബ്രഹാം മാർ യൂലിയോസ്, ആയൂബ് മാർ സിൽവാനിയോസ്, യൂഹനോൻ മാർ ക്രിസോസ്റ്റമോസ്, മുൻ എംഎൽഎ ജോസഫ് എം പുതുശേരി തുടങ്ങി ഒട്ടേറെ പ്രമുഖർ ജോർജ് ഇരുമേടയുടെ ശിഷ്യഗണങ്ങളിൽ ഉൾപ്പെടുന്നു.

# ജോർജ് ഇരുമേട യാത്രയായി; പരിസ്ഥിതിയെ സ്നേഹിച്ച് മതിയാകാതെ

**ചെങ്ങരൂർ •** സാമൂഹിക സേവനവും പരിസ്ഥിതി സ്നേഹവും ബാക്കിവച്ച് വി. ജോർജ് ഇരുമേട യാത്രയാകുന്നു. നാലു പതിറ്റാണ്ടു നീണ്ട അധ്യാപനത്തിൽ തലമുറകൾക്ക് അക്ഷരങ്ങളുടെ വഴി തുറന്നുകൊടുത്താണ് ഈ ഗുരുശ്രേഷ്ഠൻ യാത്രയാകുന്നത്.

അരനൂറ്റാണ്ടുകാലം വിവിധ സാമൂഹിക, സേവന സംഘടനകളിൽ പ്രവർത്തിച്ചു. പുതുശേരി എംജിഡി, വാഴൂർ സെന്റ് പോൾസ്, കുണ്ടറ എംജിഡി എന്നീ സ്കൂളുകളിൽ പ്രഥമാധ്യാപകനായിരുന്നു. കോട്ടയം ഗിരിദീപം ഹൈസ്കൂൾ പ്രിൻസിപ്പലായും പ്രവർത്തിച്ചു. സഭാ - സമുദായിക നേതാക്കളും ജനപ്രതിനിധികളും വി. ജോർജിന്റെ ശിഷ്യഗണത്തിൽപ്പെടുന്നു. പുതുശേരിയിൽ അഞ്ചിലവ് മരങ്ങൾ വീണ്ടു നട്ടത് ഇദ്ദേഹമാണ്.

സഭാ മേഖലയിലും സജീവ സാന്നിധ്യമായിരുന്നു. നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റിയുടെ പ്രഥമ കൺവീനറായിരുന്നു. മത ബോധന രംഗത്ത് 50 വർഷത്തോളം പ്രവർത്തിച്ചു.

മലങ്കര കത്തോലിക്കാ സഭ സുനഹദോസ് ബാർ ഈത്തോകാസിറോ (സഭയുടെ ഉൽസാഹിയായ പുത്രൻ) പദവി നൽകി ആദരിച്ചിരുന്നു.

www.malankaralibrary.com

# MILESTONES IN THE LIFE OF SRI V. GEORGE

| | |
|---|---|
| 1926 | Born on June 29, 1926 as eldest child of C.V. Varghese & Sosamma Varghese, Erumeda, Chengaroor |

## Academic Milestones

| | |
|---|---|
| 1931 -1944 | Education at Kunnamthanam LPS, Thuruthickadu UPS, MGD UPS Puthusserry, CMS High School-, Mallapally. |
| 1949 | Graduated in B.Sc. Chemistry from S.H. College, Thevara Cochin. |
| 1949 | Started teaching at MGD High School, Puthusserry Tiruvalla |
| 1955 -1956 | B.T. Course at NSS Teacher Training College, Changanacherry - Kottayam |
| 1965 1972 | Headmaster, St. Paul's High School, Vazhoor - Kottayam |
| 1964 | Organized Nehru Science Exhibition at Puthusserry |
| 1965 1972 | First Headmaster of St. Paul's High School, Vazhoor - Kottayam |
| 1972-73 | Headmaster, MGD High School, Puthusserry |
| 1973 -1979 | HOD Science Department Chilubula GHS, Kasama, Zambia |
| 1979 -81 | Headmaster, MGD HS, Kundara Kollam,; Retired in May 1981 |
| 1981-82 | Principal, Girideepam High School, Kalathipady Kottayam |
| 1982 -1999 | Founded and run St. Paul's College for Entrance Examinations Changanacherry Kottayam |

## Socio-Cultural Milestones

| | |
|---|---|
| 1950 -1960 | President Ekaloka Balagama Sakyam, Chengaroor - Mallapally |
| 1950-1959 | Served as Deepika newspaper's Local Reporter- Mallapally |
| 1952 -1958 | Secretary, Legion of Mary |
| 1955 -1958 | Secretary, Indian National Congress Kalloopara Panchayat |
| 1952 -1961 | General Secretary, President Kerala Catholic Student's League (KCSL) |
| 1956 | Married Thankammma Zacharia, Kochukottarathil Kallisserry |
| 1956 -1960 | Bharat Scouts District Secretary, Kanjirapally - Kottayam |
| 1960 -1964 | Kerala Catholic Teachers' Guild Committee Member |
| 1963 | Organized Kalloopara Ecumenical Convention with participation of 22 Bishops |
| 1972 | Organized pilgrimage to all 71/2 Churches built by St. Thomas |
| 1972 -1984 | Convener Secretary 71/2 Church Nilackal St. Thomas Christava Samiti |
| 1988 | Pilgrimage to Vatican City |
| 2006 | Celebrated 80th birthday |
| 2006 | Received Kerala Jubilee Best Citizen Award of Kalloopara Panchayat for contribution to environmental causes |
| 2008 | November 15 -Bestowed 'Bar Itho Khasiro'- (Diligent Son of the Church) prestigious Lay Honour of the Malankara Catholic Church. |
| 2008 | November 22 Thanksgiving celebrations on bestowal of 'Bar Ittho 'Khasiro' |

www.malankaralibrary.com



നവ വൈദീകനായ സഹോദരനോടും മാതാപിതാക്കളോടുമൊപ്പം
1969-ൽ എടുത്ത കുടുംബഫോട്ടോ



50-ാം വിവാഹവാർഷികാഘോഷവേളയിൽ മക്കളോടും കൊച്ചുമക്കളോടുമൊപ്പം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

